ܩܠܐ ܕ ܡܕܢܚܐ

# പൗരസ്ത്യനാദം

Pourasthyanadham September 2022



## വിശുദ്ധ സ്ലീവാ തിരുന്നാൾ ആശംസകൾ

Printed & Published by Sri. C.L. Tenny on behalf of Board of Central Trustees, Chaldean Syrian Church of the East.680 001.
Printed at Mar Narsai Press, Mar Timotheus High Road, Thrissur-1. Ph: 2420331
Email: pourasthyanadham@gmail.com Edited by Fr. Jos Jacob Vengassary
RNI. No. KERMAL/1999/00897 Posted at Trichur R.M.S.
Date of Publishing - 15th September - 2022. Rs.10/- Volume : 70 Issue : 09 Pages: 60

ഒറ്റ പ്രതി 10 രൂപ വരിസംഖ്യ 120 രൂപ

Patron
H.G. Dr. Mar Aprem

Editor
**Fr. Jos Jacob Vengassary**
**9495712693**

Sub. Editors
Fr. Lijo Rapheal
Fr. Sijo Johny
Abimalek Thattil

Printed & Published by
C.L. Tenny
for The Board of Central Trustees,
Chaldean Syrian Church

Managing Committee
*President*
Abi J. Ponmannessery
9447829220
*Secretary*
Jimreeves Solomon
8078146117
Members
Joshy Antony (Vice President)
Baiju Francis
Leo Paul
Davis Mangan
Thomas Mampilly
A.M. Antony (Chairman)
Jacob Baby (Vice Chairman)

**മാസിക തപാലിൽ ലഭിക്കാൻ :**
പൗരസ്ത്യനാദം
c/o കേന്ദ്രമന്ദിരം, ദി ബോർഡ്
ഓഫ് സെൻട്രൽ ട്രസ്റ്റീസ്
മാർ തിമൊഥെയൂസ് ഹൈറോഡ്
തൃശ്ശൂർ, കേരളം - 680 001
ഫോൺ: 0487 2424222
E mail: pourasthyanadham@gmail.com
Account Details:
Voice of the East,
Bank: SIB - Highroad Branch
A/c No. 0086053000004085
IFSC Code: SIBL0000086

# പൗരസ്ത്യനാദം

A SOCIO RELIGIOUS MONTHLY
പുസ്തകം 70 ലക്കം 09 സെപ്തംബർ 2022

Printed & Published by Sri. C.L. Tenny on behalf of Board of Central Trustees,
Chaldean Syrian Church of the East.680 001.
Printed at Mar Narsai Press, Mar Timotheus High Road, Thrissur-1. Ph: 2420331
Email: pourasthyanadham@gmail.com Edited by Fr. Jos Jacob Vengassary

RNI. No. KERMAL/1999/00897 Posted at Trichur R.M.S.
Date of Publishing - 15th September - 2022. Rs.10/- Volume : 70 Issue : 09 Pages: 60

## ഉള്ളടക്കം

03 പത്രാധിപകുറിപ്പ്
04 പ്രതിമാസചിന്തകൾ
05 From the Chairman's desk
07 പുതിയ വാഗ്ദാനം.. ഫാ. പി.കെ. വർഗീസ്
10 സത്യാന്വേഷണ ചരിത്രം . ഡോ. കെ.എം. ഫ്രാൻസിസ്.
13 ദൈവമായുള്ള കൂട്ടായ്മ... കെ.എം. വാറുണ്ണി മർത്താഭവനം
15 "ഒരാളെ എങ്ങനെ വിശ്വസിക്കാം?" കൊച്ചുമോൾ ബേബി
18 കുട്ടികളുടെ ബൈബിൾ
43 പദപ്രശനം
44 വാർത്തകൾ വിശേഷങ്ങൾ
48 സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ... ബേബി ജോസ്
49 ഗിരിപ്രഭാഷണം... ബാബു ഡി. പോൾ
52 ഇങ്ങനെയൊക്കയും ചിന്തിക്കാം ... ശാമുവേൽ
53-57 സ്ഥിരം പംക്തികൾ
58 വിവാഹവേദി

**സഭയുടെ പുതിയ പാത്രിയാർക്ക ആസ്ഥാനം**



# പത്രാധിപക്കുറിപ്പ്



നമ്മുടെ സഭയുടെ സുൻഹാദോസ് ഈ മാസം 14-ാം തിയ്യതി മുതൽ 19-ാം തിയ്യതി വരെ നടക്കുകയാണല്ലോ. നമ്മുടെ സഭാ പിതാക്കന്മാർ ശ്ലൈഹിക പാമ്പര്യത്തിന്റെ തുടർച്ചയായി സഭയുടെ വിശ്വാസ പാരമ്പര്യങ്ങളെക്കുറിച്ച് പരിശുദ്ധാത്മ നിശ്വാസത്താൽ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് കാലാകാലങ്ങളിൽ കൂടുന്ന സുൻഹാദോസുകളിൽ കൂടെയാണല്ലോ. ഇറാക്കിലെ എർബിലിൽ പുതുതായി പണി തീർത്ത പാതൃയാർക്കാ ആസ്ഥാനത്ത് പരിശുദ്ധ മാറൻ മാർ ആവാ റോയൽ മൂന്നാമൻ പാതൃയർക്കീസ് ബാവ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ഈ സുൻഹാദോസും സുഗമമായി കൂടുന്നതിന് സർവ്വശക്തൻ തുണയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇന്നും ഇറാക്കിൽ പലയിടത്തും അയൽ രാജ്യങ്ങളിലും വളരെ പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് അന്താരാഷ്ട്ര വാർത്തകൾ സ്ഥിരം നിരീക്ഷിക്കുന്നവർക്ക് അറിവുള്ള കാര്യമാണ്. എന്നാൽ താരതമ്യേന സുരക്ഷിതമായ ഇടത്താണ് ഈയടുത്ത് പണിതീർത്ത പാതൃയാർക്കാ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. എങ്കിലും, ഇറാക്കിലും സമീപ പ്രദേശങ്ങളിലും വസിക്കുന്ന നമ്മുടെ സഭാംഗങ്ങളുടെ പ്രതിസന്ധികൾ നിറഞ്ഞ സാഹചര്യം സുൻഹാദോസിന്റെ പരിഗണനക്ക് തീർച്ചയായും അർഹമാണ്. അവരുടെ ഉന്നമനത്തിനും, ബലാൽക്കാരത്താൽ പിടിച്ചുകൊണ്ട് പോകപ്പെട്ടവരുടെ വിടുതലിനും മറ്റും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സുൻഹാദോസ് തീർച്ചയായും പരിഗണിക്കും എന്ന് വിശ്വസിക്കുന്നു. താരതമ്യേന സുരക്ഷിതമായ ഇടങ്ങളിൽ വസിക്കുന്ന നമുക്ക് അവർ നേരിടുന്ന അവസ്ഥയെ ഊഹിക്കുന്നതിനുപോലും ഒരു പക്ഷേ സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. ഈ വിഷയത്തിലും, മറ്റു പ്രധാനപ്പെട്ട വിഷയങ്ങളിലും സുൻഹാദോസ് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സഭാ പിതാക്കന്മാരെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നയിക്കട്ടെ എന്ന് ദൈവത്തോട് അപേക്ഷിക്കുന്നു. ഇന്ത്യയിലെ നമ്മുടെ മൂന്നു തിരുമേനിമാരും ഇത്തവണത്തെ സുൻഹാദോസിൽ പങ്കെടുക്കുന്നുണ്ട്. അഭിവന്ദ്യ തിരുമേനിമാരുടെ യാത്രയിലും, അവിടെ സംബന്ധിക്കുന്ന ദിനങ്ങളിലും കർത്താവിന്റെ നടത്തിപ്പ് കൂടെയിരിക്കട്ടെ.

ഈ സുൻഹാദോസിന് തൊട്ടുമുമ്പായി തെക്കേ ജർമ്മനിയിലെ ബാദൻ വ്യൂർറ്റംബെർഗ് സംസ്ഥാനത്തിലെ കാൾസ് റൂഹെയിൻ ആഗസ്റ്റ് 31 മുതൽ സെപ്തംബർ 8 വരെ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (അഖില ലോക സഭാകൗൺസിൽ) പതിനൊന്നാമത് പൊതുസമ്മേളനം നടന്നു. റോമൻ കത്തോലിക്ക സഭ ഒഴികെയുള്ള ലോകത്തിലെ വിവിധ സഭകൾക്ക് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ്സിൽ അംഗത്വമുണ്ട്. നമ്മുടെ സഭ, യൂറോപ്പിലെ വിവിധ ഓർത്തഡോക്സ് സഭകൾ, മറ്റു രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകൾ, ആംഗ്ലിക്കൻ സഭ, കേരളത്തിലെ ഓർത്തഡോക്സ്, യാക്കോബായ, മർത്തോമ്മ, സി.എസ്.ഐ, കൂടാതെ മറ്റു ഇവാൻജലിക്കൽ സഭകൾ എന്നിങ്ങനെ 349 സഭാ വിഭാഗങ്ങളിൽ നിന്നും ഏകദേശം നാലായിരത്തിലധികം പ്രതിനിധികൾ സംബന്ധിക്കുന്ന ഒരു മഹാസമ്മേളനമാണ് ഈ വർഷത്തേത്. ഈ വർഷത്തെ മഹാസമ്മേളനത്തിൽ നമ്മുടെ സഭയിൽ നിന്ന് അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ തിരുമേനിയടക്കം നാലു തിരുമേനിമാരും, ഒരു കോർ എപ്പിസ്കോപ്പയും പങ്കെടുക്കുകയുണ്ടായി.

# തിരുമേനിയുടെ പ്രതിമാസ ചിന്തകൾ



## ഗൾഫ് ഇടവക

നമ്മുടെ ഗൾഫ് ഇടവകക്കാർ എനിക്ക് അമ്പതിനായിരം രൂപയുടെ ഒരു അവാർഡ് നൽകുവാൻ തീരുമാനിച്ചതിൽ സന്തോഷമുണ്ട്. ഒരിക്കൽ ഇംഗ്ലണ്ടിലെ കുർബ്ബാന കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങുമ്പോൾ എനിക്ക് ഒരു ആശയം തോന്നി. നാട്ടിലേക്കുള്ള യാത്രാമദ്ധ്യേ ഗൾഫിൽ ഇറങ്ങുമ്പോൾ രണ്ട് ദിവസം താമസിച്ച് അവിടെയുള്ള നമ്മുടെ സഭയിലെ അംഗങ്ങളെ സംഘടിപ്പിച്ച് ഒരു ഗൾഫ് ഇടവക തുടങ്ങണം. അതിനായി ഇംഗ്ലണ്ടിലെ ഏതെങ്കിലും ഒരു ശമ്മാശനെ എന്റെ കൂടെ കൊണ്ടുവരാം എന്ന് വിചാരിച്ചു. പക്ഷെ ഇംഗ്ലണ്ടിലെ ശമ്മാശന്മാരെല്ലാവരും പലവിധ അസൗകര്യങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറി.

നാട്ടിൽ നിന്ന് ഒരു വൈദികനെ ഗൾഫിലേക്ക് അയക്കുവാൻ ഏർപ്പാടു ചെയ്തു. പിന്നെ ഒരു സ്ഥലം കണ്ടെത്തണം. മർത്തോമക്കാരോട് ചോദിച്ചാൽ ദുബായിയിൽ എനിക്ക് ഒരു കുർബ്ബാന ചൊല്ലാം. നാട്ടിൽ നിന്ന് മഠത്തുംപടി അച്ചനെ കൊണ്ട് വന്ന് എല്ലാ കുടുംബാംഗങ്ങളെയും കൂട്ടി ഞാൻ ആദ്യമായി ദുബായയിൽ ഒരു കുർബ്ബാന ചൊല്ലി. മർത്തോമ പള്ളിക്കാർ വേണ്ട സൗകര്യങ്ങൾ ചെയ്തുതന്നു. അവരുടെ സൺഡെ സ്കൂൾ കുട്ടികളെ അന്ന് അവർ പിക്നിക്കിന് പറഞ്ഞയച്ചു. അങ്ങനെയാണ് എനിക്ക് കുർബ്ബാന ചൊല്ലുവാൻ സ്ഥലം കിട്ടിയത്.

---

റോമൻ കത്തോലിക്ക സഭ ഔദ്യോഗികമായി അംഗമല്ല എങ്കിലും സഭയുടെ പ്രതിനിധികളെ ക്രിസ്തീയ സഭകളുടെ ഈ മഹാസമ്മേളനത്തിലേക്ക് അയക്കുന്നുണ്ട്. 110 രാജ്യങ്ങളിലുള്ള ഏകദേശം അൻപത് കോടി ജനങ്ങൾ വിശ്വാസികളായിട്ടുള്ള സഭകളുടെ കൂട്ടായ്മയാണ് ഈ പ്രസ്ഥാനം. ഇതിന് ഔദ്യോഗികമായി പ്രത്യേകിച്ച് ഒരു ഹെഡ്ഓഫീസില്ലെങ്കിലും, ഭരണകാര്യങ്ങൾക്കായി സ്വിറ്റ്സർലണ്ടിലെ ജനീവയിലുള്ള എക്യുമെനിക്കൽ സെന്ററിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. പ്രസിഡന്റുമാർ ഉണ്ടെങ്കിലും, ഭരണ തലവൻ ഇതിന്റെ ജനറൽ സെക്രട്ടറിയാണ്. ഇതിന്റെ കീഴിൽ വിവിധ കമ്മീഷനുകൾ വിവിധ രാജ്യങ്ങളിലുള്ള നാഷണൽ കൗൺസിലുകളുടെയും മറ്റു സമാന പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്നു.

തിരുവെഴുത്തുപ്രകാരം യേശുക്രിസ്തുവിനെ ദൈവവും രക്ഷിതാവുമായി ഏറ്റുപറയുന്ന, ത്രിയേക ദൈവനാമ മഹത്വത്തിനായി ദൈവവിളിക്ക് യോഗ്യമായി പ്രവർത്തിക്കുന്ന സഭകളുടെ ഒരു ഐക്യ കൂട്ടായ്മയാണ് ഈ പ്രസ്ഥാനം.

ഏഴോ, എട്ടോ വർഷങ്ങൾ കൂടുമ്പോഴാണ് അതിന്റെ മഹാസമ്മേളനങ്ങൾ വിവിധ രാജ്യങ്ങളിൽ നടത്തപ്പെടുന്നത്. 1961-ൽ മൂന്നാമത്തെ മഹാസമ്മേളനം ന്യൂഡെൽഹിയിൽവെച്ച് നടത്തപ്പെടുകയുണ്ടായി. ഓരോ മഹാസമ്മേളനത്തിനും ഒരു പ്രധാന വിഷയം ഉണ്ടായിരിക്കും. ഈ വിഷയത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും സമ്മേളനത്തിന്റെ വിവിധ സെഷനുകളും, ചർച്ചകളും നടക്കുക. ഈ വർഷത്തെ വിഷയം "യേശുക്രിസ്തുവിന്റെ സ്നേഹം ലോകത്തെ തമ്മിൽ നിരക്കുന്നതിലേക്കും ഐക്യത്തിലേക്കും നയിക്കുന്നു" എന്നതാണ്. യുദ്ധ ഭീഷണിയിലേക്കും, അസമത്വത്തിലേക്കും, പാരിസ്ഥിക അസന്തുലിതാവസ്ഥയിലേക്കും തെന്നിമാറിക്കൊണ്ടിരിക്കുന്ന ലോകത്തിന് ഈ സമ്മേളനം നല്ല സന്ദേശം പകരട്ടെയെന്ന് പ്രത്യാശിക്കുന്നു. ●



# ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ്

THE CHAIRMAN'S DESK

എ.എം. ആന്റണി

**സഭാവിശ്വാസികളെ,**

നിങ്ങൾക്കേവർക്കും എന്റെയും ട്രസ്റ്റി ബോർഡിന്റേയും ഓണാശംസകൾ ആദ്യമേ അറിയിക്കട്ടെ. ഈ ഓണക്കാലം എല്ലാവർക്കും ഐശ്വര്യവും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ എന്നും ആശംസിക്കുന്നു.

നമ്മുടെ സഭയുടെ ആഗോള സുൻഹാദോസ് ഈ വരുന്ന സെപ്തംബർ 14 മുതൽ 19 വരെ എർബിലിൽ വെച്ച് നടക്കുന്നതാണ്. നമ്മുടെ തിരുമേനിമാർ മൂന്നുപേരും സുൻഹാദോസിൽ പങ്കെടുക്കുന്നുണ്ട്. സുൻഹാദോസിന്റെ സുഗമമായ നടത്തിപ്പിനും പങ്കെടുക്കുന്ന അഭിവന്ദ്യരായ എല്ലാ തിരുമേനിമാരുടെയും ആരോഗ്യത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ജർമ്മനിയിലെ കാൾസ് റൂഹെയിൻ വെച്ച് നടത്തപ്പെടുന്ന 11 -ാമത് ഡബ്ല്യൂ.സി.സി അസംബ്ലിയിൽ ഇന്ത്യൻ സഭയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിന് പാട്രിയാർക്കൽ അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്ക്കോപ്പ 29.08.2022 ന് ഇവിടെ നിന്നും യാത്രതിരിച്ചിട്ടുണ്ട്. 09.09.2022 ന് അദ്ദേഹം തിരിച്ചെത്തുന്നതാണ്.

---

അവിടെ ഒരു ഇടവക ഉണ്ടാക്കാമെന്ന് ഒരു പ്ലാൻ മനസ്സിൽ വന്നു. ഇന്ന് ഗൾഫിൽ നമുക്ക് ഒരു ഇടവകയായി. സ്വന്തം പള്ളി ഇല്ലെങ്കിലും നമുക്ക് എല്ലാ ആഴ്ചകളിലും കുർബ്ബാന ഉള്ള ഒരു ഇടവകയായി അതു വളർന്നു.

ഗൾഫ് ഇടവകക്കാർ എനിക്ക് അവാർഡ് തരുവാൻ തീരുമാനിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. അവർക്കുവേണ്ടി ഞാൻ ചെയ്തതിന് ഉള്ള പ്രതിഫലം ആയി തോന്നി. പ്രതിഫലത്തിനു വേണ്ടിയല്ല ഞാൻ ഗൾഫ് ഇടവക തുടങ്ങിയത്. എങ്കിലും അവർ അവാർഡ് തരുവാൻ തീരുമാനിച്ചപ്പോൾ അവരോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുകയാണ്. ചെറുതെങ്കിലും ഗൾഫ് ഇടവക നമ്മുടെ സഭയുടെ അഭിമാനമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഗൾഫ് ഇടവക ഇങ്ങനെ ഒരു പുരസ്കാരം തരുമെന്ന് ഒട്ടും പ്രതീക്ഷിക്കാതിരുന്നതുകൊണ്ട് ഈ മാസത്തിലെ പ്രതിമാസചിന്തകളിൽ ആ ചെറിയ ഇടവകയെപ്പറ്റി ഇത്രയും എഴുതിയെന്നുമാത്രം.

നമ്മുടെ സഭയുടെ സുൻഹാദോസിന് പോകുവാൻ ഞാൻ ഒരുങ്ങുകയാണ്. എനിക്ക് 82 വയസ്സ് കഴിഞ്ഞു എന്ന് ഞാൻ മറക്കുകയില്ല. ആരോഗ്യം ഉള്ളിടത്തോളം കാലം സഭക്കുവേണ്ടി പ്രവർത്തിക്കണമെന്ന് പ്രതിജ്ഞ ചെയ്തിട്ടിള്ളതുകൊണ്ടാണ് ഇങ്ങനെ പോകുന്നത്. യാത്രകൾ ബുദ്ധിമുട്ടുകൾ ഉള്ളതാണെന്ന് എനിക്ക് അറിയാം. എങ്കിലും ആരോഗ്യം ദൈവം തരുമെന്ന വിശ്വാസം കൊണ്ടാണ് പോകുന്നത്. യാത്രക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.

സെപ്തംബർ 14 മുതൽ 19 വരെ എർബിലിൽ നമ്മുടെ സഭയുടെ ആസ്ഥാനത്ത് നടക്കുന്ന സുൻഹാദോസിന് വേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. നമ്മുടെ പുരാതന സഭയുടെ അഭിവൃദ്ധിക്ക് ആവശ്യമായ തീരുമാനങ്ങൾ ചെയ്യുവാൻ ഈ സുൻഹാദോസിന് സാധിക്കട്ടെ. എന്നെ കൂടാതെ നമ്മുടെ രണ്ടു എപ്പിസ്കോപ്പമാരും ഇതിൽ സംബന്ധിക്കുന്നുണ്ട്. മാർ യോഹന്നാൻ എപ്പിസ്കോപ്പക്ക് ശാരീരിക പ്രശ്നങ്ങൾ ഉണ്ടെന്ന് അറിയാമല്ലോ സുൻഹാദോസിന് പോകുന്ന മൂന്ന് തിരുമേനിമാരുടെയും ആരോഗ്യത്തിനു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.

കർത്താവിൽ നിങ്ങളുടെ

തൃശ്ശൂർ
06/09/2022

ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത

നമ്മുടെ സഭയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന **20 വയസ്സ് മുതൽ 50 വയസ്സ് വരെയുള്ള സ്ത്രീകൾക്ക്** സ്വയം തൊഴിലിലൂടെ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് വേണ്ടി '**സ്ത്രീ സംരംഭകത്വ പദ്ധതി**' - **(ആശ്വാസ്)** നിലവിലുള്ളതായി ഇതിനോടകം ഏവരും അറിഞ്ഞിരിക്കുമല്ലോ. ഡി.ടി.പി, ഫോട്ടോകോപ്പി, റെഡിമെയ്ഡ് ഗാർമെന്റ്സ്, ടെയ്ലറിംഗ്, ഫുഡ് പ്രോഡക്ട്സ്, മെഴുകുതിരി നിർമ്മാണം, ഗാർഹിക പക്ഷി മൃഗാദികളുടെ വളർത്തൽ, കരകൗശലം, ജൈവപച്ചക്കറി കൃഷി എന്ന് തുടങ്ങി നിശ്ചിത വരുമാനം പ്രതീക്ഷിക്കുന്ന വിവിധ പദ്ധതികൾക്ക് **5000/- രൂപ മുതൽ 25000/- രൂപ വരെ** പലിശരഹിത വായ്പ ലഭിക്കുന്നതാണ്. **20 മാസക്കാലാവധിക്കുള്ളിൽ** പ്രസ്തുത വായ്പ തിരിച്ചടക്കേണ്ടതാണ്. കേന്ദ്ര ട്രസ്റ്റി ഓഫീസിൽ നിന്നും ആയതിനുള്ള ഫോം ലഭിക്കുന്നതാണ്. ഇതിനോടകം നമ്മുടെ സഭയിലെ പല സ്ത്രീകൾക്കും ഈ പദ്ധതിയുടെ ഭാഗമാകാൻ സാധിച്ചിട്ടുണ്ട്. വായ്പയെടുക്കുന്നവർ കൃത്യമായി തിരിച്ചടച്ചാൽ മാത്രമേ പുതിയ അപേക്ഷകർക്ക് വായ്പ കൊടുക്കുവാൻ സാധിക്കുകയുള്ളൂ. **2022 സെപ്തംബർ 30-ാം തിയ്യതി വരെ** അപേക്ഷിക്കാവുന്നതാണ്.

സഭയിലെ എച്ച്.ആർ.ഡി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വ്യക്തികളുടെ വിവരണ ശേഖരണവുമായി ബന്ധപ്പെട്ട ഒരു മാതൃകാ ഫോറം നിങ്ങളേവരുടേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും എന്ന് കരുതുന്നു. ബന്ധപ്പെട്ട പരിമിതികൾ അനുബന്ധമായി മാതൃകാഫോറത്തിൽ നൽകിയിട്ടുണ്ട്. പ്രധാനമായും നമ്മുടെ സഭയിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വ്യക്തികൾക്ക് (Differently abled) മാർഗ്ഗനിർദ്ദേശങ്ങളും വൈദ്യസഹായവും മറ്റും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചാണ് ഈ വിവരണ ശേഖരണം. മാതൃകാ ഫോറം പൂരിപ്പിച്ച് വികാരി കൈവശമോ, കേന്ദ്ര ട്രസ്റ്റി ബോർഡ് ഓഫീസിലോ 05.09.2022 നുള്ളിൽ നൽകേണ്ടതാണ്.

സഭയിൽ നിന്നും 60 വയസ്സ് കഴിഞ്ഞ നിരാലംബരായ സ്ത്രീ - പുരുഷന്മാർക്കും, വിധവകളായ സ്ത്രീകൾക്കും, വികലാംഗരായവർക്കും പെൻഷൻ നൽകി വരുന്നു. 60 വയസ്സ് കഴിഞ്ഞു എന്നുള്ളത് മാനദണ്ഡമാക്കാതെ സാമ്പത്തികമായി ദുരിതമനുഭവിക്കുന്നവർ മാത്രം ഈ അവസരം പ്രയോജനപ്പെടുത്തുക. എന്നാൽ മാത്രമേ അർഹതയുള്ള പുതിയ അപേക്ഷകർക്ക് ഈ അവസരം ലഭിക്കുകയുള്ളൂ. സഭയിൽനിന്നും ഇപ്പോൾ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു.

1) 60 വയസ്സ് കഴിഞ്ഞ നിരാലംബരായ പുരുഷന്മാർ - 87

2) 60 വയസ്സ് കഴിഞ്ഞ നിരാലംബരായ സ്ത്രീകൾ - വിധവകകൾ - 148

3) വികലാംഗർ - 39

ആകെ 274 പേർ X 1000/ = 274000/

കൂടാതെ സഭയുടെ കീഴിലുള്ള കാൽഡിയൻ ചാരിറ്റബിൾ ഫണ്ട് കമ്മിറ്റി ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. സഭയിലെ വിവിധ ഇടവകകളിൽപ്പെട്ട പാവപ്പെട്ടവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വ്യക്തികൾക്ക് വൈദ്യസഹായം, മക്കളുടെ പഠനം, മക്കളുടെ വിവാഹം, വീടിന്റെ അറ്റകുറ്റപണികൾ, നിർമ്മാണം എന്നിവക്കും കുന്നത്തുങ്കര മാർ തിമോഥെയൂസ് മെമ്മോറിയൽ ഹോസ്പിറ്റലിലേക്ക് ഡയാലിസിസിന്റെ ആവശ്യത്തിനും സഹായം നൽകി വരുന്നു. 2022 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ചാരിറ്റി കൊടുത്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1. വൈദ്യസഹായം - 4,31,500/-
2. വീടിന്റെ അറ്റകുറ്റപണികൾ - 65,000/-
3. വിവാഹം - 35,000/-
4. പഠനം - 26,000/-
5. പുതിയ വീടിന്റെ നിർമ്മാണം - 80,000/-
6. കുന്നത്തുങ്കര മാർ തിമോഥെയൂസ് ഹോസ്പിറ്റൽ - 30,000/- (മാസം തോറും 10000/-)

2022 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ പെൻഷൻ ഇനത്തിൽ 13,70,000/- രൂപയും, ചാരിറ്റി ഇനത്തിൽ 6,67,500/- രൂപയും കൂടി ആകെ 20,37,500/- രൂപ നൽകിയിട്ടുണ്ട്.

സഭയുടെ ഭക്തസംഘടനയായ കേന്ദ്ര



# പുതിയ വാഗ്ദാനം

ഫാ. പി.കെ. വർഗീസ്

**ഏക ത്രിത്വ പദയെ നമഃ**

വാക്യം: **"അവർ പുനരുത്ഥാന പുത്രന്മാരാ കയാൽ ദൈവതുല്യരും ദൈവപുത്രന്മാരും ആകുന്നു"** (ലൂക്കോസ് 20:36).

I

**ഉപക്രമം**

പ്രധാന പ്രവാചകനായ മോശെ യിസ്രാ യേൽ ജനത്തിനു പ്രദാനം ചെയ്ത നിയമസം ഹിതക്ക് പഴയ നിയമം എന്നാണല്ലോ അറിയ പ്പെടുന്നത്. ആറാമായ സുറിയാനി ഭാഷയിൽ ദ്യാഥെഖി അഥിഖ്ഥ എന്നു പറയുന്നു. പഴയ ഉടമ്പടി എന്നൊ പഴയ നിയമം എന്നോ നമ്മുടെ മലയാള ഭാഷയിൽ പറയുന്നു. പ്രസ്തുത ന്യായപ്രമാണം അക്കാലത്ത് അറി യപ്പെട്ട ഏറ്റവും പരിഷ്കൃതവും ശ്രേഷ്ഠവു മായ ഒന്നായിരുന്നു.

"ഞാൻ ഇന്ന് നിങ്ങളുടെ മുമ്പിൽ വെക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠ ജാതി ഏതുള്ളൂ?" (ആവ. 4:8).

എന്നാൽ മോശയെ പോലെ ഒരു പ്രവാച കനെ ദൈവം അവരുടെ സഹോദരന്മാരിൽ നിന്ന് എഴുന്നേല്പിക്കുന്നതാകുന്നു; അവന്റെ വചനം ജനം അനുസരിക്കേണ്ടതാകുന്നുവെന്നു അദ്ദേഹം പ്രസ്താവിച്ചിരുന്നു. ആവ. 18:15 സൂഖാർ ദേശത്ത് ശമര്യ സ്ത്രീ മ്ശീഹ വരു മ്പോൾ എന്ന് പ്രസ്താവിക്കാൻ മോശെയുടെ പ്രസ്തുത പ്രവചനമായിരുന്നു ആധാരം. യിസ്രാ യേൽ ഈ മ്ശീഹായെയാണ് കാത്തിരുന്നത് (യോഹ. 4:25). യോഹന്നാൻ സ്നാപകൻ പോലും മ്ശീഹായുടെ വരവിനെ സംബന്ധിച്ച് പറയുന്നുണ്ടല്ലോ (ലൂക്ക 7:20).

**"വരുവാനുള്ളവൻ നീയോ? അല്ല. ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ"**. യേശു തന്നെ ശിഷ്യന്മാരോട് അവൻ മ്ശീഹയാകുന്നു എന്ന് പറയുന്നുണ്ട്.

**"ഞാൻ തന്നെ മ്ശീഹ എന്ന് നിങ്ങൾ അറി യേണ്ടതിനു ഞാൻ ഇപ്പോൾ അതും സംഭ വിക്കും മുമ്പെ നിങ്ങളോടു പറയുന്നു"** (യോഹ. 13:19).

II

പുതിയ നിയമത്തിനു ദിയാഥേഖെ ഹദ്ഥ എന്നു പറയുന്നു. ദിയാഥേഖെ എന്നത് മൗലിക മായി ഗ്രീക്കാകുന്നു. അതിനു കവനന്റ് (covenant) ടെസ്റ്റമെന്റ് (testament) ഉടമ്പടി നിയമം എന്നിങ്ങനെയാണർത്ഥം. അതിനോട് ചേർന്ന് വാഗ്ദാനം എന്നും അർത്ഥമുണ്ട്. മലയാള ഭാഷ യിൽ **"പുതിയ നിയമം"** എന്നാണല്ലോ പറയു

---

യൂത്ത്സ് അസ്സോസിയേഷന്റെ ആഭിമുഖ്യ ത്തിൽ സഭയിലെ വിവിധ ഇടവകകളിലെ പഠന ത്തിലും മറ്റു കലാകായിക വിഭാഗത്തിലും വിജ യിച്ച മക്കളെ ആദരിക്കുന്നതിന് ട്രയംഫന്റ്-2022 എന്ന പേരിൽ വർഷംതോറും നടത്തി വരുന്ന പരിപാടിക്ക് എല്ലാവിധ ആശംസകളും നേരുന്നു. ഈ ആദരവും അംഗീകാരവും ജീവിതത്തിൽ മുന്നേറാനുള്ള ഊർജ്ജം നൽകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം മറ്റുള്ളവർക്കും ഇത് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

സഭയുടെ മതബോധന പ്രസ്ഥാനമായ മാർ അപ്രേം സണ്ടെസ്ക്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തി വരാറുള്ള കുരുവിളച്ചൻ കലാമേള സെപ്തംബർ 18, ഒക്ടോബർ 4,5 തിയ്യതികളിൽ നടത്തുന്നതാണ്. ആയതിന് എല്ലാവിധ ആശം സകളും നേരുന്നു.

നാളിതുവരെ വൈദീകരിൽ നിന്നും സഭാമക്കളിൽ നിന്നും ലഭിച്ച എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങ ളോടൊപ്പം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കു ന്നു. ദൈവം എല്ലാവരേയും വഴിനടത്തട്ടെ. •

ന്നത്. ഈ ലേഖകൻ "**പുതിയ വാഗ്ദാനം**" എന്നത് അതിന്റെ അർത്ഥമായി കരുതുകയാണ്. യേശു ഒരു പുത്തൻ വാഗ്ദാനം നമുക്ക് തരുന്നു.

എന്താണ് ആ വാഗ്ദാനം? ദൈവവുമായുള്ള മനുഷ്യരുടെ ബന്ധം ഒരു പുതിയ വഴിയിലേക്ക് തിരിക്കുകയാണ്. പറുദീസ തോട്ടത്തിലുണ്ടായ ബന്ധം ആദ്യ ദമ്പതികൾ ലംഘിച്ചതു മൂലം, പാപം ചെയ്ക മൂലം മുറിഞ്ഞുപോയി. പുതിയ ഒരു തുടക്കത്തിന് ആദാമിനോട് ബന്ധമില്ലാത്ത ഒരു മനുഷ്യപുത്രൻ തുടക്കം കുറിക്കുകയാണ്.

"**ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണു കൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ**" (1 കൊരി. 15:47).

മണ്ണു കൊണ്ടുള്ളവരെ സ്വർഗ്ഗീയരാക്കാനുള്ള പ്രയത്നമാണ് സ്വർഗ്ഗത്തിൽ നിന്നുള്ള മനുഷ്യപുത്രന്റെ ലക്ഷ്യം. മനുഷ്യപുത്രൻ യഥാർത്ഥത്തിൽ ദൈവപുത്രനാകുന്നു. കാഴ്ച പ്രാപിച്ച പിറവിയിലേ കുരുടനോടു അതു യേശു വെളിപ്പെടുത്തുന്നു. യോഹ. 9:35-37 കാണുക. എങ്കിലും സർവ്വസാധാരണയായി മനുഷ്യപുത്രൻ എന്നാണ് കർത്താവ് തന്നെ കുറിച്ച് പറഞ്ഞത്. നാലു സുവിശേഷങ്ങളിലായി 30-ൽപരം അവസരങ്ങളിൽ പ്രസ്തുത പ്രയോഗം കാണുന്നുണ്ട്.

## III

### പാപമോചന പ്രഖ്യാപനം

ആദാമിന്റെ വംശത്തിൽപ്പെട്ടവർ സർവ്വരും പാപികളാണ്. എന്നാൽ അവരുടെ പാപം ദൈവം ഒരു ഉപാധിയും കൂടാതെ ക്ഷമിച്ചിരിക്കയാണ് അതിന്റെ ആദ്യപ്രഖ്യാപനം. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ ഇങ്ങനെ കാണാം. കഫർന്നഹൂമിൽ സ്വന്തം ഭവനത്തിലിരിക്കുമ്പോൾ പുരുഷാരം നിറഞ്ഞു നിൽക്കുമ്പോൾ ഒരു പക്ഷവാത രോഗിയെ നാലുപേർ ചുമന്നു കൊണ്ടുവന്നു. വീടിന്റെ മേൽക്കൂര മെല്ലെ പൊളിച്ചു നീക്കി രോഗിയെ കിടക്കയോടെ യേശുവിന്റെ മുമ്പാകെ ഇറക്കി കിടത്തി. അവരുടെ വിശ്വാസം കണ്ടിട്ട് യേശു ഇങ്ങനെ പറഞ്ഞു. "**മകനെ ധൈര്യമായിരിക്ക. നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു**" (മത്തായി 9:2). "**മകനേ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു**" (മർക്കോസ് 2:5).

എന്നാൽ വിശുദ്ധ ലൂക്കോസ് അതു വിശാലമാകുന്നു: "**മനുഷ്യാ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു**" (ലൂക്കോസ് 5:20).

മനുഷ്യരാശിയിലെ സ്ത്രീകളോടും പുരുഷന്മാരോടും പ്രഖ്യാപിക്കുന്ന സംഭവമായി വിശുദ്ധ ലൂക്കോസ് അതു രേഖപ്പെടുന്നു.

പക്ഷവാതക്കാരൻ അതു വിശ്വസിച്ചു; അംഗീകരിച്ചു; സ്വീകരിച്ചു. "എഴുന്നേറ്റു കിടക്ക എടുത്ത വീട്ടിലേക്ക് പോക" യേശു അവനോട് പറഞ്ഞപ്പോഴേക്കും അവൻ ശക്തി ആർജ്ജിച്ചു കഴിഞ്ഞിരുന്നു. (ലൂക്ക 5:25).

എന്നാൽ "പാപത്തിന്റെ ശമ്പളം മരണമത്രെ" (റോമ. 6;23) നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും എന്നത് ദൈവകല്പനയായിരുന്നു (ഉല്പത്തി: 2:7). അതു ആദം തിന്നു മരിച്ചു. പ്രസ്തുത ശമ്പളം അഥവാ പ്രതിഫലം കാലങ്ങളായി നരവംശം അനുഭവിച്ചുവരികയാണല്ലോ. അതിനൊരു വിരാമം ഉണ്ടാവണം, എന്നാലെ മാനവർക്കു പാപമോചനം ഉള്ളൂ. അക്കാര്യം നിർവ്വഹിക്കുവാനും കൂടെയാണ് സ്വർഗ്ഗത്തിൽ നിന്നുള്ള മനുഷ്യപുത്രൻ സൗരയൂഥത്തിലെ ധരണിയിലേക്ക് വന്നത്. അത് നിർവ്വഹിക്കാനുറച്ചതുകൊണ്ടാണ് മനുഷ്യപുത്രൻ പാപമോചനം പ്രഖ്യാപിച്ചത്.

ശിഷ്യന്മാരുമായി അവസാന അത്താഴം കഴിച്ചതിനു ശേഷം യേശു ഗെത്ശെമന തോട്ടത്തിലേക്ക് പ്രാർത്ഥിക്കുവാൻ പോയി; വി. മാർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ നിലത്തു വീണു കിടന്നു പ്രാർത്ഥിച്ചു (മാർക്കോസ് 14:35). "ഈ പാനപാത്രം എങ്കൽ നിന്ന് നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടമാക തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (ലൂക്കോസ് 22:42).

അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെയായി; അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവനു പ്രത്യക്ഷനായി (ലൂക്കോസ് 22:43). മറുരൂപ മലയിൽ പ്രാർത്ഥിക്കുമ്പോൾ മോശെയും ഏലിയാവും തേജസ്സിൽ പ്രത്യക്ഷപ്പെട്ട് യേശു

യെരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെക്കുറിച്ച് സംസാരിച്ചിരുന്നുവല്ലോ (ലൂക്കോസ് 9:28-31).

യേശു യെരുശലേമിൽ മരിക്കാനിരിക്കുന്നുവെന്ന് മൂന്ന് പ്രാവശ്യം മുൻകൂട്ടി പറയുന്നുണ്ട്.

ആദ്യത്തേത് മത്തായി 16:21.: "അന്നുമുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും വേണ്ടതു എന്ന് ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി". (ലൂക്കോസ് 9:22-27, യോഹ. 2:19).

രണ്ടാമത്തേത് മത്തായി 17: 22. "അവർ ഗലീലയിൽ സഞ്ചരിക്കുമ്പോൾ യേശു അവരോടു മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടുവാറായിരിക്കുന്നു; അവൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യു'' (മർക്കോസ് 9:30-32, ലൂക്കോസ് 9:43-45).

മൂന്നാമതായി മത്തായി 20:17-19. "നാം യെരുശലേമിലേക്ക് പോകുന്നുവല്ലോ. അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏല്പിക്കപ്പെടും. അവർ അവന് മരണശിക്ഷ കല്പിച്ച് പരിഹസിപ്പാനും തല്ലുവാനും ക്രൂശിപ്പാനും അവനെ ജാതികൾക്കു ഏല്പിക്കും. എന്നാൽ അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കും" (മാർക്കോസ് 10:32-34, ലൂക്കോസ് 18:31-34).

യേശുവിനെ ബന്ധിച്ചവർ ആദ്യം അവനെ ഹന്നാവിന്റെ അടുക്കൽ കൊണ്ടുപോയി. അദ്ദേഹം മഹാപുരോഹിതനായ കയ്യാഫാവിന്റെ അമ്മായപ്പൻ. ജനത്തിനു വേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നന്ന് എന്ന് യെഹൂദന്മാരോടു പറഞ്ഞവൻ കയ്യാഫാവു ആയിരുന്നു. ഹന്നാവിന്റെ വസതിയിൽവെച്ച് ഒരുവൻ യേശുവിന്റെ കരണത്തടിച്ചു (യോഹന്നാൻ 18:22.).

പുലർച്ചക്ക് യേശുവിനെ കയ്യാഫാവിന്റെ അടുക്കൽ നിന്ന് പീലാത്തോസിന്റെ അടുക്കൽ കൊണ്ടുപോയി. ന്യായപ്രമാണപ്രകാരം വിധിക്കാനാണ് അദ്ദേഹം നിർദ്ദേശിച്ചത്. മരണശിക്ഷയ്ക്കുള്ള അധികാരം യെഹൂദന്മാർക്കില്ലായിരുന്നു.

യേശുവിനെ ശിക്ഷിക്കാൻ പീലാത്തോസ് തയ്യാറായില്ല. ഒടുവിൽ "നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതനല്ല; തന്നെത്താൻ രാജാവാക്കുന്നവർ എല്ലാം കൈസരോടും മത്സരിക്കുന്നുവല്ലോ" (യോഹന്നാൻ 19:12.)

ഈ കാരണത്താൽ പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ വാക്കുകൊടുത്തു. യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. പത്രോസിനും (കേഫാവ്) പന്തിരുവർക്കും പ്രത്യക്ഷനായി; പിന്നീട് 500 സഹോദരന്മാർക്ക് പ്രത്യക്ഷനായി.

വിശുദ്ധ യോഹന്നാൻ സ്നാപകൻ മാനസാന്തരത്തിനുള്ള സ്നാനം പ്രസംഗിച്ചപ്പോൾ ആയിരമായിരങ്ങൾ അവന്റെ അടുക്കൽ വന്ന് സ്നാനം ഏറ്റു. എന്നാൽ യെഹൂദ സഭയിലെ മൂപ്പന്മാരും മഹാപുരോഹിതരും ശാസ്ത്രിമാരും അതു കേട്ടതായി നടിച്ചില്ല. മാനസാന്തരത്തിനുള്ള സ്നാനം സ്വീകരിച്ചില്ല. "എങ്കിലും പരീശന്മാരും ശാസ്ത്രിമാരും അവനാൽ സ്നാനം എല്ക്കാതെ ദൈവത്തിൽ ആലോചന തങ്ങൾക്ക് വ്യഥാവാക്കി കളഞ്ഞു" (ലൂക്കോസ് 7:30).

മ്ശീഹ വരുന്നു എന്ന ആശയം അഥവാ എത്ര നൂറ്റാണ്ടു ദൈവജനം കാത്തിരുന്നതാണ്. എന്നാൽ അവൻ കാലം തികഞ്ഞ് ആഗതനായപ്പോൾ നേതൃസ്ഥാനികൾ മഹാപുരോഹിതരും ശാസ്ത്രിമാരും "ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നത് നന്ന്" (യോഹന്നാൻ 11:50). എന്ന് പറഞ്ഞ് അവനെ മരത്തിൽ തറച്ച് വധിക്കാൻ വിദേശഭരണാധികാരിയെ നിർബന്ധിച്ചു.

എന്നാൽ യേശു മരിച്ച് പാപപരിഹാരം ആദാം വംശജർക്ക് നേടികൊടുത്തപ്പോൾ ആരുണ്ട് അവനെ സ്വീകരിക്കാൻ

"പാപമോചനം നൽകുവാൻ  
പാപിയെ മോക്ഷം ചേർക്കുവാൻ  
പാപഹരനാം ഈശോ  
പാരിടത്തിൽ വന്നതാൽ  
പാദത്തിൽ ചേർന്നീടുക വേഗത്തിൽ" ഗാനമാലിക 81:3.

•

# സത്യാന്വേഷണ ചരിത്രം

ഡോ. കെ.എം. ഫ്രാൻസിസ്.

മനുഷ്യന്റെ സത്യാന്വേഷണ പാതയിൽ അനേകം വ്യക്തികൾ തങ്ങളുടെ സംഭാവനകൾ നൽകിയിട്ടുണ്ട്. യൂറോപ്യൻ പാരമ്പര്യത്തിൽ സത്യാന്വേഷണ പ്രക്രിയയെ തത്വചിന്തയെന്ന് വിളിക്കുന്നു. തത്വചിന്ത എന്നത് നാമമല്ല (Noun) ക്രിയയാണ് (Verb) എന്താണ് സത്യം? സത്യം ഉണ്ടോ? സത്യം അറിയാൻ കഴിയുമോ? സത്യം അറിയുന്നതുകൊണ്ട് എന്താണ് മനുഷ്യവ്യക്തിക്കും, സമൂഹത്തിനും പ്രയോജനം? എന്നീ അനേകം ചോദ്യങ്ങൾ ഉന്നയിക്കുകയും, ഉത്തരം കണ്ടെത്താൻ പരിശ്രമിക്കുകയും ചെയ്യുന്നവരാണ് തത്വചിന്തകർ.

സത്യവും (Truth) അഭിപ്രായവും (Opinion)

തത്വചിന്തയുടെ അന്വേഷണ മേഖല യാഥാർത്ഥ്യത്തിന്റെ (Reality) സ്വഭാവത്തെ (Nature) കുറിച്ചാണ്. നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നതെല്ലാം യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യങ്ങളിൽ ഒരു യാഥാർത്ഥ്യം മാത്രമാണ് മനുഷ്യൻ. യാഥാർത്ഥ്യത്തിന്റെ സ്വഭാവമാണ് (Nature of reality) സത്യം. നാം നമ്മുടെ കൺമുന്നിൽ കാണുന്ന എല്ലാ യാഥാർത്ഥ്യങ്ങളും മാറ്റത്തിന് വിധേയമാണ്. അതുകൊണ്ട് പ്രശസ്ത ചിന്തകനായ ഹെറാക്ലിറ്റസ് ഇപ്രകാരം അഭിപ്രായപ്പെട്ടു. "മാറാത്തതായി ലോകത്തിൽ മാറ്റം മാത്രമേയുള്ളൂ'' യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഈ അഭിപ്രായമാണ് കാറൽമാക്സ് തന്റെ അടിസ്ഥാന പ്രമേയമായി അംഗീകരിച്ചത്.

എന്നാൽ മാറിക്കൊണ്ടിരിക്കുന്നത് ഒരു യാഥാർത്ഥ്യത്തിന്റെ ബാഹ്യഭാഗമാണെന്നും യാഥാർത്ഥ്യത്തിന്റെ ആന്തരീക ഭാഗം മാറ്റത്തിന് വിധേയമല്ലെന്നും പാർമനൈഡ്സ് (Parmenides) വാദിച്ചതിന് വിരുദ്ധമായാണ് ഹെറാക്ലിറ്റസ് തന്റെ പ്രമേയം ഉന്നയിക്കുന്നത്. ഉദാഹരണമായി ട്രയാഗിൾ പരിശോധിക്കുക. ഒരു ട്രയാഗിൾ വരച്ചാൽ അതിന്റെ വലുപ്പത്തിന് മാറ്റമുണ്ടാകാം, എന്നാൽ അതിന്റെ ഉള്ളിലെ അളവ് 180 ഡിഗ്രിയാണ്. ട്രയാഗിളിന്റെ 180 ഡിഗ്രി എന്നത് അമ്പതിനായിരം വർഷം മുമ്പും 180 ഡിഗ്രിയാണ്, അമ്പതിനായിരം വർഷത്തിന് ശേഷവും 180 ഡിഗ്രിയാണ്. മറ്റൊരു വിധത്തിൽ 180 ഡിഗ്രി എന്തിന് ഇന്നലെ (past) എന്ന അവസ്ഥയില്ല നാളെ (future) എന്ന അവസ്ഥയില്ല, ഇന്ന് (present or is) എന്ന അവസ്ഥ മാത്രമേയുള്ളൂ. കൂടുതൽ വിശദീകരിച്ചാൽ ട്രയാഗിളിന് കഴിഞ്ഞ കാലഘട്ടത്തിൽ 179 ഡിഗ്രി എന്ന അവസ്ഥയോ ഭാവിയിൽ 181 ഡിഗ്രി എന്ന അവസ്ഥയോ ഇല്ല. അതുകൊണ്ട് ട്രയാഗിളിന്റെ 180 ഡിഗ്രി ഇന്നലെയും, ഇന്നും, നാളെയും ഒരേപോലെയാണ്.

യാഥാർത്ഥ്യങ്ങളുടെ ഉള്ളിൽ ഇത്തരത്തിൽ ഇന്നലെയും, നാളെയും ഒരുപോലെ നിലനിൽക്കുന്ന ഭാഗമാണ് സത്യം (truth). ഇത്തരത്തിൽ നിലനിൽക്കുന്നതിനെയാണ് being എന്ന വാക്കുകൊണ്ട് തത്വചിന്തകർ അർത്ഥമാക്കുന്നത്. being നെക്കുറിച്ചുള്ള പഠനത്തെ ontology എന്ന് വിളിക്കുന്നു. being യാഥാർത്ഥ്യത്തിൽ എല്ലാ അണുവിലും സന്നിഹിതമാകുന്നതിനെ presence അഥവാ ousia എന്ന് വിളിക്കുന്നു. ഇന്നലെയും, ഇന്നും, നാളെയും ഒരേപോലെ നിലനിൽക്കുന്നതാണ് യാഥാർത്ഥ്യത്തിന്റെ സ്വഭാവമെന്ന വാദത്തെ ഇന്ത്യയിൽ സനാതന വാദമെന്ന് വിളിക്കുന്നു.

ലോകത്തിലുള്ള എല്ലാ യാഥാർത്ഥ്യങ്ങളിലും (മനുഷ്യനടക്കം) നിലനിൽക്കുന്ന മാറ്റത്തിന് വിധേയമല്ലാത്ത ഭാഗത്തെക്കുറിച്ചുള്ള അന്വേഷണമാണ് സത്യാന്വേഷണം. മനുഷ്യന്റെ ആന്തരികതയിൽ മാറ്റത്തിന് വിധേയമാകാതെ നിലനിൽക്കുന്ന ഭാഗത്തെ അന്വേഷിക്കുന്നതാണ് മനുഷ്യാന്വേഷണമെന്ന് വിളിക്കുന്നത്.

തത്വചിന്തകരെ രണ്ടുഭാഗമായി തരം തിരിക്കാം. ഒരു വിഭാഗം യാഥാർത്ഥ്യങ്ങളിൽ സത്യമുണ്ട് (മാറ്റത്തിന് വിധേയമാകാത്ത – സനാതന ഭാഗം) എന്ന് വാദിക്കുന്നു. മറ്റൊരു വിഭാഗം യാഥാർത്ഥ്യത്തിൽ സത്യമില്ല (മാറ്റത്തിന് വിധേ

യമല്ലാത്ത ഭാഗം) എന്ന് വാദിക്കുന്നു. യാഥാർത്ഥ്യത്തിൽ സത്യമില്ല എന്ന് പറയുന്നവർ യാഥാർത്ഥ്യത്തെക്കുറിച്ച് അഭിപ്രായം (opioin) പറയാൻ മാത്രമെ കഴിയൂ എന്ന് വാദിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ആരും സത്യമുണ്ടെന്ന് (യാഥാർത്ഥ്യത്തിന് മാറ്റമില്ലാത്ത ഭാഗമുണ്ടെന്ന്) വാദിക്കുന്നില്ല. അതുകൊണ്ട് ഈ കാലഘട്ടത്തെ സത്യാനന്തര കാലഘട്ടം (post truth era) എന്ന് വിളിക്കുന്നു.

**സത്യം അറിയാൻ കഴിയുമോ?**

സത്യം അറിയാൻ മനുഷ്യൻ കണ്ടെത്തിയ വഴികളാണ് രീതി ശാസ്ത്രം (methodology). രീതി ശാസ്ത്രത്തിന്റെ വിവിധ പടവുകളെക്കുറിച്ചുള്ള വിശകലനത്തെ നാം ജ്ഞാനശാസ്ത്രം (epistemology) എന്ന് വിളിക്കുന്നു. ജ്ഞാന ശാസ്ത്രത്തിൽ രണ്ട് ഭാഗമുണ്ട്. ഒന്നാമത്തേത് യുക്തവാദികളാണ് (Rationalists) രണ്ടാമത്തേത് അനുഭവവാദികളാണ് (empiricists). സോക്രട്ടീസിന്റെ ശിഷ്യനായ പ്ലാറ്റോ, യുക്തവാദം പിൻതുടരുന്നു. എന്നാൽ അരിസ്റ്റോട്ടിൽ അനുഭവാധിഷ്ഠിത ജ്ഞാന സമ്പാദന രീതിയാണ് പിൻതുടർന്നത്. പ്ലാറ്റോയുടെ യുക്തവാദ രീതി പിൻതുടർന്നവരാണ് പ്ലോട്ടിനൂസ്, വിശുദ്ധ അഗസ്റ്റിൻ, ദെക്കാർത്ത്, ന്യൂട്ടൻ, ലെബനീസ് മുതലായവർ. അരിസ്റ്റോട്ടിലിന്റെ രീതി പിൻതുടർന്നവരാണ്. മുസ്ലീം പണ്ഡിതന്മാരായ അവിച്ചെന്ന, വി. തോമസ് അക്വീനാസ്, ഫ്രാൻസിസ് ബേക്കൺ, ഡേവീസ് ഹ്യൂം മുതലായവർ - യുക്തിയും അനുഭവവും തമ്മിലുള്ള സംയോജനത്തിന് ശ്രമിച്ചവരാണ് ഇമ്മാനുവൽ കാന്റും, ഹെഗലും. ഹെഗലിന്റെ ലോജിക് എന്ന ഗ്രന്ഥം ഡയലക്റ്റിക്സ് എന്ന പ്രക്രിയയിലൂടെ യുക്തിയും അനുഭവവും കൂടി ചേർന്ന് എങ്ങനെയാണ് സത്യാന്വേഷകൻ സത്യത്തെക്കുറിച്ചുള്ള സമ്പൂർണ്ണ ജ്ഞാനത്തിലെത്തിച്ചേരുന്നുവെന്ന് വിശദീകരിക്കുന്നു. ഈ പ്രക്രിയ വിശദീകരിക്കാനുള്ള ഹെഗലിന്റെ ശ്രമമാണ് ആത്മാവിന്റെ പ്രതിഭാസം (phenemenology of spirit) എന്ന ഗ്രന്ഥം.

**യാഥാർത്ഥ്യത്തിന്റെ രണ്ടു ഭാഗങ്ങൾ**

പാർമനൈഡസ് യാഥാർത്ഥ്യം സനാതനമാണെന്നും, ഹെറാക്ലീറ്റസ് യാഥാർത്ഥ്യം നിരന്തര മാറ്റത്തിന് വിധേയമാണെന്നും വാദിച്ചിരുന്നുവെന്ന് നാം കണ്ടു. എന്നാൽ പ്ലാറ്റോ യാഥാർത്ഥ്യത്തിന് മാറ്റമില്ലാത്തതും, മാറ്റമുള്ളതുമായ രണ്ടു ഭാഗങ്ങളുണ്ടെന്ന് ഉന്നയിക്കുന്നു. ഇത്തരത്തിൽ ഒരു നിഗമനത്തിലെത്താൻ പ്ലാറ്റോയ്ക്ക് പ്രചോദനം നൽകിയത് അനക്സെഗോറസ് എന്ന ചിന്തകനാണ്. അദ്ദേഹം ലോകത്തിലുള്ള എല്ലാ യാഥാർത്ഥ്യങ്ങളുടെ ആന്തരികതയിലും യുക്തി (reason) നിലനിൽക്കുന്നുവെന്ന് കണ്ടെത്തി. യുക്തി എന്ന വാക്കിനുപകരം മനസ്സ് എന്ന വാക്ക് അനക്സഗോറസ് ഉപയോഗിക്കുന്നു.

ഇക്കാര്യത്തെ കൂടുതൽ വ്യക്തമാക്കുന്നതിന് അരിസ്റ്റോട്ടിലിന്റെ ഒരു ഉദാഹരണം ഉപയോഗിക്കാം. ഒരു ആശാരി മരത്തെ പ്രത്യേക അനുപാതത്തിൽ (ratio) ക്രമീകരിക്കുമ്പോൾ മേശ ലഭിക്കുന്നു. ഈ ക്രിയയിൽ നാലു ഭാഗമുണ്ട്. ആശാരി, മരം, ക്രമീകരണ അനുപാതം (reason leads to order) മേശ. യൂറോപ്യൻ തത്വചിന്ത മനസ്സിലാക്കാൻ ഈ ഉദാഹരണം സഹായിക്കും.

ആശാരി - Primal cause

മരം - Material cause

ക്രമീകരണ അനുപാതം - Formal cause

മേശ -

ആധുനിക ശാസ്ത്രത്തിന്റെ പിതാവായ ഫ്രാൻസിസ് ബേക്കൺ അതിഭൗതിക ശാസ്ത്ര (Metaphysics) മെന്നാൽ എന്ത് എന്ന് നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. Primal cause, Formal cause എന്നിവയെക്കുറിച്ചുള്ള പഠനമാണ് അതിഭൗതികശാസ്ത്രം (Meta physics). എന്നാൽ Meterial cause, Final cause എന്നിവയെക്കുറിച്ചുള്ള പഠനമാണ് ഭൗതിക ശാസ്ത്രം (Physics). ഈ ഉദാഹരണത്തിലെ Formal cause എന്നതിനെയാണ് Form എന്ന വാക്കുകൊണ്ട് തത്വചിന്തകർ മനസ്സിലാക്കുന്നത്. നാം നേരത്തെ മനസ്സി

ലാക്കിയ Being ന് സമാനമായ പദമാണ് form. ഹെഗൽ എന്ന തത്വചിന്തകൻ form, content എന്ന രണ്ട് വാക്കുകൾ ഉപയോഗിക്കുന്നത് ഒരേ അർത്ഥത്തിലാണ്. ഒരു യാഥാർത്ഥ്യത്തിനകത്ത് നിലവിലുള്ള യുക്തിയാണ് content. ഒരു വ്യക്തി യുടെ മനസ്സിൽ യാഥാർത്ഥ്യത്തെക്കുറിച്ച് രൂപം കൊണ്ട യുക്തിയാണ് form . മനുഷ്യൻ തന്റെ അനുഭാവത്താലും ചിന്തയാലും എത്തിച്ചേരുന്ന നിഗമനത്തിലെ form= content ആയിത്തീരുന്ന തിനെ ഹെഗൽ (idea) എന്ന പദം കൊണ്ട് അട യാളപ്പെടുത്തുന്നു. മനുഷ്യന്റെ ചിന്തയാൽ കണ്ടെത്തുന്ന ഒരു യാഥാർത്ഥ്യത്തെക്കുറിച്ചുള്ള യുക്തിയും, ആ യാഥാർത്ഥ്യത്തിൽ അടങ്ങിയി രിക്കുന്ന യുക്തിയും ഒന്നായിത്തീരുന്നതിന് ആവശ്യമായ ജ്ഞാന സമ്പാദന മാർഗ്ഗമാണ് ഹെഗലിന്റെ ലോജിക് എന്ന ഗ്രന്ഥം വിവരിക്കു ന്നത്.

യുക്തിയും ഇന്ദ്രിയവും - ജ്ഞാന സമ്പാദന മാർഗ്ഗത്തിലുള്ള തെറ്റ് സത്യത്തെ അറിയുന്നതിൽ നിന്ന് മനുഷ്യനെ തടയുന്നു. ഈ തെറ്റാണ് പ്ലാറ്റോ യേയും അരിസ്റ്റോട്ടിലിനെയും അന്ധമായി (അ ല്ലെങ്കിൽ ഏതെങ്കിലും ഒരു ചിന്തകനെ വിമർശനം കൂടാതെ) പിൻതുടരുന്നവർക്ക് സംഭവിക്കുന്നത്. യാഥാർത്ഥ്യത്തിന് രണ്ട് ഭാഗമുണ്ടെന്ന് പ്ലാറ്റോ പറയുന്നതായി നാം കണ്ടു. യാഥാർത്ഥ്യത്തിന്റെ ആന്തരികതയിലുള്ള യുക്തിയെ അഥവാ രൂപത്തെ (Reason or form) noumena എന്ന് വിളി ക്കുന്നു. ബാഹ്യമായി അനുഭവിക്കുന്നതിനെ phenoumena എന്നു വിളിക്കുന്നു. ഇന്ദ്രീയ ങ്ങൾക്ക് (കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി) അനുഭവിക്കാൻ കഴിയുന്നതാണ് പ്രതിഭാസം (phenomenon). ഇന്ദ്രീയങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്തതാണ് noumena. മറ്റൊരു വിധത്തിൽ കാണപ്പെടുന്നവയും (sensible) കാണപ്പെടാത്ത വയും (enlelligble). പാശ്ചാത്യ തത്വചിന്താ ചരി ത്രത്തിലെ ഈ ദ്വന്ദാത്മകത (dualism) യാഥാർത്ഥ്യത്തിലും നിലനിൽക്കുന്ന ദ്വന്ദാത്മ കത അല്ലെന്നും അതുകൊണ്ട് യാഥാർത്ഥ്യത്തെ ക്കുറിച്ചുള്ള ചിന്ത idea യായി പരിണമിക്കു മ്പോൾ, പ്രതിഭാസമെന്നത് യാഥാർത്ഥ്യത്തിലുള്ള സത്യത്തിന്റെ പ്രകാശനമാണെന്ന് (pheonomenon is the epiphany of noumen) എന്ന് തിരിച്ച റിയുമെന്നും ഹെഗലിന്റെ ലോജിക് ഉന്നയിക്കു ന്നു.

എന്നാൽ ഹെഗൽവരെയുള്ള തത്വചിന്താച രിത്രം യുക്തിവാദികളുടെയും, അനുഭവവാദിക ളുടെയും ചരിത്രമാണ്. ഹെഗൽ രണ്ടിനേയും ഭാഗിക സത്യമായി കാണുകയും യുക്തിവാദവും അനുഭവവാദവും തമ്മിലുള്ള സമന്വയ സാധ്യ തകളും ചർച്ച ചെയ്യുന്നു.

നാം മനസ്സിലാക്കിയത് സത്യം തന്നെയാണൊ യെന്നറിയാൻ മൂന്ന് മാർഗ്ഗങ്ങളുണ്ട്. സത്യം സനാ തനമായിരിക്കും. (eternal or is, no past tense or future tense for truth). Truth is always expresed in present tense.

**സത്യം സാർവ്വത്രികമായിരിക്കും** (Universal)

ട്രയാഗിളിന്റെ 180 ഡിഗ്രി എന്ന ഉദാഹരണം വീണ്ടും പരിശോധിക്കുക. 180 ഡിഗ്രി എന്നത് ഇന്നലെയും നാളെയും 180 ഡിഗ്രിയായാൽ മാത്രം അത് സത്യമാകണമെന്നില്ല. ഇത് ഇന്ത്യ യിലും, അമേരിക്കയിലും, ആഫ്രിക്കയിലും, കട ലിനടിയിലും, ചന്ദ്രനിലും, സൂര്യനിലും 180 ഡിഗ്രിയാകുന്നതിനെയാണ് സാർവ്വത്രികം എന്ന് വിളിക്കുന്നത്. ഇത്തരത്തിൽ മനുഷ്യനിൽ അമേ രിക്കയിലും, ഇന്ത്യയിലും, ജപ്പാനിലും ഒരേപോ ലുള്ള യാഥാർത്ഥ്യമുണ്ട് എന്ന് വാദിക്കുന്നവരെ സാർവ്വത്രിക വാദികൾ എന്ന് വിളിക്കുന്നു.

സത്യത്തിൽ വൈരുദ്ധ്യമുണ്ടാകില്ല (Principle of non contradiction) ഉദാഹരണമായി നാം ഒരു കഥ പറയുമ്പോൾ ആദ്യം ഒരു അപ്പന് രണ്ട് മക്കൾ ഉണ്ടായിരുന്നുവെന്ന് പ്രസ്താവിച്ചാൽ മറ്റൊരിടത്ത് മൂന്ന് മക്കൾ ഉണ്ടായിരുന്നുവെന്ന് പ്രസ്താവിച്ചാൽ അത് വൈരുദ്ധ്യമാണെന്ന് നാം മനസ്സിലാക്കും. സത്യത്തിൽ ഇത്തരം വൈരുദ്ധ്യം ഉണ്ടാകില്ല. ഈ ലക്ഷണത്തെ അവൈരുദ്ധ്യാത്മതയുടെ തത്വം എന്ന് വിളിക്കു ന്നു. ഈ മൂന്ന് ലക്ഷണങ്ങൾ ഉള്ളതാണ് സത്യം, സത്യം സനാതനമായിരിക്കും, സത്യം സാർവ്വ ത്രികമായിരിക്കണം, സത്യം ആവൈരുദ്ധ്യാത്മ കമായിരിക്കും.

●



# ദൈവമായുള്ള കൂട്ടായ്മ

കെ.എം.വാറുണ്ണി, മർത്താഭവനം

നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവിടുന്ന് നമുക്ക് സമീപസ്ഥനായിരിക്കുന്നതു പോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണ് ഉള്ളത് (ആവർത്തനം. (4:7)

ഈ ദൈവവചനം മുഖാന്തരം നമുക്ക് ലഭിച്ച പ്രാർത്ഥനയെക്കുറിച്ചുള്ള സന്ദേശങ്ങൾ: 1. ദൈവമേ എന്ന് വിളിക്കുമ്പോൾ മാത്രം ആശ്വാസവും സമാധാനവും ലഭിക്കുന്നു. 2. നമ്മുടെ പ്രാർത്ഥനകളും ആരാധനകളും വെറും ചടങ്ങും ആചാരവുമായി മാറാതെ സമ്പൂർണ്ണമായ സമർപ്പണത്തിന്റെ ഭാവം ഉൾക്കൊണ്ട് ഓരോ നിമിഷവും ദൈവഹിതം അനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്തണമെന്ന് അറിയിക്കുന്നു. 3. നമ്മുടെ സംസാരത്തിലും ചിന്തകളിലും, പ്രവർത്തികളിലും വിശുദ്ധിയുണ്ടായിരിക്കണം. അതുവഴി ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും നമുക്ക് ധാരാളം ദൈവാനുഭവങ്ങളും രോഗശാന്തിയും സന്തോഷവും സമാധാനവും ലഭിക്കുകയും ചെയ്യും. 4. ദൈവത്തെ കൂടെ നിർത്തേണ്ടവർ നിരന്തരം പ്രാർത്ഥിക്കുന്നവരായിരിക്കും. അവരുടെ പ്രാർത്ഥന ദൈവഹിതം നിറവേറട്ടെ എന്നായിരിക്കും. 5. നിരാശക്കുള്ള ഏറ്റവും ഉത്തമ ഔഷധം പ്രാർത്ഥനയാണെന്ന് നമ്മെ അറിയിക്കുന്നു. 6. വിശ്വാസക്കുറവു മൂലം നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുന്നില്ല. 7. ഒരു വ്യക്തിക്ക് ആരോടെങ്കിലും വിദ്വേഷമോ വെറുപ്പോ ഉണ്ടെങ്കിൽ ആ വ്യക്തിയുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുകയില്ല. 8. ദൈവസന്നിധിയിൽ നമ്മുടെ പ്രാർത്ഥന എത്തുന്നതിന് തടസ്സമായി നിൽക്കുന്നത് പാപത്തിന്റെ അടിമത്തത്തിൽ ജീവിക്കുന്നതു കാരണമാണെന്ന് നമ്മെ അറിയിക്കുന്നു. 9. പ്രശ്നങ്ങളും പ്രതിസന്ധികളും രോഗങ്ങളും വെല്ലുവിളികളും നമ്മുടെ ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോൾ പ്രാർത്ഥന നമ്മുടെ കരങ്ങളിലെ ആയുധമാകണം. അതുവഴി നമുക്ക് ധാരാളം അനുഗ്രഹങ്ങളും രോഗശാന്തിയും ലഭിക്കുകയും ചെയ്യും.

ആത്മാർത്ഥമായ പ്രാർത്ഥന: നാം ആർക്കു വേണ്ടി പ്രാർത്ഥിക്കുന്നുവോ ആ വ്യക്തിക്കു സർവ്വവിധ നന്മയും ഉണ്ടാകുവാൻ നാം ആത്മാർത്ഥമായി ആഗ്രഹിക്കണം. എങ്കിൽ മാത്രമേ അതു പ്രാർത്ഥനയാകൂ. നാം പ്രാർത്ഥിക്കുന്നത് ആർക്കു വേണ്ടിയാണോ അവരോട് വിദ്വേഷത്തിന്റെ ഒരു കണികയെങ്കിലും ഉണ്ടായിരുന്നാൽ അത് പ്രാർത്ഥനയാകുകയില്ല. സ്നേഹപിതാവിനോടുള്ള ഒരു ഹൃദയം തുറക്കൽ ആയി പ്രാർത്ഥന മാറണം. അപ്പോൾ അത് ആനന്ദദായകമാകും. ഫലസിദ്ധി ഉണ്ടാകുന്നതുമാകും എന്നും ഓർക്കുക. യേശുനാഥന്റെയും വിശുദ്ധന്മാരുടെയും പ്രാർത്ഥന ജീവിതം നമുക്ക് മാതൃകയായിരിക്കണം. അതിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം.

യേശുനാഥന്റെ പ്രാർത്ഥന: തന്നെ കുരിശിൽ തറച്ചവരെക്കുറിച്ച് അവിടുന്ന് പ്രാർത്ഥിച്ചത് "പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കേണമെ" (ലൂക്കോസ് 23:34). മരണപ്പിടച്ചിലിന്റെ നേരത്തും ആരേയും ദുഷിക്കാതെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന യേശുനാഥനെ കണ്ടപ്പോൾ അവിടുത്തെ അഭിമുഖമായി നിന്നിരുന്ന ശതാധിപൻ അവിടുന്ന് മരിക്കുന്നതുകണ്ട് പറഞ്ഞു. "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോസ് 15:39). യേശുനാഥൻ പിതാവിന്റെ വലതുഭാഗത്തിരുന്ന് നമുക്കു വേണ്ടി എന്നും മദ്ധ്യസ്ഥം വഹിക്കുന്നു. ആ യേശുനാഥന്റെ അനുഗാമികളായ നമ്മളും മറ്റുള്ളവരുടെ രക്ഷക്കുവേണ്ടി പ്രാർത്ഥിക്കണം. ഇങ്ങനെ നമ്മൾ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നമ്മിലുള്ള സ്വാർത്ഥത, അഹംഭാവം എന്നിവ വിട്ടുപോകും. നിർമ്മലവും നിസ്വാർത്ഥവുമായ സ്നേഹത്തിൽ വളരുന്നതിനും മദ്ധ്യസ്ഥ പ്രാർത്ഥന നമ്മെ സഹായിക്കും. നമ്മൾ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നമുക്കും നമ്മുടെ കുടുംബത്തിനും ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്യും.

ദാവീദ് രാജാവിന്റെ ധ്യാനപ്രാർത്ഥന: ദാവീദ് രാജാവ് പാപം ചെയ്തശേഷം വളരെ അസ്വസ്ഥനായിരുന്നു. ഹൃദയം തികച്ചും അസ്വസ്ഥവും

ശരീരം വേദനപ്പെടുന്നതുമായി അനുഭവപ്പെട്ടു. എന്നാൽ തന്റെ തെറ്റ് ദൈവത്തോട് ഏറ്റുപറഞ്ഞു കഴിഞ്ഞപ്പോൾ പൂർണ്ണസ്വസ്ഥത ലഭിച്ചു. അപ്പോൾ ദാവിദ് രാജാവ് പാടി പ്രാർത്ഥിച്ചു. "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ; ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു" (സങ്കീർത്തനം 32:1-5). "ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു, സ്ഥിരമായോരാത്മാവിനെ എന്നിൽ പുതക്കേണമേ. നിന്റെ സന്നിധിയിൽ നിന്നെ എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ'' (സങ്കീർത്തനം 51:10-11). സങ്കീർത്തകനോട് ചേർന്ന് അനുനിമിഷം ഈ പ്രാർത്ഥന നമുക്കും ചൊല്ലേണ്ടതാണ്.

ദൈവത്തിന്റെ വിശ്വസ്തനായ ഇയ്യോബിന്റെ മദ്ധ്യസ്ഥ പ്രാർത്ഥന: ഇയ്യോബ് സമ്പത്തിലും സന്താനങ്ങളിലും അനുഗൃഹീതനായിരുന്നു. അദ്ദേഹത്തെ പരീക്ഷിക്കാൻ ദൈവം സാത്താനെ അനുവദിച്ചു. സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ടപ്പോഴും ഇയ്യോബ് ദൈവഹിതത്തിന് വഴങ്ങി. അദ്ദേഹത്തിന്റെ ശരീരത്തിൽ വ്യണങ്ങൾ നിറഞ്ഞു. ഇയ്യോബിന്റെ ഭാര്യ അവനോട് "നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുക്കൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ച് പറഞ്ഞ് മരിച്ച് കളക എന്ന് പറഞ്ഞു" (ഇയ്യോബ് 2:9). അതികഠിനമായ പ്രലോഭനങ്ങൾക്കിടയിലും ഇയ്യോബ് അചഞ്ചലനായി നിലകൊണ്ടു. ഈ അവസരത്തിൽ ഇയ്യോബ് ദൈവത്തോട് പരാതി പറയുകയോ ദൈവസ്നേഹത്തെ ചോദ്യം ചെയ്യുകയോ ചെയ്തില്ല. ഇയ്യോബ് തന്റെ സ്നേഹിതർക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്തു. അപ്പോൾ ഇയ്യോബിന് തനിക്ക് ഉണ്ടായിരുന്ന ഐശ്വര്യം ദൈവമായ കർത്താവ് ഇരട്ടിയായി കൊടുത്തു (ഇയ്യോബ് 42:10).

വിശുദ്ധ തിമോഥെയൂസ് തിരുമേനിയുടെ പ്രാർത്ഥന ജീവിതം: പ്രാർത്ഥന ജീവിതത്തിൽ ഊന്നികൊണ്ട് സാമൂഹ്യ പ്രവർത്തനങ്ങളിൽ ജാഗരൂകനായ തിരുമേനി തന്റെ ജീവിത വിശുദ്ധി കൊണ്ട് സഭാവിശ്വാസികളുടെയും ഇതരമതസ്ഥരുടെയും സ്നേഹപിതാവായിരുന്നു. ദൈവഭക്തിയോടെ സഭക്കുവേണ്ടിയും സമൂഹത്തിനു വേണ്ടിയും പ്രവർത്തിച്ചു. തിരുമേനിയുടെ ലളിത ജീവിതവും രോഗശാന്തി ശുശ്രൂഷയും മറ്റ് അത്ഭുത പ്രവർത്തികളും കണ്ടിട്ട് എല്ലാവർക്കും തിരുമേനിയോട് വലിയ ആദരവും ഭക്തിയുമായിരുന്നു. തിരുമേനിയുടെ ജീവിത വിശുദ്ധിയും പ്രാർത്ഥന ജീവിതവും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ദൈവം തിരുമേനിയുടെ മേൽ ചൊരിഞ്ഞ അനുഗ്രഹവും രോഗശാന്തി വരവുമെല്ലാം അനുഭവിച്ചറിഞ്ഞ ജനങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ തിരുമേനിയെ വിശുദ്ധനെന്നു കരുതി ബഹുമാനിച്ചിരുന്നു. ജാതിമത ഭേദമെന്യേ എല്ലാ നാട്ടുകാരുടെയും സ്നേഹം നേടിയ പുണ്യവാനായിരുന്നു തിരുമേനി.

മഹാത്മാഗാന്ധിയുടെ പ്രാർത്ഥന ജീവിതം:

ഒരിക്കൽ മഹാത്മാഗാന്ധിക്ക് ഒരാൾ ഒരു കത്തെഴുതി. കത്തിന്റെ സാരം ഇതാണ് "കഴിഞ്ഞ രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു. ഭഗവാൻ പ്രത്യക്ഷപ്പെട്ട് എന്നോട് ഇങ്ങനെ പറഞ്ഞു: ഗാന്ധിജി അധികം നാൾ ജീവിച്ചിരിക്കുകയില്ല. അതുകൊണ്ട് ഇനിയുള്ള കാലം മറ്റു പ്രവൃത്തികളെല്ലാം വെടിഞ്ഞ് പ്രാർത്ഥനയിൽ മുഴുകിയിരിക്കണമെന്ന് ഗാന്ധിജിയെ അറിയിക്കണം. ഗാന്ധിജി ഇങ്ങനെ മറുപടി നൽകി. സ്നേഹിത എന്റെ ജീവിതത്തിൽ ഒരു നിമിഷം പോലും ഞാൻ ഈശ്വരനെ മറന്നല്ല ജീവിക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ജീവസേവയാണ് ഈശ്വരസേവ. മരണം അടുക്കുമ്പോൾ മാത്രമെ ഈശ്വരനെ വിചാരിക്കേണ്ടതുള്ളൂ എന്നാണോ താങ്കൾ കരുതുന്നത്. എന്നാൽ ഒരു കാര്യം മനസ്സിലാക്കിക്കൊള്ളൂ. പിറന്നു വീണ നിമിഷം മുതൽ മൃത്യു അതിന്റെ ഇരുകരങ്ങളും കൊണ്ട് നമ്മുടെ കഴുത്ത് മുറുകെ പിടിക്കാൻ വെമ്പുകയാണ്. അതുകൊണ്ട് ഈശ്വരവിചാരം വാർദ്ധക്യം വരുന്നതുവരെ നീട്ടുന്നത് എന്തിന്. അനുദിന ജീവിതത്തിൽ ഒരോ നിമിഷവും ഈശ്വരചിന്ത നമ്മിലുണ്ടാകണം ". ഗാന്ധിജിയുടെ ഈ മറുപടി നമുക്ക് ഒരു പാഠമായി തീരട്ടെ.

മുഹമ്മദ് നബിയുടെ പ്രാർത്ഥനയെപ്പറ്റിയുള്ള ബോധ്യപ്പെടുത്തൽ: നബിയുടെ ഒരു ശിഷ്യൻ ഒരിക്കൽ നബിയുടെ പക്കലെത്തി ഇങ്ങനെ പറഞ്ഞു. "തിരുമേനി എന്റെ കൂടെയുണ്ടായിരുന്നവരിൽ നാലുപേരും കിടന്നുറങ്ങുകയായിരുന്നു. ഞാൻ മാത്രമാണ് ഉറക്കമിളച്ചിരുന്ന് അള്ളാഹുവിനെ ആരാധിച്ചത്". നബി പറഞ്ഞു. "നിന്റെ കൂട്ടുകാ



# "ഒരാളെ എങ്ങനെ വിശ്വസിക്കാം?"

കൊച്ചുമോൾ ബേബി

പ്രിയമുള്ളവരേ!

കാലാവസ്ഥ പോലും നമ്മെ ആട്ടിയുലച്ചുകൊണ്ടിരിക്കുന്ന ഒരുകാലഘട്ടത്തിലാണ് നാമിന്ന് ഓരോ ദിവസവും തള്ളിനീക്കികൊണ്ടിരിക്കുന്നത്. ചക്രവാതചുഴി, മേഘവിസ്ഫോടനം, മിന്നൽ പ്രളയം, ചുഴലിക്കാറ്റ് എന്നിങ്ങനെ എത്രതരം വാക്കുകളാണ് നാമിന്ന് കേൾക്കുന്നത്. അതിനോടനുബന്ധിച്ച് ഉണ്ടാകുന്ന വ്യാപകമായ നാശനഷ്ടങ്ങളും നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ ഇപ്പോഴത്തെ ജീവിതയാത്രയിൽ നമ്മൾ ആരെ വിശ്വസിക്കും? ആരെ വിശ്വസിക്കാതിരിക്കും? എന്തെല്ലാം നികൃഷ്ടമായ നിഷ്ഠൂരമായ ഹീനപ്രവൃത്തികളാണ് രക്തബന്ധമുള്ളവർ തമ്മിൽ പോലും സംഭവിച്ചുകൊണ്ടിരിക്കുന്നത് ദിവസം തോറും പത്രങ്ങളിലൂടെയും മാദ്ധ്യമങ്ങളിലൂടെയും നമ്മൾ കേൾക്കുകയും കാണുകയും ചെയ്യുന്നത്. ഒരിക്കലും അടുക്കാനാകാത്ത വിധം അതിന്റെ വിള്ളൽ വലുതായിക്കൊണ്ടിരിക്കുന്നു.

വിശ്വസിക്കാൻ കൊള്ളാകുന്നവൻ രഹസ്യം സൂക്ഷിക്കും. അപ്രകാരമുള്ള വ്യക്തി എന്തുവന്നാലും താൻ പറയുന്ന വാക്ക് പാലിക്കും. അതുപോലെ തന്നെ സത്യമേ സംസാരിക്കൂ. അങ്ങനെയുള്ള ഒരാളെ ആളുകൾക്ക് വിശ്വസിക്കാൻ തോന്നും. അതുപോലെ തന്നെ ആശ്രയിക്കാനും തോന്നും. സത്യസന്ധനായി പ്രവർത്തിക്കുന്നവൻ ഏത് വിധത്തിലായിരിക്കണമെന്ന് 15-ാം സങ്കീർത്തനത്തിൽ നമുക്ക് കാണാൻ സാധിക്കും. അതിലൊരു വാചകം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. "സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാത്തവൻ. മറ്റുള്ള ഭാഗങ്ങൾക്ക് പ്രാധാന്യമില്ല എന്നല്ല ഞാൻ ഉദ്ദേശിച്ചത്. എല്ലാം ഒന്നിനൊന്ന് മഹത്വമേറിയ തിരുവചനം തന്നെയാണ്.

മറ്റുള്ളവർ നമ്മെ വിശ്വസിക്കണമെന്ന് ആർക്കും വാശി പിടിക്കാനാകില്ല. വിശ്വാസം നമ്മൾ നേടിയെടുക്കേണ്ട ഒന്നാണ്. പണം പോലെ തന്നെ വിശ്വാസവും നഷ്ടപ്പെടുത്താൻ വളരെ

---

രെപ്പറ്റി ദൂഷ്യം പറയാൻ ഇവിടെ വന്നതിന് പകരം നീയും അവരെപ്പോലെ കിടന്നുറങ്ങുകയായിരുന്നു നല്ലത്". കൂട്ടുകാരനേക്കാൾ താൻ ആത്മീകനും മേന്മയുള്ളവനുമാണെന്നു വിശുദ്ധ നബിയെ ബോധ്യപ്പെടുത്താൻ അവൻ ശ്രമിക്കുകയായിരുന്നു. എന്നാൽ അന്യനെ കുറ്റപ്പെടുത്തിയും ദ്രോഹിച്ചും ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ല എന്ന് വിശുദ്ധ നബി അറിയിക്കുന്നു.

ജീവിതം ദൈവകൃപയാൽ സമ്പന്നമാകുന്നതിന് പ്രാർത്ഥനയോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ കൂടി നിവർത്തിക്കേണ്ടതുണ്ട്. ദൈവത്തിൽ വിശ്വസിക്കുക, മാതാപിതാക്കളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക, അയൽക്കാരോട് അനുഭാവത്തോടെ പെരുമാറാനും അവരെ സഹായിക്കാനും എപ്പോഴും സന്നദ്ധരാവുക. അനീതി ഒരിക്കലും പ്രവർത്തിക്കാതിരിക്കുക. സത്യത്തിൽ ഉറച്ചുനിൽക്കുക. പ്രതീക്ഷകൾക്കനുസരിച്ച് കാര്യങ്ങൾ നടക്കാതിരിക്കുമ്പോൾ ദൈവത്തെ പഴിക്കാതിരിക്കുക. വിദ്വേഷത്തിന്റെയും കോപത്തിന്റെയും വഴിയിൽ നിന്ന് അകലംപാലിച്ച് സമാധാനത്തിന്റെയും ശാന്തിയുടെയും മാർഗ്ഗത്തിലേക്ക് വരിക. മറ്റുള്ളവരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക. എല്ലാറ്റിനും നന്ദി പറയുന്നവരായിരിക്കുക.

ചുരുക്കത്തിൽ ദൈവം നമ്മുടെ ഹൃദയകവാടത്തിൽ മുട്ടിവിളിക്കുന്നത് ദൈവാനുഗ്രഹത്താൽ സമ്പന്നരാകുന്നതിനാണ്. അതിനായി നമ്മുടെ ഹൃദയം വിശുദ്ധമാക്കാം. മനസ്താപത്താൽ കഴുകി വിശുദ്ധീകരിച്ച ഹൃദയവുമായി പ്രാർത്ഥനയാലും സത്പ്രവൃത്തിയാലും ദൈവത്തിന്റെ കൂട്ടായ്മയാൽ ആയിരിക്കുകയും ചെയ്യുക. മാനവസാഹോദര്യത്തിനും ക്ഷേമത്തിനും കോവിഡിൽ നിന്നുള്ള മുക്തിക്കും വേണ്ടി ഒരേ മനസ്സോടെ നമുക്ക് പ്രാർത്ഥിക്കാം.

എളുപ്പമാണ്. എന്നാൽ അത് നേടിയെടുക്കുക എന്നത് വളരെ ശ്രമകരമായ ഒന്നാണ്. ദൈവം നമ്മുടെ ഓരോരുത്തരുടെയും വിശ്വാസം നേടിയെടുത്തിരിക്കുന്നു. ദൈവം ചെയ്യുന്നതെല്ലാം ആശ്രയിക്കാൻ യോഗ്യമായതാണ്. യഹോവയുടെ വചനം നേരുള്ളത്. അവന്റെ സകലപ്രവൃത്തിയും വിശ്വസ്തതയുള്ളത്. അവൻ നീതിയും, ന്യായവും ഇഷ്ടപ്പെടുന്നു. യഹോവയുടെ ദയകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു. "സങ്കീർത്തനം 33-ലെ 4,5 എന്നീ തിരുവചനങ്ങളാണ് മേലുദ്ധരിച്ചിട്ടുള്ളത്". എഫെസ്യർ 5-ാം അദ്ധ്യായത്തിന്റെ 1-ാം വാക്യത്തിൽ പറഞ്ഞപ്രകാരം "ആകയാൽ പ്രിയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ". നമ്മൾ ഓരോരുത്തരും ദൈവത്തെ അനുകരിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്.

ദൈവത്തെ അനുകരിച്ച, ദൈവത്തിലാശ്രയം വെച്ച ഒരു കഥാപാത്രം അതാരാണെന്നോ വിശ്വസ്തനായ ദൈവത്തിന്റെ ദാസനായ ദാനിയേൽ പ്രവാചകൻ. അദ്ദേഹത്തിന്റെ ചില കാര്യങ്ങൾ ദാനിയേൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളായിരിക്കുന്നതിൽ നല്ല മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്യത കൂടുതൽ തെളിയിക്കപ്പെട്ട ചില സംഭവങ്ങൾ തുടർന്നുണ്ടായി. ദൈവത്തിന്റെ സഹായത്താൽ ബാബേൽ രാജാവായ നെബൂഖദ്നേസറിനുണ്ടായ സ്വപ്നങ്ങൾ വിവരിച്ചുകൊടുത്തപ്പോഴായിരുന്നു അത്. ഒരു സന്ദർഭത്തിൽ രാജാവ് കേൾക്കാനാഗ്രഹിക്കാത്ത പല സന്ദേശങ്ങളും ദാനിയേൽ അദ്ദേഹത്തോട് തുറന്നു പറഞ്ഞു. ദൈവം രാജാവിലൊട്ടും സന്തുഷ്ടനല്ല എന്നും മറ്റും അദ്ദേഹത്തോട് പറയാൻ ദാനിയേലിന് നല്ല ധൈര്യം വേണമായിരുന്നു. കാരണമെന്താണെന്ന് വെച്ചാൽ മുൻപൊരിക്കൽ രാജാവ് കോപിച്ച് അത്യന്തം ക്രൂദ്ധിച്ച് ബാബേലിലെ സകല വിദ്വാന്മാരെയും നശിപ്പിക്കുവാൻ കല്പന കൊടുത്ത ആളാണ്. സ്വർഗ്ഗസ്ഥനായ ദൈവം ഒരു രാത്രി ദർശനത്തിൽ കൂടി ദാനിയേലിന് വെളിപ്പെട്ടു. രാജാവ് കണ്ട സ്വപ്നത്തിന്റെ അർത്ഥം ദാനിയേൽ രാജാവിനോട് ബോധിപ്പിച്ചു.

വർഷങ്ങൾക്കു ശേഷം താൻ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളാണെന്ന് ദാനിയേൽ വീണ്ടും തെളിയിച്ചു. നെബുഖദ്നേസറിന്റെ കൊട്ടാരത്തിന്റെ ഭിത്തിയിൽ അത്ഭുതകരമായി എഴുതപ്പെട്ട വാക്കുകളുടെ അർത്ഥം വിശദീകരിച്ചപ്പോഴായിരുന്നു അത്. ദാനിയേലിന്റെ പുസ്തകം 5-ാം അദ്ധ്യായത്തിൽ ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ബെൽശ്ശസർ രാജാവും അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാരും അസാധാരണമാം വിധം സമർത്ഥനായ ഒരാളാണ് ദാനിയേലെന്ന് മനസ്സിലാക്കി. ദാനിയേൽ ഒന്നിലും വീഴ്ചവരുത്താത്തവനും, അഴിമതി കാണിക്കാത്തവനുമായിരുന്നു. യഹോവയുടെ ആരാധകരല്ലാതിരുന്ന രാജാക്കന്മാർപോലും ദാനിയേലിനെ ആശ്രയിക്കാൻ കൊള്ളാവുന്ന ഒരാളായി കണ്ടു.

അടുത്തതായി ഇനി നമുക്ക് തിഹിക്കൊസിന്റെ മാതൃക എപ്രകാരമാണെന്ന് ശ്രദ്ധിക്കാം.

അപ്പോസ്തലനായ പൗലോസിന്റെ വിശ്വസ്തനായൊരു സുഹൃത്തായിരുന്നു അദ്ദേഹം. പൗലോസ് വീട്ടുതടങ്കലിലായിരുന്നപ്പോൾ അദ്ദേഹമാണ് കൊലോസ്യയിലും, എഫെസോസിലുമുള്ള സഭകൾക്ക് കത്തുകൾ കൈമാറിയിരുന്നത്. അതുപോലെ തന്നെ അവിടെയുള്ളവരെ പ്രോത്സാഹിപ്പിക്കാനും, ആശ്വസിപ്പിക്കാനും പൗലോസ് ഏല്പിച്ചത് തിഹിക്കൊസിനെയാണ്. ഈ ജോലികളെല്ലാം അദ്ദേഹം നന്നായി വിശ്വസ്തതയോടെ ചെയ്യുമെന്ന് പൗലോസിന് ഉറപ്പുണ്ടായിരുന്നു. പൗലോസ് അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'വിശ്വസ്ത ശുശ്രൂഷകൻ' എന്നാണ്. കൊലോസ്യർ 4-ാം അദ്ധ്യായത്തിന്റെ 7-ാം തിരുവചനത്തിൽ പൗലോസിന്റെ വിശേഷണം നമുക്ക് വായിക്കാൻ സാധിക്കും.

രഹസ്യം സൂക്ഷിച്ചുകൊണ്ട് വിശ്വസ്തരായിരിക്കുക. മറ്റുള്ളവരുടെ കാര്യങ്ങൾ എപ്രകാരം നടക്കുന്നു എന്ന് നമുക്ക് അറിയാനാഗ്രഹമുണ്ട്. എങ്കിലും നമ്മൾ അവരുടെ സ്വകാര്യതയെ മാനിക്കേണ്ടതുണ്ട്.

മറ്റുള്ളവരുടെ കാര്യങ്ങൾ പറഞ്ഞു പരത്തുകയും, അവരുടെ കാര്യങ്ങളിൽ തലയിടുകയും ചെയ്തുകൊണ്ട് വേണ്ടാത്ത കാര്യങ്ങൾ സംസാരിക്കുന്നവരായി നാം മാറരുത്. മറ്റാരോടും പറയാൻ ആഗ്രഹിക്കാത്ത ഒരു കാര്യം ആരെങ്കിലും നമ്മോട് പറയുന്നെങ്കിലോ ആ കാര്യം രഹസ്യമായിത്തന്നെ സൂക്ഷിക്കേണ്ടതാണ്.

കുടുംബത്തിൽ ചില വീട്ടുകാര്യങ്ങൾ രഹസ്യമാക്കിവെക്കാൻ കുടുംബത്തിലെ എല്ലാവർക്കും ഉത്തരവാദിത്തമുണ്ട്. കുട്ടികളും കുടുംബത്തിൽ വിശ്വസ്തതയുള്ളവരായിരിക്കണം. നമ്മൾ ഓരോരുത്തരും കുടുംബത്തിനുള്ളിൽ നിൽക്കേണ്ട

കാര്യങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിലൂടെ കുടുംബബന്ധങ്ങൾ ശക്തമാകുകയാണ് ചെയ്യുന്നത്.

വിശ്വസ്തരായവരെക്കുറിച്ച് ബൈബിളിൽ പ്രതിപാദിക്കുന്നത് ശ്രദ്ധിക്കൂ! യെശയ്യാവ് 32-ാം അദ്ധ്യായത്തിന്റെ 2-ാം തിരുവചനത്തിൽ കൂടി നമുക്കൊന്ന് കണ്ണോടിക്കാം. "ഓരോരുത്തൻ കാറ്റിനൊരു മറവും, പിശറിന് ഒരു സങ്കേതവുമായി വരണ്ട നിലത്ത് നീർത്തോടുകൾ പോലെയും, ക്ഷീണമുള്ള ദേശത്ത് ഒരുവൻ പാറയുടെ തണൽ പോലെയും ഇരിക്കും".

വിശ്വാസത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. ഏററവും പ്രധാനപ്പെട്ട രണ്ട് കല്പനകളെക്കുറിച്ച് യേശു പറഞ്ഞു. ഒന്ന് ദൈവത്തെ സ്നേഹിക്കാനും, രണ്ട് അയൽക്കാരെ സ്നേഹിക്കാനും. ദൈവത്തോട് നമുക്ക് സ്നേഹമുണ്ടെങ്കിൽ ദൈവത്തെ അനുകരിച്ചുകൊണ്ട് വിശ്വസിക്കാൻ കൊള്ളാവുന്ന വ്യക്തികളായിത്തീരാൻ നമ്മൾ ശ്രമിക്കും. അതുപോലെതന്നെ മറ്റുള്ളവരോടു സ്നേഹമുണ്ടെങ്കിൽ അവരുടെ വ്യക്തിപരമായ വിവരങ്ങളോ അവർക്ക് സങ്കടമോ, അപകടമോ ഉണ്ടാകുന്ന കാര്യങ്ങളോ ഒന്നും ആരോടും പറയരുത്.

വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളായിത്തീരാൻ നമ്മെ സഹായിക്കുന്ന അടുത്ത ഗുണം താഴ്മയാണ്. താഴ്മയുള്ള ഒരാൾ ഒരു കാര്യം മറ്റുള്ളവരുടെ മുമ്പിൽ ആദ്യം വെളിപ്പെടുത്തികൊണ്ട് താൻ വലിയ ആളാണെന്ന് കാണിക്കാൻ ശ്രമിക്കില്ല. അതുപോലെ തന്നെ തനിക്ക് ചില കാര്യങ്ങൾ അറിയാമെന്നും എന്നാൽ അത് മറ്റുള്ളവരോട് പറയാൻ പറ്റില്ലെന്നും പറഞ്ഞ് തന്നെത്തന്നെ ഉയർത്തില്ല. ഫിലിപ്പിയർ 2-ാം അദ്ധ്യായത്തിന്റെ 3-ാം വാക്യത്തിൽ ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു. "ശാഠ്യത്താലോ ദുരഭിമാനത്തിലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവിൻ".

വിശ്വസ്തതയോടു കൂടി തന്നെ വിവേകമുള്ളവരുമായിരിക്കണം. മൗനമായിരിക്കാനുള്ള സമയവും, സംസാരിക്കാനുള്ള സമയവും വിവേചിച്ചറിയുന്നതിനുള്ള വിവേകം തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതാണ്. ചില സ്ഥലങ്ങളിൽ ഇപ്രകാരമൊരു ചൊല്ലുണ്ട്. "സംസാരം വെള്ളിപോലെ. എന്നാൽ മൗനം സ്വർണ്ണം പോലെ. മറ്റു വാക്കുകളിൽ പറഞ്ഞാൽ ചില സന്ദർഭങ്ങളിൽ സംസാരിക്കുന്നതിനേക്കാൾ നല്ലത് മൗനമായിരിക്കുന്നതാണ്. നല്ല വകതിരിവുള്ളവൻ മിണ്ടാതിരിക്കും".

വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാൾ കാണിക്കുന്ന ഒരു നല്ല ഗുണമാണ് "ആത്മനിയന്ത്രണം" രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ പറയാൻ തോന്നുന്ന സാഹചര്യങ്ങളിലും ആത്മനിയന്ത്രണമുള്ള വ്യക്തി അത് പറയാതെ സൂക്ഷിക്കും. അതായത് വായ് മൂടിക്കെട്ടി അധരങ്ങളെ കാക്കും. സങ്കീർത്തനം 39-ന്റെ ആദ്യഭാഗങ്ങളിൽ നാമിപ്രകാരം വായിക്കുന്നു. "നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും, ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ട് കാക്കുമെന്ന് ഞാൻ പറഞ്ഞു". മറ്റുള്ളവർ നമ്മെ വിശ്വസിക്കണമെന്നുണ്ടെങ്കിൽ നമ്മൾ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളാണെന്ന് ആദ്യം തെളിയിക്കണം.

ദാനിയേലിന്റെയും തിഹിക്കൊസിന്റെയും ജീവിത മാതൃകയിൽ നിന്ന് നമുക്ക് ചില ചോദ്യങ്ങൾ നമ്മോട് തന്നെ ചോദിക്കാം. ഉത്തരവാദിത്തങ്ങളൊക്കെ ഏല്പിച്ചാൽ അത് നന്നായി ചെയ്യുന്ന വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളായിട്ടാണോ മറ്റുള്ളവർ നമ്മെ വിലയിരുത്തുന്നത്.

ഈ കാലഘട്ടത്തിൽ മറ്റുള്ളവരോട് പൂർണ്ണമായി വിശ്വസ്തത പുലർത്തുക. ദൈവത്തിന്റെ ക്രമീകരണത്തിനായി മനസ്സോടെ നമുക്ക് കീഴ്പ്പെട്ടിരിക്കാം.

ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

•

***പൗരസ്ത്യനാദം - അറിയിപ്പ്***

മാസികയിലെ വരിസംഖ്യ കുടിശ്ശിക വരുത്തിയിട്ടുള്ളവർ എത്രയും പെട്ടെന്ന് നേരിട്ടോ, ഉള്ളടക്ക പേജിൽ നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പറിലോ അടച്ച് ഓഫീസിൽ അറിയിക്കേണ്ടതാണ്.

*pourasthyanadham@gmail.com.*
*Phone: 0487 2424222, 9539752458.*




# അബ്രഹാമും ഇസഹാക്കും

അബ്രഹാം ഒരു ദിവസം തന്റെ കൂടാരത്തിന് പുറത്ത് നിൽക്കുകയാണ്. കുറച്ചു ദൂരെ ഒരു മരച്ചുവട്ടിൽ മൂന്നാളുകൾ നിൽക്കുന്നത് അദ്ദേഹം കണ്ടു. വഴിയാത്രക്കാരാണ്. വഴിപോക്കരെ കണ്ടാൽ വിളിച്ച് വെള്ളവും ഭക്ഷണവും കൊടുക്കുക അന്നത്തെ പതിവായിരുന്നു. ഹോട്ടലുകളില്ലാത്ത കാലമാണല്ലോ. അതിനാൽ അബ്രഹാം അവരെ സ്വീകരിക്കാൻ ഓടിച്ചെന്നു.

"വരൂ, വിശ്രമിച്ചിട്ട് പോകാം" അബ്രഹാം അവരെ വിളിച്ചു. ഞാൻ വെള്ളം കൊണ്ടുവരാം. അതുവരെ ഇവിടെ തന്നെ വിശ്രമിക്കൂ. അവർ അദ്ദേഹത്തോട് നന്ദി പറഞ്ഞ് അവിടെ ഇരുന്നു. അബ്രഹാം അകത്തുചെന്ന് സാറയോട് അവർക്ക് നല്ല ഭക്ഷണം ഒരുക്കാൻ പറഞ്ഞു.

ഭക്ഷണവിഭവങ്ങൾ തയ്യാറായപ്പോൾ അബ്രഹാം അത് കൊണ്ടുപോയി ആഗതർക്ക് നൽകി.

"സാറാ എവിടെയാണ്" അതിഥികൾ ചോദിച്ചു

"കൂടാരത്തിലുണ്ട്" അബ്രഹാം പറഞ്ഞു.

"താമസിയാതെ അവൾ ഒരു പുത്രനെ പ്രസവിക്കും" അതിഥികളിലൊരാൾ പ്രവചിച്ചു.

കൂടാരത്തിന്നടുത്തായിരുന്നു ഈ സംസാരം. സാറാ അത് കേട്ടു.

വൃദ്ധയായ താൻ പ്രസവിക്കാൻ പോകുന്നെന്ന് കേട്ട് ആ അമ്മൂമ്മ പൊട്ടിചിരിച്ചു.

"ഇതെങ്ങനെ സംഭവിക്കും"

സാറാ പുറത്തുവന്ന് അവരോട് ചോദിച്ചു. "വൃദ്ധയായ ഞാൻ ഇനി പ്രസവിക്കയോ"

"ദൈവത്തിന് സാധിക്കാത്തതൊന്നുമില്ല" അതിഥികളിലൊരാൾ പറഞ്ഞു.

അല്പനേരം വിശ്രമിച്ച് അതിഥികൾ അവിടെ നിന്നും പോയി.

അതിഥികളുടെ വാക്ക് ദൈവത്തിൽ നിന്നുള്ള സന്ദേശമാണെന്ന് അബ്രഹാം മനസ്സിലാക്കി.

പ്രവചനം ഫലിച്ചു.

ഒമ്പതുമാസം കഴിഞ്ഞപ്പോൾ സാറാ പ്രസവിച്ചു. നല്ലൊരാൺകുട്ടി.

സാറാ സന്തോഷം കൊണ്ട് ആർത്തുവിളിച്ചു. അബ്രഹാം അഭിമാനപുളകിതനായി. ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് തന്റെ പുത്രനെ നോക്കി നിന്നു. അവർ കുഞ്ഞിനെ വളരെയധികം സ്നേഹിച്ചു.

കുഞ്ഞ് എപ്പോഴും സന്തോഷിച്ച് ചിരിക്കുമായിരുന്നു. അതുകൊണ്ട് അവർ കുഞ്ഞിനെ ഇസഹാക്ക് എന്ന് വിളിച്ചു. ആ കുട്ടിക്ക് ഏറ്റവും യോജിച്ച പേർ. കാരണമെന്താണെന്നോ. ഇസഹാക്ക് എന്നാൽ "ചിരിക്കുന്നവൻ" എന്നാണർത്ഥം. ഇസഹാക്ക് അതിവേഗം വളർന്നുവന്നു. അവനെ കാണുമ്പോഴെല്ലാം അബ്രഹാം ദൈവത്തിന്റെ വാഗ്ദാനം ഓർക്കും. അവനിലൂടെയാണല്ലോ ദൈവം തന്റെ വംശത്തെ പെരുപ്പിക്കാൻ പോകുന്നത്.

* * * * *




# EVANIA SANU

*D/o Sanu Raphael*
*&*
*Nimmitha Seemon*
*Chirakkekaran House*
*Cheroor, Thrissur*





*Grand D/o C.K. Rappai - Adheena Rappai*
*&*
*Seemon Joseph - Sini Seemon*




*Best Compliments From: Emmanuel, Joel and Sereena*




## ANNE KATHRIN

D/o Mrs. Corinna Treite & Mr. Matthias Ihlefeldt
Berlin, Germany

## DILIP

S/o Mrs. Molly Joseph & Mr. Joseph
Thanikkal Chalissery House
Nallengara, Thrissur-5



# 50-ാം വിവാഹവാർഷികം
## 10-09-2022





# V.D. Francis & Mary Francis

**Villadam House, Paravattani**

***"50 വർഷം ഞങ്ങളെ
സുഖത്തിലും ദുഃഖത്തിലും
സന്തോഷത്തിലും
സന്താപത്തിലും ഒന്നിച്ചു
നിർത്തിയ സൈന്യങ്ങളുടെ
യഹോവയ്ക്ക് ആയിരമായിരം
നന്ദി നമസ്കാരം"***




75-ാം ജന്മദിനം
24-09-2022
കോട്ടയത്തുക്കാരൻ റപ്പായി ഭാര്യ
തങ്കമണി
ആശംസകളോടെ... മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# *Dear Appachan's 30th Death Anniversary*

**N.I. CHERIAN** BA, CAIIB
*Rtd. State Bank of India*
**NADAKAVUKARAN HOUSE**
**THRISSUR**

**Born: 31.05.1929**
**Died: 03.10.1992**



## Dear Mummy's 85th Happy Birthday





**ANNA CHERIAN NADAKAVUKARAN**



**W/o Late N.I. CHERIAN**
**Nadakavukaran, Thrissur**
**D/o Late Parapilly Varunny**
**(Contractor)**

*She served as Mahilasamajam Secretary of Marth Mariam Valiya Pally Thrissur for 15 years*
*Also Served Mahilasamajam Central Committee and Badhaniya Committee*



# 1 –ാം ചരമവാർഷികം



## ആലപ്പാട്ട് പുവ്വത്തിങ്കൽ
## റപ്പായി തോമസ്

**ജനനം : 27–05–1947        മരണം : 05–09–2021**

**നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ.**

| | |
|---|---|
| **9-ാം ചരമവാർഷികം**<br>15.10.2022 | **21-ാം ചരമവാർഷികം**<br>30.07.2022 |



| | |
|---|---|
| നീലങ്കാവിൽ അന്തോണി<br>ഭാര്യ **കുഞ്ഞില** | നീലങ്കാവിൽ തോമ<br>മകൻ **അന്തോണി** |
| ജനനം: 29.08.1933<br>മരണം: 15.10.2013 | ജനനം: 31.10.1923<br>മരണം: 30.07.2001 |

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമേ



5-ാം ചരമവാർഷികം
22-08-2022

✝

കുന്നികുരു അന്തോണി
മകൾ **സുറുമ**

ജനനം: 18-09-1932
മരണം: 22-08-2017



*25th Death Anniversary*
*07-09-2022*

✝

## C. K. ANTONY

**Chethalan House**

Born : 30-05-1930 Died : 07-09-1997

# ൫-ാം ചരമ വാർഷികം
## ൦൮-൦൯-൨൦൨൨



പുലിക്കോട്ടിൽ കുന്നങ്കട ലോനപ്പൻ ശമ്മാശൻ മകൻ

# കെ. എൽ. റാഫേൽ

ജനനം: 19-05-1944 മരണം: 08-09-2017

## പാവനസ്മരണയ്ക്ക്



മാളിയേക്കൽ മുളക്കൻ പൈലപ്പൻ
മകൻ **എം.പി. വറീത്**
മരണം : 25-01-1957



മാളിയേക്കൽ മുളക്കൻ വറീത്
ഭാര്യ **ഒ.പി. കൊച്ചുമറിയം**
മരണം : 26-02-1979



ജന്മശതാബ്ദി
മാളിയേക്കൽ മുളക്കൻ വറീത് മകൻ
**എം.വി. ഐസക്**
ജനനം : 10-09-1922 മരണം : 29-06-2009



മാളിയേക്കൽ മുളക്കൻ ഐസക്
ഭാര്യ **സി.ജെ. എൽസി**
ജനനം : 09-12-1926
മരണം : 27-06-2010



മാളിയേക്കൽ മുളക്കൻ ഐസക്
മകൻ **എം.ഐ. ജോർജ്**
ജനനം : 11-02-1959
മരണം : 20-05-1997



മാളിയേക്കൽ മുളക്കൻ ജോർജ്
മകൻ **ലിജോ ജോർജ് എം**
ജനനം : 27-05-1986
മരണം : 01-11-2011

സ്നേഹസ്മരണകളോടെ: *isaacsons.* Ph: 9495039652, +61422594101, 7510884977

16-ാം ചരമ വാർഷികം
14-12-2022

2-ാം ചരമ വാർഷികം
28-09-2022







കുളങ്ങര കുപ്പി ചെറിയ
മകൻ **റപ്പായി**

ജനനം: 10.08.1938 മരണം: 14.12.2006

കുളങ്ങര കുപ്പി റപ്പായി
ഭാര്യ **ലിസി**

ജനനം: 18.11.1950 മരണം: 28.09.2020

**നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ**

**സന്തപ്ത കുടുംബാംഗങ്ങൾ**

## പാവനസ്മരണയ്ക്ക്

9-ാം ചരമവാർഷികം
18.09.2022

4-ാം ചരമവാർഷികം
07-05-2022





പൊറുത്തൂര് കൂനംപ്ലാക്കൽ
പൈലോത് മകൻ **ലാസർ**

ജനനം: 30.07.1931 മരണം: 18.09.2013

പൊറുത്തൂര് കൂനംപ്ലാക്കൽ
ലാസർ ഭാര്യ **എൽസി ടീച്ചർ**
(കാൽഡിയൻ സിറിയൻ ഹൈസ്കൂൾ)

ജനനം: 26-01-1938 മരണം: 07-05-2018

25-ാം ചരമ വാർഷികം
5.09.2022



ബ്രഹ്മകുളത്ത് കാരേപറമ്പിൽ
അല്ലേശു **ജോസഫ്**

മരണം: 05.09.1997



24-ാം ചരമ വാർഷികം
24.09.2022



ബ്രഹ്മകുളത്ത് കാരേപറമ്പിൽ
ജോസഫ് ഭാര്യ **റോസ**

മരണം: 24.09.1998

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ

## പാവന സ്മരണയ്ക്ക്

21-ാം ചരമ വാർഷികം



ചിരിയങ്കണ്ടത്ത് ചാക്കോള തോമസ്
**കുരിയൻ**
(C.T. KURIAN)
ജനനം: 30.07.1912
മരണം: 24.06.2001

13-ാം ചരമ വാർഷികം



ചിരിയങ്കണ്ടത്ത് ചാക്കോള കുരിയൻ
ഭാര്യ **ശോശാമ്മ**

ജനനം: 17.02.1922
മരണം: 08.09.2009

## 4-ാം ചരമവാർഷികം
## 10.09.2022



ചിറയത്ത് കോനിക്കര ജോൺ മകൻ

## തോമസ് (കെ.ജെ.തോമസ്)

(മുൻ രജിസ്ട്രാർ-സെക്രട്ടറി, സംസ്ഥാന
സഹകരണ യൂണിയൻ.
മുൻ സഹകരണ സംഘം രജിസ്ട്രാർ,കേരളം).

ജനനം: 16.08.1937 മരണം: 10.09.2018

എന്ന്
ഭാര്യ,മക്കൾ,മരുമക്കൾ,പേരക്കുട്ടികൾ.

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ.

## 6-ാം ചരമവാർഷികം
## 15-12-2022



ഐനിക്കൽ പൂത്തോക്കാരൻ
ലോനപ്പൻ മകൻ **ജോസ്**

ജനനം: 27-05-1938
മരണം: 15-12-2016

## 2-ാം ചരമവാർഷികം
## 23-09-2022



ഐനിക്കൽ പൂത്തോക്കാരൻ
ജോസ് ഭാര്യ **റോസിലി**

ജനനം: 12-10-1949
മരണം: 23-09-2020

ചേലക്കോട്ടുകര



## 9-ാം ചരമവാർഷികം
22-09-2022

ചിറയത്ത് വറീത് മകൻ

# തോമസ്

ജനനം : 04-04-1937
മരണം : 22-09-2013

എന്ന്,
ഭാര്യ: ഗ്രേയ്സി തോമസ്, മകൻ: വർഗ്ഗീസ് (റെജി)
മരുമകൾ: ആൻ സ്വപ്ന
പേരകുട്ടികൾ: തോമസ് വർഗ്ഗീസ്, മാത്യു വർഗ്ഗീസ്

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ.

1958
ചിറയത്ത് വാച്ച് കമ്പനി, എം.ഒ. റോഡ്, തൃശ്ശൂർ-1

## പാവന സ്മരണയ്ക്ക്

24-ാം ചരമ വാർഷികം
28.09.2022



ഒളരികാളത്തോട്ടുക്കാരൻ തോമ
**അന്തപ്പൻ** (അന്തപ്പൻ മാസ്റ്റർ)
ജനനം: 25.01.1919 മരണം: 28.09.1998

14-ാം ചരമ വാർഷികം
27.06.2022



ഒളരികാളത്തോട്ടുക്കാരൻ അന്തപ്പൻ
ഭാര്യ **മേരി** (മേരി ടീച്ചർ)
ജനനം: 25.10.1922 മരണം: 27.06.2008

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ



2-ാം ചരമവാർഷികം
29.09.2022

# ചമ്മണം ലോനപ്പൻ
# ഭാര്യ എൽസി

പട്ടിക്കാട്

ജനനം : 12-09-1931

മരണം : 29-09-2020

മക്കൾ, മരുമക്കൾ, പേരകുട്ടികൾ

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ



7-ാം ചരമവാർഷികം
15-09-2022

# ചിറ്റിലപ്പിള്ളി പുല്ലോക്കാരൻ
# ദേവസ്സി ഭാര്യ മേരി

ജനനം: 02-12-1946

മരണം: 15-09-2015

മക്കൾ: ഷാജു, ഷീജ, അഡ്വ. ഷിജു ഡേവിസ്
മരുമക്കൾ: സീന, സണ്ണി ( Late ), അഡ്വ. ആൻസി ഷിജു
പേരകുട്ടികൾ: ബ്രിജിത്ത് മിറാൻഡ സുനോജ്, അലൻ ഡേവിഡ്, ഓസ്റ്റിൻ ഡേവിഡ്, ആഷിൻ മേരി, അനറ്റ് മരിയ & ദേവസ്സി എസ്. പുല്ലോക്കാരൻ.

P.K.D. VESSELS

# പാവനസ്മരണയ്ക്ക്



ഇമ്മട്ടി തോമ
**ലോനപ്പൻ**
ജനനം: 17.07.1916 മരണം: 20.11.2004



ഇമ്മട്ടി ലോനപ്പൻ ഭാര്യ
**കുഞ്ഞനം**
ജനനം: 24-09-1918 മരണം: 02-12-2015



ഇമ്മട്ടി ലോനപ്പൻ മകൻ
**ടോണി**
ജനനം: 17.08.1955 മരണം: 07.09.2012



ചിറയത്ത് ആട്ടോക്കാരൻ ദേവസ്സി
മകൻ **ചേറു** (അന്തോണി)
ജനനം: 07.09.1925 മരണം: 14.09.1990



ചിറയത്ത് ആട്ടോക്കാരൻ ചേറു
ഭാര്യ **കുഞ്ഞേത്തി**
ജനനം: 15.11.1925 മരണം: 29.12.2011



ചിറയത്ത് ആട്ടോക്കാരൻ
ചേറു മകൻ **വർഗ്ഗീസ്**
ജനനം: 21.5.1966 മരണം: 13.1.2013

# പാവന സ്മരണയ്ക്ക്

16–ാം ചരമവാർഷികം



ഇമ്മട്ടി കുഞ്ഞുവറീത്
**അന്തോണി**
ജനനം: 31.01.1926 മരണം: 01.09.2006

13–ാം ചരമവാർഷികം



ഇമ്മട്ടി അന്തോണി ഭാര്യ **മേരി**
(Rtd. Teacher Chaldean L.P. School)
ജനനം: 22.11.1927 മരണം: 16.12.2009

6–ാം ചരമവാർഷികം



ഇമ്മട്ടി അന്തോണി
**ഡേവി**
ജനനം: 12.08.1963 മരണം: 21.04.2016

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ

1-ാം ചരമവാർഷികം
27-09-2022



✝

പുലിക്കോട്ടിൽ പുള്ളൂക്കാരൻ
ഫ്രാൻസിസ് കശ്ശീശ മകൻ

## സാമുവൽ

*Retd. State Training Commissioner,*
*The Bharat Scouts & Guides*

ജനനം : 29-11-1945
മരണം : 27-09-2021

സന്തപ്തകുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്





കൊക്കൻ അന്തോണി കൊക്കൻ ലാസർ

**ലാസർ** ഭാര്യ **മേരി**

Inserted by:
K.L. അലക്സ്, ആധാരം എഴുത്ത് കള്ളിയത്ത് റോയൽ സ്ക്വയർ,
പാലസ് റോഡ്, തൃശ്ശൂർ - 680 020
Ph: 0487 2331536, Mob: 9387106029

50-ാം ചരമവാർഷികം



ആലപ്പാട്ട് പുവ്വത്തിങ്കൽ
തോമ മകൻ ദേവസ്സി
(Rtd. Deftry AG's Office Trivandrum)
മരണം: 06-09-1972

31-ാം ചരമവാർഷികം



ആലപ്പാട്ട് പുവ്വത്തിങ്കൽ
ദേവസ്സി ഭാര്യ മറിയം
മരണം: 01-08-1991

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ

18-ാം ചരമവാർഷികം

3-ാം ചരമവാർഷികം



ആലപ്പാട്ട് പൂവ്വത്തിങ്കൽ
കൊച്ചാപ്പു മകൻ ദേവസ്സി
ജനനം : 1924
മരണം : 11-04-2004

ആലപ്പാട്ട് പൂവ്വത്തിങ്കൽ
ദേവസ്സി ഭാര്യ മേരി
ജനനം : 21-09-1935
മരണം : 27-09-2019

സ്നേഹപൂർവ്വം കുടുംബാംഗങ്ങൾ



# 9th Death Anniversary (Died: 25-09-2012)

## USHA BABY

**Rtd. Teacher, Al-Ameen H.S.S.**

**"May her soul rest in peace"**

*By sorrowing Family Members :*
O.K. Baby (Husband)
Jaison Baby, Justin Baby (Sons)
Sanu Jaison, (Daughter in law)
Noel Jaison, Nihara Jaison

Ollukkaran House
Mannath Lane, Thrissur - 1



# 10–ാം ചരമവാർഷികം

05.09.2022

## പാണഞ്ചേരി മാത്യു ഭാര്യ
## ട്രീസ

തൃപ്പാകുളം റോഡ് തൃശ്ശൂർ

ജനനം: 25.03.1926
മരണം: 05.09.2012

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ



10-ാം ചരമവാർഷികം
10.09.2022

ചിരിയങ്കണ്ടത്ത് ലാസർ
മകൻ **ബർസോമ**

ജനനം: 25.05.1961
മരണം: 10.09.2012

---



11-ാം ചരമ വാർഷികം
30-09-2022

കുരുതുകുളങ്ങര
മുറ്റിച്ചൂക്കാരൻ
തരുതു മകൻ സൈമൺ

ജനനം: 12-08-1951
മരണം: 30-09-2011

---

23-ാം ചരമ വാർഷികം



താണിക്കൽ കൊട്ടേക്കാടൻ
വാറു **മാത്യു**

ജനനം: 29.06.1945
മരണം: 24.09.1999

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ

---

34-ാം ചരമവാർഷികം



തെക്കേകര കാളത്തോട്ടുകാരൻ
വാറുണ്ണി **സെബാസ്റ്റ്യൻ**
കുറ്റിച്ചിറ റോഡ് കാളത്തോട്

മരണം: 01-10-1988

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ
നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ
യോഹ. 12:12

---

വേർപാടിന്റെ 8-ാം വർഷം
24.09.2022



ചിറ്റിലപ്പിള്ളി ജോൺസൺ ഭാര്യ
**സി. എസ്. മേരി ടീച്ചർ**
ജനനം: 22.07.1939 മരണം: 24.09.2014

മരിക്കാത്ത ഓർമ്മകളുമായി - സന്തപ്തകുടുംബാംഗങ്ങൾ

---

1-ാം ചരമവാർഷികം
26 - 09 - 2022



പരപ്പൻ യോഹന്നാൻ മകൻ
ജോൺ പോൾ (കുഞ്ഞിപ്പാലു)

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ

VISION LEARNING
LEARNING MADE EASY



**IELTS | OET | UKVI | MOH | DHA | HAAD**

**PROMETRIC | NCLEX-RN | BLS | ACLS**

## IELTS OFFER

**Band Score 7** ലഭിക്കാത്തവർക്ക് coaching fee തിരികെ നൽകുന്നു*

## OET OFFER

**"B" Grade** ലഭിക്കാത്തവർക്ക് Coaching fee തിരികെ നൽകുന്നു*

## SPECIAL OFFER FOR

**DHA MOH PROMETRIC** പരാജയപ്പെടുന്നവർക്ക് coaching fee തിരികെ നൽകുന്നു*

9072549553
FORTBELL BUILDING, 1st FLOOR AMBAKADAN JUNCTION ST THOMAS COLLEGE ROAD, OPP BHARATH PETROL PUMP THRISSUR - 680005

7760930893
visionlearning1@gmail.com



11-ാം ചരമവാർഷികം
11-04-2022

ആലപ്പാടൻ അന്തപ്പൻ മകൻ
**ദേവസ്സി** (ബേബി)
ജനനം: 01-03-1937
മരണം: 11-04-2011

2-ാം ചരമവാർഷികം
06-09-2022

ആലപ്പാടൻ ദേവസ്സി
ഭാര്യ **ആനി**
ജനനം: 10-02-1942
മരണം: 06-09-2020



മണ്ണുത്തി, തൃശ്ശൂർ

നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമെ



2022 ആഗസ്റ്റ് 17, 18 തിയ്യതികളിൽ വടക്കുംഞ്ചേരിയിൽ ഡീക്കൻ വി.വി. ജോസഫിന്റെ മേൽനോട്ടത്തിൽ നടത്തുന്ന 'ഹിസ് ഗ്രെയ്സ്' ആശ്രമത്തിൽ നടന്ന ക്ലേർജി കോൺഫ്രൻസിൽ നിന്ന്









യൂത്ത്സ് അസോസ്സിയേഷൻ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ട്രൈംഫന്റ് 2022 ചടങ്ങിൽ നിന്ന്



ആഗസ്റ്റ് 15-ന് പരിശുദ്ധ കന്യകാ മാർത്ത് മറിയത്തിന്റെ തിരുന്നാൾ ദിനം പറവട്ടാനി മാർ അദ്ദായ് ശ്ലീഹാ പള്ളി വിമൻസ് അസോസ്സിയേഷന്റെ നേതൃത്വത്തിൽ 25 മേരി നാമധാരികളെ ആദരിച്ചു.



ആഗസ്റ്റ് 15-ാം തിയ്യതി പരിശുദ്ധ കന്യകാ മറിയത്തിന്റെ തിരുനാൾ ദിനത്തിൽ നടത്തറ മാർ നർസൈ പള്ളി മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ സഭയിലെ കന്യാസ്ത്രീമാർക്കും ശംശാനീത്തമാർക്കും മാർത്ത് മറിയം അവാർഡ് ഓഫ് ഓണർ സമ്മാനിച്ചു.

# ബൈബിൾ പദപ്രശ്നം 148

**അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 17 മുതൽ 28 ഉൾപ്പടെയുള്ള** അദ്ധ്യായങ്ങളിൽ നിന്ന് മാത്രം. ബാക്കറ്റിൽ കൊടുത്തിരിക്കുന്നത് ഉത്തരങ്ങൾക്ക് ഉപയോഗിക്കേണ്ട കള്ളികളുടെ എണ്ണമാണ്.

## വലത്തോട്ട്

1. അവൻ അഖായയിലേക്കു പോകുവാൻ ഇച്ഛിച്ചപ്പോൾ സഹോദരന്മാർ അവനെ ഉത്സാഹിപ്പിക്കയും അവനെ കൈക്കൊള്ളേണ്ടതിനു ശിഷ്യന്മാർക്ക് എഴുതുകയും ചെയ്തു; അവിടെ എത്തിയാറെ അവൻ ദൈവകൃപയാൽ വിശ്വസിച്ചവർക്കു വളരെ (......) ത്തീർന്നു. (6)
2. മൂന്നുമാസം കഴിഞ്ഞശേഷം ആ ദ്വീപിൽ ശീതകാലം കഴിച്ചു കിടന്നിരുന്ന (........) ചിഹ്നമുള്ളൊരു അലെക്സന്ത്രിയ കപ്പലിൽ ഞങ്ങൾ കയറി പുറപ്പെട്ടു. (3)
4. അവൻ അവരെയും ആ വകയിൽ ഉൾപ്പെട്ട വേലക്കാരെയും കൂട്ടിവരുത്തി : പുരുഷന്മാരേ, നമ്മുടെ (.......) ഈ തൊഴിൽകൊണ്ട് ആകുന്നു എന്ന് നിങ്ങൾക്കു ബോധ്യമല്ലോ. (3)
6. വെളിച്ചമായപ്പോൾ ഇന്ന ദേശം എന്ന് അവർ അറിഞ്ഞില്ല എങ്കിലും കരയുള്ളൊരു (........) കണ്ടു, കഴിയും എങ്കിൽ കപ്പൽ അതിലേക്കു ഓടിക്കേണം എന്ന് ഭാവിച്ചു. (2)
8. സഹോദരനായ ശൗലേ, കാഴ്ച പ്രാപിക്ക എന്നു പറഞ്ഞു; ആ നാഴികയിൽതന്നെ ഞാൻ കാഴ്ച പ്രാപിച്ച് അവനെ (.......) (2)
9. നിങ്ങൾക്ക് ആത്മീകവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന (........) അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു. (4)

## താഴോട്ട്

1. സംസാരിക്കാം എന്ന് ദേശാധിപതി ആംഗ്യം കാട്ടിയാറെ പൗലൊസ് ഉത്തരം പറഞ്ഞത് : ഈ ജാതിക്കു നീ അനേകസംവത്സരമായി ന്യായാധിപതി ആയിരിക്കുന്നു എന്ന് അറികകൊണ്ട് എന്റെ കാര്യത്തിൽ ഞാൻ ധൈര്യത്തോടെ (.......) (7)
3. അങ്ങനെ വലിയൊരു (.......) ഉണ്ടായി; പരീശപക്ഷത്തിലെ ശാസ്ത്രിമാരിൽ ചിലർ എഴുന്നേറ്റു വാദിച്ചു : ഈ മനുഷ്യനിൽ ഞങ്ങൾ ഒരു കുറ്റവും കാണുന്നില്ല; ഒരാത്മാവോ ഒരു ദൂതനോ അവനോട് സംസാരിച്ചു എന്ന് വന്നേക്കാം (4)
4. അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്. അങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ "നാം അവന്റെ (.........)" എന്ന് പറഞ്ഞിരിക്കുന്നു. (5)
5. പടിക്കെട്ടിന്മേൽ ആയപ്പോൾ : അവനെ കൊന്നുകളക എന്ന് ആർത്തുകൊണ്ടു ജനസമൂഹം പിൻചെല്ലുകയാൽ പുരുഷാരത്തിന്റെ ബലാൽക്കാരം പേടിച്ചിട്ടു (.........) അവനെ എടുക്കേണ്ടിവന്നു. (6)
6. അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന് അവരുടെ കണ്ണു (.........) അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു. (4)
7. അവനെക്കുറിച്ചു തിരുമേനിക്ക് എഴുതുവാൻ എനിക്കു നിശ്ചയമായത് ഒന്നുമില്ല; അതുകൊണ്ടു വിസ്താരം കഴിഞ്ഞിട്ടു എഴുതുവാൻ വല്ലതും ഉണ്ടാകേണ്ടതിന് അവനെ നിങ്ങളുടെ (.......), വിശേഷാൽ അഗ്രിപ്പാരാജാവേ, തിരുമുമ്പിലും വരുത്തിയിരിക്കുന്നു. (3)

| | | | | | |
|---|---|---|---|---|---|
| 1 | | | | | |
| | ■ | ■ | 2 | | 3 |
| | 4 | | | 5 | |
| | | 6 | | | |
| | | | ■ | | |
| | | | 7 | | ■ |
| | | | | 8 | |
| 9 | | | | | ■ |

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാനതിയ്യതി : 2022 ഒക്ടോബർ 06**
**അയക്കേണ്ട വാട്സാപ്പ് നമ്പർ 9495 225 426**

(വെള്ളക്കടലാസിൽ കള്ളികൾ വരച്ച് ഉത്തരങ്ങൾ വൃത്തിയായി എഴുതണം. **ഒത്തുവാക്യവും എഴുതണം**. ശരിയുത്തരങ്ങളും അഡ്രസ്സും ഫോൺ നമ്പറും ഒരു പുറത്ത് വരത്തക്ക രീതിയിൽ ഫോട്ടോ എടുത്ത് ഇതോടൊപ്പമുള്ള വാട്സാപ്പ് നമ്പറിൽ അയയ്ക്കുകയോ, പൗരസ്ത്യനാദം ലെറ്റർബോക്സിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്.)

പത്രാധിപർ, പൗരസ്ത്യനാദം മാസിക,
വലിയപള്ളി, മാർ തിമോഥെയൂസ്
ഹൈറോഡ്, തൃശൂർ - 680 001

**ബൈബിൾ പദപ്രശ്നം 147 ശരിയുത്തരം**

| | | | | | |
|---|---|---|---|---|---|
| 1 ഉ | പേ | ക്ഷി | ച്ചു | 2 സൂ | ■ |
| പ | ■ | 3 അ | പേ | ക്ഷി | ച്ചു |
| ദേ | 4 ആ | പ | ത്ത് | ച്ചു | ■ |
| ശം | ലോ | ■ | 5 വാ | കൊ | 6 എ |
| ■ | ച | 7 പാ | യ് | ൾ | ബ്രാ |
| ■ | നാ | 8 ഭ്ര | ക്ക് | വി | യ |
| 9 ചു | റ്റും | മി | ന്നി | ൻ | ഭാ |
| ■ | ■ | ച്ചു | 10 ശു | ശ്രൂ | ഷ |



(147 - ലെ വിജയി)

**മീന ബാബു**
താണിക്കൽ കൊട്ടേക്കാടൻ ഹൗസ്
നെല്ലങ്കര, തൃശ്ശൂർ

(ശരിയുത്തരം നൽകുന്നവരിൽ നിന്ന് ഓരോ മാസവും വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത് സമ്മാനം നൽകുന്നതാണ്.)

# വാർത്തകൾ  വിശേഷങ്ങൾ

## സഭാതാരകം പുരസ്കാരം ഡോ. മാർ അപ്രേം മെത്രാപ്പോലീത്തക്ക്.

ദുബായ്: പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ യു.എ.ഇയിലെ മാർത്ത് മറിയം പാരിഷ് കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള കൽദായ യുവത സഭാ ചരിത്ര സംഭാവനകൾ, ചരിത്രം, വിശ്വാസം, ആചാരങ്ങൾ എന്നിവയുടെ സംരക്ഷണം സഭാ സാമൂഹ്യ സേവനം എന്നിവയെ ആധാരമാക്കി മൂന്നു വർഷത്തിലൊരിക്കൽ നൽകുന്ന "സഭാതാരകം" എന്നതിന്റെ പ്രഥമ പുരസ്കാരത്തിന് ഇന്ത്യയിലെ പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മാർ അപ്രേം തിരുമേനിക്ക് സമർപ്പിച്ചു. അമ്പതിനായിരം രൂപയും ഫലകവുമാണ് അവാർഡ്. യു.എ.ഇ. മുൻ പരിസ്ഥിതി വകുപ്പ് മന്ത്രി ഡോ. മുഹമ്മദ് സെയ്ത് അൽ കിൻഡി, അറബ് സാമൂഹ്യ പ്രവർത്തകർ ലൈല റഹാൽ എന്നിവർ ചേർന്നാണ് ആദരിച്ചത്. സാമൂഹ്യ സേവനവും മതമൈത്രിയും ജീവിത ദർശനമാക്കിയ തിരുമേനിക്ക് ഇരുവരും ചേർന്ന് പ്രശസ്തിപത്രം നൽകി.

## ബിഷപ്പ് പൗലോസ് മാർ പൗലോസ് സ്മാരക കായികമേള

കേന്ദ്രയൂത്ത്സ് അസോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് സ്മാരക കായികമേളയിൽ ഓവറോൾ ഫസ്റ്റ് വലിയപള്ളി യൂത്ത്സ് അസോസ്സിയേഷൻ കരസ്ഥമാക്കി. രണ്ടാംസ്ഥാനം യൂത്ത്സ് അസോസ്സിയേഷൻ നടത്തറ മാർ നർസൈ പള്ളിയും കരസ്ഥമാക്കി. തൃശ്ശൂർ മേയർ എം.കെ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. എ.എം. ആന്റണി, ഫാ. സിജോ ജോണി, സിസ്റ്റർ ഒ.യൂ ജിൻസി, ജീസ്, ജോഫിൻ എന്നിവർ പ്രസംഗിച്ചു.

## മാർ തിമോഥെയൂസ് മെത്രാപ്പോലീത്ത അനുസ്മരണം

മാർ തിമോഥെയൂസ് മെത്രാപ്പോലീത്തയുടെ 21-ാം ചരമവാർഷിക ദിനത്തിൽ ആഗസ്റ്റ് 6-ന് കബറിടത്തിൽ മാർ അപ്രേം മെത്രാപ്പോലീത്ത റീത്ത് സമർപ്പിച്ചു. വലിയ പള്ളി വികാരി ഫാ. സിറിൾ ആന്റണി കശ്ശീശ സന്നിഹിതനായിരുന്നു. മാർ തിമോഥെയൂസ് മെമ്മോറിയൽ ഫെല്ലോഷിപ്പ് ഭാരവാഹികളും പ്രവർത്തകുമായ കെ.ഐ. തോമസ്, സി.ഡി. സണ്ണി, പോൾ മാത്യുസ്, ടി.സി. അബി, ടോണി പി. ചിറയത്ത്, പി.ജെ. ചാക്കോ, ഷാജു ചൂണ്ടൽ, ടി.പി. ജോൺ, ലിയോ കുറ്റൂക്കാരൻ, ടി.വി. മാത്യൂസ്, ജോൺസൺ എന്നിവർ അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.

മാർ തിമോഥെയൂസ് മെട്രോപ്പോലിറ്റൻ മെമ്മോറിയൽ ഫെല്ലോഷിപ്പ് പറവട്ടാനി മാർ അദ്ദായ് ശ്ലീഹാ പള്ളിയിൽവെച്ച് സംഘടിപ്പിച്ച 51-ാമത് പഠന ക്ലാസ്സ് ഉദയംപേരൂർ സുൻഹാദോസും പൗരസ്ത്യ കൽദായ സുറിയാനി സഭയും എന്ന വിഷയത്തെപ്പറ്റി റവ. നിംസൺ വർഗ്ഗീസ് കശ്ശീശ നയിച്ചു.

## ഓണക്കിറ്റ് വിതരണം

മാർ അപ്രേം പള്ളി മെൻസ് അസോസ്സിയേഷൻ ഇടവകയിലെ നാല്പത് കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് വിവിധയിനം പലചരക്കും പച്ചക്കറികളും അടങ്ങിയ കിറ്റ് വിതരണം ചെയ്തു. സെപ്തംബർ 6-ാം തിയ്യതി സംഘടന പ്രസിഡന്റും ഇടവക വികാരിയും കൂടിയായ റവ. ഫാ. ജോസ് ജേക്കബ് വേങ്ങാശ്ശേരി കശ്ശീശ കിറ്റുകൾ ആശീർവദിച്ചു. തദവസരത്തിൽ വൈസ് പ്രസിഡന്റ് റവ.ഫാ. ഡേവിസ് ചുങ്കത്ത് സെക്രട്ടറി ശ്രീ. അബി താഴ്ത്തമെയ്സ് പ്രവർത്തകർ എന്നിവരും സന്നിഹിതരായിരുന്നു. അന്നേ ദിവസം തന്നെ കിറ്റുകൾ അതാത് ഭവനങ്ങളിൽ അംഗങ്ങൾ എത്തിച്ചുകൊടുത്തു.



മാർ യോഹന്നാൻ മാംദ്ദാന പള്ളി യൂത്ത്സ് അസോസ്സിയേഷന്റെ നേതൃത്വത്തിൽ ഉന്നതവിജയം നേടയവരേയും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരേയും ആദരിച്ചപ്പോൾ

## സൺഡെ സ്കൂൾ ഹാളിന്റെ കട്ടിളസമർപ്പണം

നടത്തറ മാർ നർസൈ പള്ളിയിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്ന സൺഡെ സ്കൂൾ ഹാളിന്റെ കട്ടിളസമർപ്പണം വികാരി റവ. റൂണോ വർഗീസ് കശ്ശീശ നിർവ്വഹിച്ചു. ആഗസ്റ്റ് 28 ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്കു ശേഷം വിശ്വാസികളുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. സഹവികാരി ഡീക്കൻ ഫ്രെഡ്ഡി ഡോൺ, കൈക്കാരൻ ജോബി ചിറ്റിലപ്പിള്ളി, കൺവീനർ ജെയിംസ് ഊക്കൻ എന്നിവർ സന്നിഹിതരായിരുന്നു.

## നെല്ലിക്കുന്ന്, മാർ തിമോഥെയൂസ് പള്ളി



നെല്ലിക്കുന്ന് മാർ തിമോഥെയൂസ് ഇടവക യൂത്ത്സ് അസോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ ഉന്നതവിജയം നേടയവരേയും വിവിധ പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവരേയും അനുമോദിച്ചപ്പോൾ.

## ഓണപലഹാരങ്ങൾ



മാർ മാറി ശ്ലീഹ പള്ളി വിമൺ യൂത്ത്സ് അസോസ്സിയേഷന്റെ നേതൃത്വത്തിൽ മാർ തിമോഥെയൂസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള ഓണപലഹാരങ്ങൾ ഫാ. വിനോദ് തിമത്തി കശ്ശീശ സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ബെൻസി ടീച്ചർക്ക് കൈമാറുന്നു

***ചാരിറ്റി അയക്കാനുള്ള***

*Bank Details:-*

*Bank Name :- SIB, HIGH ROAD*
*ACCOUNT NAME :*
*CHALDEAN CHARITABLE TRUST*
*A/C NUMBER : 0086053000007721*
*IFSC : SIBL0000086*

## ചരമം

നിര്യാതരായ വ്യക്തികളുടെ ചരമക്കുറി പൗരസ്ത്യനാദം ഓഫീസിന്റെ മെയിൽ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്).വാട്സാപ്പ് – 9847462866.



കുരുതുകുളങ്ങര പൊറിഞ്ചു
മകൻ ബാബു
മരണം: 11-08-2022



ചൂണ്ടൽ സെബാസ്റ്റ്യൻ
ഭാര്യ മേരി
മരണം: 12-08-2022



മാളിയേക്കൽ പീറ്റർ
ഭാര്യ സാറ
മരണം: 15-08-2022



ചിറ്റിലപ്പിള്ളി ചാക്കോ
മകൻ രാജൻ
മരണം: 23-08-2022



കണ്ണമ്പുഴ വള്ളൂപ്പാറ ജോസഫ്
ഭാര്യ എൽസി
മരണം: 24-08-2022



കുറ്റിക്കാടൻ തിമോത്തി
ഭാര്യ റെയ്ച്ചൽ (ലീല)
മരണം: 24-08-2022



കാരേപറമ്പൻ തിമത്തി
ഭാര്യ മറിയാമ്മ
മരണം: 25-08-2022



താഴ്ത്ത കുഞ്ഞുവറീത്
മകൻ ജോൺ
മരണം: 26-08-2022



കടവി റപ്പായി
മകൻ തോമസ്
മരണം: 21-08-2022



തെക്കേക്കളം കൊള്ളന്നൂർ
അബ്രഹാം ഭാര്യ റോസി
മരണം: 04-09-2022



തേയ്ക്കാനത്ത് മണ്ണൂക്കാടൻ
വർഗ്ഗീസ് ഭാര്യ മേരി (ബേബി)
മരണം: 06-09-2022



മാളിയേക്കൽ റപ്പായി മകൻ
ഫ്രാൻസീസ് (പൊറിഞ്ചു)
മരണം: 12-09-2022

## കുരിശിന്റെ ശക്തി ആരാധന

**എല്ലാ വ്യാഴാഴ്ചയും വലിയപള്ളിയുടെ കുരിശുപള്ളിയിൽ**

5.00 p.m. **മുതൽ** 6.30 p.m. **വരെ**

### പ്രാസംഗികർ

2022 ഒക്ടോബർ 06

**ഫാ. സിറിൾ ആന്റണി കശ്ശീശ**

2022 ഒക്ടോബർ 13

**ഫാ. സിജോ ജോണി കശ്ശീശ**

2022 ഒക്ടോബർ 20

**ശ്രീമതി ഷീബാ വിൽസൺ**

### നിങ്ങൾക്കറിയാമോ?

1. മ്ശീഹായിൽ രണ്ട് സ്വഭാവങ്ങൾ ഉണ്ടെന്ന് സഭ പഠിപ്പിക്കുന്നു അവ ഏവ?

2. പരിശുദ്ധ സഭയുടെ വിശ്വാസത്തിൽ സെപ്റ്റംബർ മാസം പതിമൂന്നാം തിയ്യതി ഏത് തിരുനാൾ ആഘോഷിക്കുന്നു?

3. പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാം ആളായ പുത്രനായ ദൈവം ആകുന്നു .........?

4. 2022 സെപ്തംബർ 14 മുതൽ 19 വരെ പരിശുദ്ധ സഭയുടെ സുൻഹാദോസ് നടക്കുന്നതെവിടെ?

5. വിശുദ്ധ വേദപുസ്തകത്തിൽ എത്ര സുവിശേഷങ്ങൾ ഉണ്ട്?

**(ഉത്തരം പേജ് – 54)**

## ഈക്കാറാ 2022

അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത തിരുമേനിയുടെ 54-ാം മെത്രാപ്പോലീത്തൻ പട്ടാഭിഷേക വാർഷിക ആഘോഷവും സഭയിലെ ഇടവകകളിൽ സേവനം അനുഷ്ഠിക്കുന്ന കപ്യാർ സ്ഥാനീയർക്ക് ആദരവും 2022 സെപ്തംബർ 29-ാം തിയ്യതി വ്യാഴാഴ്ച മെൻസ് അസോസ്സിയേഷൻ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. "ഈക്കാറ 2022" എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പരിപാടിയുടെ ലോഗോ പ്രകാശനം പാതൃയർക്കൽ അഡ്മിനിസ്ട്രേറ്റർ മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ നിർവ്വഹിച്ചു. ഈക്കാറ എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'ആദരവ്' എന്നാണെന്ന് ലോഗോ പ്രകാശന സമയത്ത് തിരുമേനി വിശദീകരിക്കുകയുണ്ടായി.



അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് എപ്പിസ്കോപ്പ 'ഈക്കാറ' ലോഗോ പ്രകാശനം നടത്തുന്നു

## അറിയാൻ ആദരിക്കാൻ



ISC +2 പരീക്ഷയിൽ 98% മാർക്കോടു കൂടി വിജയം കരസ്ഥമാക്കിയ ജിബിൻ ബിജു. പൊറത്തൂക്കാരൻ ബിജ്ജാനന്ദിന്റെയും സുനിതയുടെയും മകനും പടിഞ്ഞാറേകോട്ട മാർ ഔഗിൻ തൂവാന പള്ളി ഇടവകാംഗമാണ്.



2022 ആഗസ്റ്റ് 14-ന് ചെന്നൈയിൽ വെച്ചു നടന്ന 16th YOGA Pradarshan South India-2022ൽ 6-8 age ഗ്രൂപ്പിൽ Hand balancing വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ആബേൽ മനോജ്. ചാലക്കുടി മാർത്ത് മറിയം ഇടവകയിലെ ചീരമ്പൻ വീട്ടിൽ മനോജിന്റെയും ജിസ്മേരിയുടെയും മകനാണ്.

# സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ

ബേബി ജോസ്

മത്തായിയുടെ സുവിശേഷം 16:13-20 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ പത്രോസിന് കർത്താവ് കൊടുത്ത പദവികൾ നമുക്ക് കാണുവാൻ സാധിക്കും. ദൈവം പലരേയും വ്യക്തമായ ഉദ്ദേശത്തോടെയാണ് വിളിക്കുന്നത്. പത്രോസിനെ എപ്പോഴെല്ലാം വിളിച്ചു എന്നു നോക്കാം. യോഹന്നാൻ 1:41,42 അന്ത്രയോസിന്റെ കൂടെ പത്രോസിനെ കണ്ടെത്തിയതായി കാണുന്നു. അവിടെവെച്ച് പത്രോസിന് പുതിയ പേര് കൊടുക്കുന്നു. കേഫാ എന്നു പറഞ്ഞാൽ അത് പത്രോസ് ആകുന്നു. മാർക്കോസിന്റെ സുവിശേഷത്തിൽ 1:16-20 വരെ വായിക്കുമ്പോൾ യേശു നേരിട്ട് പത്രോസിനെ വിളിക്കുന്നതായി കാണാം. എന്നെ അനുഗമിപ്പിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറയുന്ന ഭാഗം നമുക്ക് കാണുവാൻ സാധിക്കുന്നു. പത്രോസ് ഒന്നും ചോദ്യം ചെയ്യാതെ യേശുവിനെ അനുഗമിച്ച് അനുസരിച്ചു. യേശുവിനെ അനുസരിക്കുമ്പോഴും അനുഗമിക്കുമ്പോഴുമാണ് നമുക്കും അനുഗ്രഹങ്ങൾ കിട്ടുന്നത്.

ഇനി പത്രോസിന് കിട്ടിയ ഭാഗ്യങ്ങൾ എന്തൊക്കെയെന്ന് നോക്കാം. ഒന്നാമതായി പുതിയ പേരുകൾ കൊടുത്തു. ബർയോന ശീമോനെ, കേഫാ എന്ന പേരുകളൊക്കെ ശീമോനെ പത്രോസാക്കി മാറ്റി. ഇങ്ങനെ പുതിയ പേരുകൾ നമുക്കും കർത്താവ് തരുന്നുണ്ട്. മകനെ മകളെ എന്ന് വിളിക്കുന്ന ശബ്ദം നാം കേൾക്കുന്നില്ല എന്നു മാത്രം. കർത്താവ് ശിഷ്യന്മാരോട് ചോദിക്കുന്നുണ്ട് നിങ്ങൾ എന്നെ ആർ എന്നു പറയുന്നു. ശീമോൻ പത്രോസ് പറയുന്ന മറുപടി നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു എന്ന് ഉത്തരം പറയുന്നു. കർത്താവ് ആഗ്രഹിച്ച മറുപടി തന്നെ പത്രോസ് കൊടുക്കുന്നു. അപ്പോൾ യേശു പറയുന്ന വാക്കാണു ബർയോന ശീമോനെ നീ ഭാഗ്യവാൻ. യേശു പത്രോസിന് കൊടുക്കുന്ന ഭാഗ്യാവസ്ഥ ഇങ്ങനെയുള്ള ഭാഗ്യാവസ്ഥകൾ നമ്മുടെ ജീവിതത്തിലും ഉണ്ടായിട്ടില്ലെ? നടക്കുകയില്ല എന്ന് കരുതുന്ന കാര്യങ്ങൾ നടത്തിതരുന്ന യേശു. ഭവനമായിക്കോട്ടെ നല്ലൊരു ജോലിയായിക്കോട്ടെ നല്ല വിവാഹം ഇതെല്ലാം നാം നിനച്ചതിലു അത്യന്തം പരമായി ചെയ്തു തരുവാൻ കഴിവുള്ളവനാണ് നമ്മുടെ യേശു.

മത്തായി 16:18 നീ പത്രോസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. മണലിന്മേലും പാറമേലും ഭവനം പണിത ആളുകളെക്കുറിച്ച് നമുക്കറിയാം. വൻ മഴ വന്നു കാറ്റടിച്ചു. ആ ഭവനം തകർന്നുപോയി. മണലിൽ പണിത വീടിന്റെ അവസ്ഥ. കാറ്റടിച്ചാലും വൻ മഴ വന്നാലും തകർന്നു പോകാത്ത ഭവനങ്ങൾ നമുക്ക് സ്വർഗ്ഗത്തിൽ പണിയുവാൻ സാധിക്കണം. പത്രോസിനെപ്പോലെ ഉറപ്പുള്ളവരായിരിക്കണം. എതു പ്രതിസന്ധികൾവന്നാലും മാറ്റമില്ലാത്ത യേശുവിന്റെ കൂടെ ഞാനും എന്റെ കുടുംബവും ആയിരിക്കും എന്ന് പറയുവാൻ നമുക്ക് സാധിക്കണം. അതിന് യേശുവിന്റെ വിളി നാം കേൾക്കണം. വചനങ്ങൾ നാം പഠിക്കണം. മറ്റുള്ളവരിലേക്ക് പകരണം.

പത്രോസിന് അധികാരം കൊടുക്കുന്നു. എന്താണ് അധികാരം. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ കൊടുക്കുന്നു. സുവിശേഷമെന്നു താക്കോൽ കൊണ്ട് നമുക്ക് തുറക്കുവാൻ സാധിക്കണം. സുവിശേഷം മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ സാധിക്കണം. പൗലോസ് പറഞ്ഞതുപോലെ നിർബന്ധം എന്റെ മേൽ കിടക്കുന്നു. പൗലോസിനു മാത്രമല്ല നിർബന്ധം നമ്മുടെ മേലും ഉണ്ട്. എത്രയോ സുവിശേഷ വേലക്കാർ വടക്കെ ഇന്ത്യയിൽ പോയി ക്രിസ്തുവിനെ അറിയാത്ത മക്കൾക്ക് ക്രിസ്തുവിനെ കാണിച്ചു കൊടുക്കുന്നു. ധാരാളം കഷ്ടങ്ങളിൽ കൂടിയാണ് അവർ അത് ചെയ്തു കൊണ്ടിരിക്കുന്നത്. ഭക്ഷണമില്ലാതേയും താമസിക്കാൻ സൗകര്യമില്ലാതെയും അവർ കഷ്ടപ്പെടുന്നത് എന്തിനു വേണ്ടിയാണ്. ഒരാളെങ്കിലും ക്രിസ്തുവിനെ അറിഞ്ഞാൽ സ്വർഗ്ഗത്തിൽ അവന്റെ പേർ എഴുതി ചേർക്കുമെന്ന് മനുഷ്യൻ വിശ്വസിക്കുന്നു.

അഞ്ചാമതായി പത്രോസിന് ഒരു നിയോഗം കൊടുക്കുന്നു. മത്തായി 16:19 നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും. യേശു പത്രോസിന് കൊടുത്ത നിയോഗമണ്. ഞാനും നിങ്ങളും തനിയെ അല്ല യാത്ര ചെയ്യുന്നത്. കൂടെ നമ്മുടെ യേശുവുമുണ്ട്. ആ യേശുവിന്റെ കൂടെ യാത്ര ചെയ്യുവാൻ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ. പത്രോസിനു കൊടുത്തതുപോലെ പുതിയ പേരുകൾ ഭാഗ്യാവസ്ഥ, ഉറപ്പ്, അധികാരം, നിയോഗം ഇതെല്ലാം എനിക്കും നിങ്ങൾക്കും തരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ഗിരിപ്രഭാഷണം

ബാബു ഡി. പോൾ

സംഭവങ്ങൾ, അത്ഭുതപ്രവൃത്തികൾ, ഉപദേശങ്ങൾ ഇവയാണ് സുവിശേഷങ്ങളിൽ നാം കാണുന്നത്. ഉപദേശങ്ങളിൽ തന്നെ ഇഹലോകജീവിതമര്യാദകളെ സൂചിപ്പിക്കുന്നവയും ദൈവരാജ്യത്തെയും നിത്യജീവനെയും കുറിച്ചു പഠിപ്പിക്കുന്നവയും ഉണ്ട്. ദൈവരാജ്യം, നിത്യജീവൻ, കുരിശിന്റെ വേദശാസ്ത്രം തുടങ്ങിയവയെക്കുറിച്ചു ചർച്ച ചെയ്യേണ്ടത് വേദശാസ്ത്രഭൂമികയിലാണ്. അതു ക്രൈസ്തവർക്കും ക്രിസ്തുമതത്തിൽ താത്പര്യം ഉള്ളവർക്കും മാത്രം കൗതുകം ഉണ്ടാവുന്ന മേഖലയാണല്ലോ. നമ്മുടെ ദൈനംദിന ജീവത്തെ സ്വാധീനിക്കേണ്ട ആശയങ്ങളെക്കുറിച്ചു മാത്രം ഉള്ള അന്വേഷണമാണ് ഈ കൃതി. സുവിശേഷങ്ങളിലെ മതനിരപേക്ഷ പ്രസക്തിയുള്ള ആശയങ്ങളാണ് നാം തേടുന്നത്. അതിന് ഏറ്റവും ഉതകുന്നത് ഗിരിപ്രഭാഷണം ആണ്.

മത്തായിയുടെ സുവിശേഷത്തിലെ അഞ്ച്, ആറ്, ഏഴ് എന്നീ മൂന്ന് അദ്ധ്യായങ്ങളിൽ സംഗ്രഹിച്ചിരിക്കുന്ന ഉപദേശ സംഹിതയാണ്. ലൂക്കോസിന്റെ സുവിശേഷത്തിൽ സമാന്തരം എന്നു പറയാവുന്ന ഒരു ഭാഗം ഉണ്ട്. ആറാം അദ്ധ്യായത്തിലെ മുപ്പത് വാക്യങ്ങൾ. വേദപുസ്തക വിദ്യാർത്ഥികൾ അതിനു പറയുന്ന പേര് സമതല പ്രഭാഷണം–സേർമൺ ഓൺ ദ് പ്ളെയിൻ/ഇൻ ദ് വാലി എന്നാണ്.

ഗിരിപ്രഭാഷണം തുടർച്ചയായി നടന്ന ഒരു പ്രസംഗത്തിന്റെ രേഖയല്ല. തുടക്കത്തിലുള്ള രണ്ടു വാക്യങ്ങളും അവസാന വാക്യവും ധ്വനിപ്പിക്കുന്നതു മറിച്ചാണെങ്കിലും പ്രശസ്ത പണ്ഡിതനായ വില്യം ബാർക്ളേ ഉൾപ്പടെയുള്ള പണ്ഡിതർ ഇതിനു പറയുന്ന ന്യായങ്ങൾ യുക്തിഭദ്രമാണ്. ഒരൊറ്റ പ്രസംഗം ആയിരുന്നു എങ്കിൽ പ്രസംഗം തീരും മുമ്പേ ശ്രോതാക്കളിൽ പകുതിപ്പേർ ഉറങ്ങിപ്പോയേനെ എന്ന് ഒരു പണ്ഡിതൻ തമാശ പറഞ്ഞിട്ടുണ്ട്. ആഴമേറിയ ആധ്യാത്മികതയോ ധർമ്മമീമാംസാ പരിചയമോ ഇല്ലാതിരുന്നവരായിരുന്നു ശിഷ്യന്മാരും കേൾക്കാനെത്തിയ സാധാരണക്കാരും ആയിരുന്നു എന്നിരിക്കെ ഈ സാരോപദേശ സാരം കാച്ചിക്കുറുക്കി നൽകാൻ യേശുവിനെപ്പോലെ ഒരു നല്ല അധ്യാപകൻ തയ്യാറാകുമായിരുന്നില്ല എന്നു മറ്റൊരാളും സമർത്ഥിക്കുന്നു. തന്നെയുമല്ല ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചുമാത്രം അല്ല പറയുന്നത്. ഒരിടത്ത് വിവാഹമോചനം, മറ്റൊരിടത്ത് പ്രാർത്ഥനയുടെ വേദശാസ്ത്രം, ഇനിയൊരിടത്ത് പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന ഉപദേശവും വിശ്വപ്രശസ്തമായ കർത്തൃപ്രാർത്ഥനയും. ഒരു നല്ല പ്രഭാഷകൻ ഒരിക്കലും സ്വീകരിക്കാത്ത അവിയൽ പ്രമാണം.

മത്തായിയുടെയും ലൂക്കോസിന്റെയും രചനയും രചനാരീതിയും പരിശോധിച്ചാലും ഇതേ നിഗമനത്തിനാണ് പിൻബലം കിട്ടുക.

ആശയങ്ങൾ സംഗ്രഹിച്ച് സമാഹിക്കുന്നത് മത്തായിയുടെ ഒരു സമ്പ്രദായം ആണ്. ഒമ്പത്, പത്ത് അധ്യായങ്ങളിലായി ശിഷ്യത്വത്തെക്കുറിച്ചുള്ള ആശയങ്ങൾ, പതിമൂന്നാം അധ്യായത്തിൽ സ്വർഗ്ഗരാജ്യസങ്കൽപ്പങ്ങൾ, ഇരുപത്തിനാലിലും അടുത്ത അധ്യായത്തിലും യുഗാന്ത്യചിന്തകൾ ഇങ്ങനെയൊക്കെയാണ് മത്തായിയുടെ രചനാസമ്പ്രദായം.

ലൂക്കോസാണല്ലോ ഇതേ ആശയങ്ങൾ അവതരിപ്പിക്കുന്ന മറ്റെയാൾ. രണ്ടും തമ്മിൽ താരതമ്യം ചെയ്തു പരിശോധിച്ചാൽ ഒരിക്കൽ പറഞ്ഞതു പലയിടത്താക്കിയെന്നോ പലപ്പോൾ പറഞ്ഞത് ഒരിടത്താക്കി എന്നോ പറയേണ്ടിവരും. ഗിരിപ്രഭാഷണത്തിൽ ഒട്ടാകെ നൂറ്റിയേഴ് വാക്യങ്ങളാണ്. ഇവയിൽ 47 എണ്ണം ലൂക്കോസ് രേഖപ്പെടുത്തിയിട്ടില്ല. 29 എണ്ണം സമതല പ്രഭാഷണത്തിൽ കാണാം. 34 എണ്ണം പലയിടത്തായി ചിതറിക്കിടക്കുന്നു. യേശു ഒരിക്കൽ പറഞ്ഞത് ലൂക്കോസ് കഷണങ്ങളാക്കി എന്നു കുരുതുന്നതിനേക്കാൾ യേശു പലപ്പോഴായി പറഞ്ഞതു തന്റെ രചനാരീതിക്കു വഴങ്ങുന്നതായി മത്തായി മാറ്റിയെടുത്തു എന്നു പറയുന്നതാവും യുക്തിക്ക് നിരക്കുക.

ക്രൈസ്തവ ദർശനസാരം, ദൈവരാജ്യത്തിന്റെ ഭരണഘടന, രാജാവിന്റെ നയപ്രഖ്യാപനം എന്നൊക്കെയാണു ഗിരിപ്രഭാഷണത്തിനു നൽകപ്പെടാറുള്ള വിശേഷണങ്ങൾ. ഈ വിശേഷണങ്ങൾ സൂചിപ്പിക്കുന്ന ഗരിമക്ക് ഉപോദ്ബലകമായി ബാർക്ളേ മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്ന ശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. അവൻ തിരുവായ്മൊഴിഞ്ഞു അവ

രോടു ഉപദേശിച്ചതെന്തെന്നാൽ: മത്തായി 5:1–2

ഒന്ന്: 'അവൻ ഇരുന്നു' എന്ന് പറഞ്ഞിരിക്കുന്നു. ഔപചാരികമായി പാഠങ്ങൾ പറഞ്ഞുകൊടുക്കുമ്പോൾ യഹൂദ റബ്ബിമാർ ഇരുന്നുകൊണ്ടാണ് ആ കർത്തവ്യം നിർവ്വഹിച്ചിരുന്നത്. സർവ്വകലാശാലകളിൽ ഇന്നും പ്രയോഗത്തിലുള്ള ശൈലിയാണല്ലോ ദ് പ്രഫസേഴ്സ് ചെയർ.

രണ്ട: 'അവൻ തിരുവായ്മൊഴിഞ്ഞ് പഠിപ്പിച്ചു' എന്നു കാണുന്നു. ഇംഗ്ലീഷിൽ ഏറ്റവും പുതിയ ഭാഷാന്തരങ്ങളിൽ പോലും opened his mouth എന്നു കാണുമെങ്കിലും ചില പുതിയ മലയാള ഭാഷാന്തരങ്ങളിൽ ഇത് ഉപേക്ഷിച്ചിട്ടുള്ളതു കാര്യം അറിയാതെ മലയാളം പരിഷ്കരിച്ചതിന്റെ ഫലം ആണ് എന്നേ പറയാനാവൂ.വായ് തുറക്കാതെ സംസാരിക്കാനാവുകയില്ല എന്നു വാദിക്കരുത്. ഗ്രീക്കു സമ്പ്രദായത്തിൽ വളരെ പ്രധാനപ്പെട്ട സംഗതികൾ പറയുമ്പോൾ ഉപയോഗിച്ചിരുന്ന ആമുഖമാണ് ഇത്. ഡെൽഫിയിലെ വെളിച്ചപ്പാട് 'പറഞ്ഞു' എന്നല്ല 'തിരുവായ്മൊഴിഞ്ഞ് പറഞ്ഞു' എന്നു പറയുന്നതായിരുന്നു യവനരീതി. അസാധാരണമായ ഗാംഭീര്യം മത്തായി സന്നിവേശിപ്പിച്ചിരിക്കുന്നതായി ജസ്വീറ്റ് പണ്ഡിതനായ മക്കൻസിയും ഈ വാക്യത്തെക്കുറിച്ചു പറയുന്നുണ്ട്. ഇതു യേശുവിന്റെ രാജകീയ നയപ്രഖ്യാപനം proclamation of the reign ആയതിനാലാണ് അത് എന്നു മക്കൻസി കൂട്ടിച്ചേർക്കുന്നുമുണ്ട്.

ഒപ്പം ഒരു വൈകാരികഭാവവും ഇല്ലാതില്ല. ഹൃദയം തുറന്നു സംസാരിക്കുന്നു എന്ന സൂചന. പറയുന്നവനും കേൾക്കുന്നവർക്കും ഇടയിൽ സർവ്വേക്കല്ലുകളില്ല. വായിൽ തോന്നിയതു കോതപാടുകയായിരുന്നില്ല. ആലോചിച്ചുറപ്പിച്ചാണ് പറയുന്നത്. ലക്ഷ്യപ്രാപ്തിക്കു തന്റെ ആയുധങ്ങൾ ആകാനുള്ളവരെ ഗുരു ഹൃദയം തുറന്നു കാട്ടുകയാണ് ഇവിടെ.

മൂന്ന്: പഠിപ്പിച്ചു എന്ന ഗ്രീക്കുപദവും പരിശോധനാവിധേയമായിട്ടുണ്ട്. ഒരു ഗതകാല സംഭവം സൂചിപ്പിക്കുന്ന അദ്യതന ഭൂതകാലരൂപം (aorist tense) അല്ല മൂലത്തിൽ ഉപയോഗിച്ചിട്ടുള്ളത് എന്ന് ബാർക്ളേ പറഞ്ഞു തരുന്നു. അപൂർണ്ണ ക്രിയാകാലരൂപം (imperfect tense) എന്നാണു വ്യാകരണഭാഷ.

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആദ്യവർഷത്തിലാണ് ഗിരിപ്രഭാഷണം നടന്നത്. മതമേധാവികളുടെ എതിർപ്പിന് കൃത്യമായ രൂപം ആർജിച്ചിരുന്നില്ല. അതേ സമയം ഗലീലയിൽ എവിടെയും പ്രശസ്തി വ്യാപിച്ചു കഴിഞ്ഞിരുന്നു. ശ്രോതാക്കൾ സിനഗോഗുകളിൽ ഒതുങ്ങാതായി. യോഹന്നാൻ തടവിൽ ആയി എന്നു കേട്ടാറെ അവൻ ഗലീലെക്കുവാങ്ങിപ്പോയി, നസറെത്ത് വിട്ടു സെബൂലൂന്റെയും നഫ്താലിയുടെയും അതിരുകളിൽ കടൽക്കരെയുള്ള കഫർന്നഹൂമിൽ ചെന്നു പാർത്തു; 'സെബൂലൂൻ ദേശവും നഫ്താലിദേശവും കടൽക്കരയിലും യോർദ്ദാനക്കരെയുമുള്ള നാടും ജാതികളുടെ ഗലീലയും ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു' എന്നു യെശയ്യാ പ്രവാചകൻ മുഖാന്തരം അരുളിചെയ്തു നിവൃത്തിയാകുവാൻ ഇടവന്നു. അന്നുമുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി. ആഹ്വാനം വിശദീകരിക്കാൻ കാലമായി. ആ വിശദീകരണമാണു ഗിരിപ്രഭാഷണം. പ്രധാനമായും ശിഷ്യന്മാരെയാണ് ലക്ഷ്യമാക്കിയത്. എങ്കിലും മറ്റുള്ളവരും ശ്രോതാക്കളായി ഉണ്ടായിരുന്നു എന്നു വ്യക്തമാണ്.

ഗിരിപ്രഭാഷണത്തിന് ഒട്ടേറെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ഉണ്ടായിട്ടുണ്ട്.

ക്രിസ്തീയ ജീവിതത്തിന്റെ നിയാമകതത്വങ്ങളാണ് ഗിരിപ്രഭാഷണത്തിൽ വായിച്ചെടുക്കേണ്ടത് എന്ന് അഗസ്റ്റിൻ നാലാം നൂറ്റാണ്ടിൽ പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ടവർ അവശ്യം അനുഷ്ഠിക്കേണ്ട ധർമസംഹിത എന്നായിരുന്നു മധ്യശതകങ്ങളിൽ സന്യാസാശ്രമങ്ങൾ വ്യാഖ്യാനിച്ചത്. ദ്വിതല ധാർമികത Two tier ethic എന്നാണ് സാങ്കേതികപദം. വത്തിക്കാൻ സുൻഹാദോസ് വരെ റോമാസഭയുടെ ചിന്ത ഇതായിരുന്നു. എന്നാൽ എല്ലാ വിശ്വാസികളും പാലിക്കേണ്ട തത്വങ്ങളാണ് ഇവ എന്നു നവീകരണ വാദികൾ കരുതി.

ടോൾസ്റ്റോയി അഞ്ചു കല്പനകൾ ആയി ഗിരിപ്രഭാഷണത്തെ വിലയിരുത്തി. കോപം അരുത്, ജീവിതവിശുദ്ധി വേണം, ആണയിടരുത്, അഹിംസ പാലിക്കണം, ശത്രുക്കളോട് അതിരില്ലാത്ത സ്നേഹം വേണം എന്നിവയാണ് ടോൾസ്റ്റോയി അക്കമിട്ട കല്പനകൾ. ഇവ പാലിക്കപ്പെട്ടാൽ യൂട്ടോപ്പിയ സാക്ഷാത്കൃതമാകുമെന്നും ഗിരിപ്രഭാഷണം ഒരു പുതിയ സാമൂഹിക ധർമ്മത്തിന്റെ വിളംബരകും എന്നും ടോൾസ്റ്റോയി വിശ്വസിച്ചു.

ഷ്വൈറ്റ്സറാകട്ടെ ദൈനംദിന ജീവിതത്തിൽ

സാധാരണക്കാരനു പാലിക്കാൻ എളുപ്പമല്ലാത്ത യുഗാന്ത്യകാല പ്രമാണങ്ങളായിട്ടാണ് ഗിരിപ്രഭാഷണത്തെ കണ്ടത്. ഭാരത ഭരണഘടനയിലെ നിയാമകതത്വങ്ങൾ പോലെ മനഃസ്ഥിതിയാണ്, കർമ്മപഥമല്ല ഇത് എന്ന് ഇമ്മാനുവേൽ കാന്റ് കരുതി. അപ്രാപ്യങ്ങളായ ആദർശങ്ങൾ ആകയാൽ മനുഷ്യനു തന്റെ പരിമിതികളെക്കുറിച്ചുള്ള അവബോധവും തദ്വാരാ വർധമാനതരമായ ദൈവാശ്രയവും നൽകും എന്നു കിറ്റലും ആത്മപരിശോധനക്കുതകുന്ന മാനദണ്ഡങ്ങളാണ് ഇവ എന്നു മാർട്ടിൻ ലൂഥറും ചിന്തിച്ചു.

ദൈവഹിതം നടക്കട്ടെ എന്നതാണ് ഗിരിപ്രഭാഷണത്തിന്റെ സത്ത എന്നു ഹാൻസ് ക്യുങ് പറഞ്ഞിട്ടുണ്ട്. നിരീക്ഷിക്കപ്പെടാനും നിയന്ത്രിക്കപ്പെടാനും കഴിയുന്ന ബാഹ്യകർമ്മങ്ങൾ മാത്രമല്ല, മറ്റാർക്കും നിയന്ത്രിക്കാനോ നിരോധിക്കാനോ കഴിയാത്ത ആന്തരിക പ്രതികരണങ്ങൾ കൂടെ യേശു ലക്ഷ്യമിടുന്നു. അവൻ മനുഷ്യന്റെ ഹൃദയവികാരങ്ങളെയാണ് തേടുന്നത്. നല്ല ഫലം മാത്രം പോരാ, മരവും നല്ലതാവണം. അവനു വേണ്ടത് എന്റെ പ്രവൃത്തികൾ മാത്രമല്ല. എന്നെ മുഴുവനായി അവനു വേണം. ഇതാണ് ഹാൻസ് ക്യുങ് കാണുന്ന ഗിരിപ്രഭാഷണസത്ത.

ഗിരിപ്രഭാഷണം വിശദമായി പരിശോധിക്കുന്നതിനു മുമ്പ് അത്യസ്ഥൂലമായി വരച്ചുവയ്ക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

ഒന്നാമത്, ദൈവരാജ്യത്തിലെ സൗഭാഗ്യങ്ങൾ. ആരാണു ഭാഗ്യവാന്മാർ. അവിശ്വാസികളുടെ ലോകത്തിൽ ശിഷ്യന്മാരുടെ കടമ.

രണ്ടാമത്, യേശുവിന്റെ സന്ദേശവും പഴയ സംവിധാനവും തമ്മിലുള്ള ബന്ധം. ബന്ധം നിർവചിച്ച്, വിശദീകരിച്ച്, ഉദാഹരിക്കുന്നു. കൊലപാതകത്തിലെ പാപം കോപമാണ്, വ്യഭിചാരത്തിലെ പാപം മോഹമാണ്, സത്യസന്ധർക്ക് ആണ വേണ്ട, തിന്മയക്കു പകരം നന്മ, സ്നേഹത്തിന് അതിരില്ല.

മൂന്നാമത്, ദൈവരാജ്യത്തിലെ നടപടിച്ചട്ടങ്ങൾ. കപടഭക്തി ഒഴിവാക്കണം, സമ്പൂർണ്ണ വിശ്വാസത്താൽ ഉത്കണ്ഠ ഉന്മൂലനം ചെയ്യണം, സ്നേഹത്തിൽ ജീവിക്കണം.

നാലാമത്, സമർപ്പിത ജീവിതത്തിനുള്ള വെല്ലുവിളി.

ഇവിടെ മറ്റൊരു സംഗതി കൂടെ ചർച്ച ചെയ്യാനുണ്ട്. ഗിരിപ്രഭാഷണം മോശയുടെ നിയമങ്ങളുടെ വിശദീകരമമാണോ, തിരുത്തലാണോ പുതിയ ഒരു നിയമസംഹിതയാണോ?

നാലാം നൂറ്റാണ്ടിൽ അഗസ്റ്റിൻ പറഞ്ഞത് തെർത്തുല്യൻ, ഓറിഗൻ തുടങ്ങിയവർ മാത്രമല്ല, മധ്യശതകങ്ങളിൽ അക്വിനാസും ശരിവച്ചു. മോശയുടെ ന്യായപ്രമാണം വിശദീകരിച്ച് ഉറപ്പാക്കുകയായിരുന്നു യേശു ചെയ്തത്.

ആറു കാര്യങ്ങളാണ് അഗസ്റ്റിൻ ചൂണ്ടിക്കാണിച്ചത്. ഒന്ന്: യേശു ന്യായപ്രമാണം അനുസരിച്ചു. രണ്ട്: യേശു ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിന്റെ മാർഗ്ഗദർശനത്തോടെ തന്റെ മാതൃക തുടരാൻ ശക്തി പകർന്നു. മൂന്ന്: യേശു ന്യായപ്രമാണം പൂർത്തീകരിച്ചു. നാല്: യേശു ന്യായപ്രമാണത്തിന്റെ മ്ശീഹാമാനം സാക്ഷാത്കരിച്ചു. അഞ്ച്: യേശു അനുഷ്ഠാനങ്ങൾക്കപ്പുറത്തെ ആശയാടിസ്ഥാനം വ്യക്തമാക്കി. ആറ്: യേശു പുതുതായി പറഞ്ഞതൊന്നും പഴയതിനെ അഴിച്ചുകളയുന്നതായിരുന്നില്ല. അഗസ്റ്റിന്റെ പ്രബന്ധങ്ങളിലേക്കു നാം കടക്കേണ്ടതില്ല. യേശു തന്നെ പറഞ്ഞവല്ലോ; ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത് എന്ന്.

ഇന്നു പണ്ഡിതർ രണ്ടു ചോദ്യങ്ങളാണ് ചർച്ച ചെയ്യുന്നത്. യേശു മോശയുടെ ന്യായപ്രമാണം വ്യാഖ്യാനിക്കുക മാത്രമാണോ ചെയ്തത്. അതോ അവിടെ നിന്നു മുന്നോട്ടു പോയോ? മുന്നോട്ട് പോയെങ്കിൽ അതു മോശൈകന്യായപ്രമാണത്തെ എവിടെയെങ്കിലും ദുർബ്ബലപ്പെടുത്തിയോ മുന്നോട്ടു പോയി എന്നതിൽ തർക്കമില്ല. രണ്ടാമത്തെ കാര്യത്തിൽ ഭിന്നാഭിപ്രായങ്ങൾ കാണുന്നുണ്ടെങ്കിലും ദുർബ്ബലപ്പെടുത്തി എന്നുതന്നെ ആണ് ശരിയുത്തരം. അതേ സമയം വിവാഹമോചനം, ആണ, പ്രതികാരം എന്നിവയിലൊക്കെ മോശ പറഞ്ഞുവച്ചതല്ല യേശു പറഞ്ഞതെങ്കിലും യഹൂദനായി ജനിച്ചു ജീവിച്ച യേശു വിശദീകരണ രൂപേണ പറഞ്ഞതൊക്കെ അക്കാലത്തെ പല റബ്ബിമാരും പഠിപ്പിച്ചു വന്നതാണ് എന്നു കൂടെ കൂട്ടിച്ചേർക്കേണ്ടതുണ്ട്. അവയ്ക്കൊന്നും ഔദ്യോഗികാംഗീകാരം ഉണ്ടായിരുന്നില്ലെന്നുകൂടെ ഒപ്പം ചേർത്തുപറയണം എന്നു മാത്രം. യേശു പറഞ്ഞതിന് ലഭിച്ച അംഗീകാരവും ആധികാരികതയും മറ്റുള്ളവർ പറഞ്ഞതിനു ലഭിച്ചില്ലതാനും.

●



# ഇങ്ങനെയൊക്കയും ചിന്തിക്കാം

സാമുവേൽ

ധന്യമായ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ പലരുടെയും ചിന്തയിൽ ലോകത്ത് രൂപം പൂണ്ട ചില ആശയങ്ങൾ കേൾക്കുക, പലതും മുത്തുകൾ, പലതും ജീവിതത്തിൽ പാലിക്കേണ്ടവ, ചിലത് നിങ്ങളുടെ യുക്തി പ്രയോഗിച്ച് വിലയിരുത്തി മാത്രം സ്വീകരിക്കുകയോ തള്ളി കളയുകയോ ചെയ്യാവുന്നവ.

1. ആരെയെങ്കിലും പരിപൂർണ്ണമായി തോൽപിക്കണമെങ്കിൽ വിനയം കൊണ്ട് തോൽപിക്കാൻ കഴിയും.

2 സൂര്യനിലേക്ക് മുഖം തിരിച്ച് വെച്ചാൽ ഒരിക്കലും നിഴലിനെ കാണേണ്ടി വരില്ല.

3 നിങ്ങളുടെ പ്രശ്നങ്ങൾ ആരോടും പറയേണ്ട. 20 ശതമാനം പേർ തീരെ ശ്രദ്ധിക്കുകയില്ല. 50 ശതമാനം പേർ അത് കേട്ട് സന്തോഷിക്കുകയായിരിക്കും.

4 ജീവിതം ബോക്സിങ്ങ് മത്സരം പോലെയാണ്. വീഴുമ്പോഴല്ല വീണിട്ട് എഴുന്നേൽക്കാതിരിക്കുമ്പോഴാണ് നിങ്ങൾ പരാജയപ്പെട്ടതായി പ്രഖ്യാപിക്കുക.

5 സുഖവും ജീവിത വിജയവും രണ്ട് കാര്യങ്ങളെ ആശ്രയിച്ചിരിക്കും. ഒന്നുമില്ലാത്ത കാലത്ത് കാര്യങ്ങൾ നടത്തികൊണ്ട് പോകുന്ന രീതിയാണ് ഒന്ന്. രണ്ടാമത് നിങ്ങൾക്ക് വേണ്ടതെല്ലാം വേണ്ടിടത്തോളം ഉള്ളപ്പോൾ പെരുമാറുന്ന രീതി.

6 കാത് കേൾക്കാത്ത കുട്ടിക്ക് നിങ്ങൾക്കൊക്കെ ഞാൻ കാത് കേൾക്കാത്തയാൾ. പക്ഷെ എനിക്ക് നിങ്ങളെല്ലാം ശബ്ദമില്ലാത്തവർ.

7 ഏത് ബന്ധവും തകർക്കാൻ ഒറ്റ കാര്യം മതി. "അഹന്ത" പക്ഷെ അഹങ്കാരികൾക്ക് ഒരു ഗുണമുണ്ട്. അവർ അന്യരെ പറ്റി സംസാരിക്കില്ല.

8 അന്യരുടെ വിചാരങ്ങൾ വായിച്ചറിയുവാൻ കഴിയാത്തതിന് ഗുണം രണ്ട്. അന്യരെ വിശ്വസിക്കാൻ നമുക്ക് കഴിയുന്നു. അന്യർ നമ്മെ വിശ്വസിക്കുന്നു.

9 വിശ്വാസം സ്റ്റിക്കർ പോലെയാണ്. ഇളക്കിയാൽ വീണ്ടും ഒട്ടിയേക്കും, പക്ഷെ ആദ്യത്തെ പോലെ ഇറുകെയാവില്ല. ബന്ധങ്ങൾ നന്നായി കാത്ത് സൂക്ഷിക്കുക.

10 വാദിച്ച് ജയിക്കാൻ നോക്കണ്ട. പുഞ്ചിരിച്ച് തോൽപ്പിക്കുക.

11 ഏത് വഴിയാണ് പോകേണ്ടത് എന്ന് കേൾവിക്കാരൻ സന്തോഷത്തോടെ ചോദിക്കത്തക്ക വിധത്തിൽ "പോയി തുലയട്ടെ" എന്ന് പറയുന്ന കാലമാണ് നയതന്ത്രം.

12 കായലിൽ വീണാൽ നീർത്തുള്ളിയുടെ വ്യക്തിത്വം നഷ്ടപ്പെടും. പക്ഷെ താമരയിലാണ് വീഴുന്നതെങ്കിൽ മുത്തുപോലെ തിളങ്ങും. നീർത്തുള്ളി ഒന്നുതന്നെ. നിങ്ങൾ ആരോട് ഒത്തിരിക്കുന്നു എന്നതാണ് പ്രധാനം.

13 തലമുടി പോലെയോ, നഖം പോലെയോ ആകണം പ്രതീക്ഷകൾ. എത്ര വെട്ടിയാലും വീണ്ടും വളരണം.

14 ഓർമ്മൾക്കൊരു വിശേഷമുണ്ട്. നാം കരഞ്ഞതോർത്ത് ചിലപ്പോൾ ചിരിക്കും, ചിരിച്ചതോർത്ത് കരയുകയും ചെയ്യും. ഇതല്ലെ ജീവിതം.

15 കടൽ എല്ലാവർക്കുമുള്ളതാണ്. ചിലർ മുത്ത് വാരുന്നു. ചിലർ മീൻ പിടിക്കുന്നു. ചിലരാകട്ടെ നനഞ്ഞ കാലുമായി കയറി വരുന്നു. ലോകവും ഇതുപോലെ തന്നെ. നാം ശ്രമിക്കുന്നതനുസരിച്ച് നമുക്ക് കിട്ടുന്നു.

16 വിശേഷ കാരണമില്ലാതെയും പുഞ്ചിരിക്കുക. ലക്ഷ്യമില്ലാതെയും നടക്കുക. ആവശ്യമില്ലെങ്കിലും കൊടുക്കുക. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സഹായിക്കുക.

ഇതെല്ലാം വ്യക്തി ബന്ധങ്ങളിലെ മനോഹാരിതകളാണ്.



# യുവശബ്ദം

ജോഫിൻ ജോൺ ഒല്ലൂക്കാരൻ – ജോയിന്റ് സെക്രട്ടറി
യൂത്ത്സ് അസ്സോസിയേഷൻ കേന്ദ്രസമിതി
**ഫോൺ: 8714314393**

**പ്രിയ സുഹൃത്തേ,**

**എന്താണ് ജീവിതലക്ഷ്യം**

നിങ്ങൾ എന്തെന്ന് നിങ്ങളുടെ ഉള്ളിൽ നിന്നും പറയുന്നുവോ അതുതന്നെയാണ് നിങ്ങളുടെ ജീവിതലക്ഷ്യം. നമ്മുടെ തീരുമാനവും ചിന്തയും നമ്മുടേത് മാത്രമാണ്. എന്നാൽ അത് നന്മയുടെ മാർഗ്ഗങ്ങളാകണം. അല്ലെങ്കിൽ അത് ഉപേക്ഷിക്കുക. ഇപ്പോൾ നിങ്ങൾ ആയിരിക്കുന്ന സ്ഥാനത്ത് എത്തിച്ചതിനും, ഒരു പുതിയ തുടക്കത്തിലേക്ക് നയിച്ചതിനും അതിനോട് കൃതജ്ഞതയുള്ളയാളായിരിക്കുക. ഓരോരുത്തർക്കുമുള്ള ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കും. എങ്കിലും ഏതു സാഹചര്യം ആണെങ്കിലും അതിനനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് സാധിക്കണം. നിങ്ങളുടെ മുന്നിൽ ശൂന്യതയാണെങ്കിൽ തകർന്നു പോകരുത്. ദൈവാശ്രയത്തോടെ നിങ്ങൾക്ക് ആരംഭം കുറിക്കാം. ദൈവത്തിൽ നിങ്ങളുടെ ആനന്ദം കണ്ടെത്തുക. ജീവിച്ച് തുടങ്ങുക.

**ട്രൈംഫന്റ് 2022**

യൂത്ത്സ് അസോസ്സിയേഷൻ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ നമ്മുടെ സഭയിൽ നിന്നും 2021-2022 വർഷത്തിൽ എസ്.എസ്.എൽ.സി., പ്ലസ്ടൂ, ഡിപ്ലോമ, ബാച്ച്ലർ ഡിഗ്രി, മാസ്റ്റർ ഡിഗ്രി, പി.എച്ച്.ഡി. എന്നിവയിൽ വിജയിച്ച എല്ലാ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെയും സൺഡെ സ്കൂൾ എപ്ലസ് ഗ്രേഡ് നേടിയവരെയും ആദരിച്ചു.

**കാൽഡിയൻ കോവിഡ് വാളണ്ടിയേഴ്സ് ടീമിനെ ആദരിച്ചു.**

ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് കലാകായികോത്സവം 2022 മത്സരത്തിലെ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. കലാകായികമേളയിൽ മാർത്ത് മറിയം വലിയപള്ളി, തൃശ്ശൂർ ടോട്ടൽ പോയിന്റിൽ ഒന്നാംസ്ഥാനവും, മാർ നർസൈ പള്ളി നടത്തറ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

2021-2022 കാലഘട്ടത്തിലെ മികച്ച ഇടവകയായി മാർ യോഹന്നാൻ മാംദ്ദാന പള്ളി യൂത്ത്സ് അസോസ്സിയേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

2021-2022 കാലഘട്ടത്തിലെ മികച്ച സെക്രട്ടറിയായി ശ്രീ. ജിൽസൺ ജോസ് എം (മാർ യോഹന്നാൻ മാംദ്ദാന പള്ളി കിഴക്കേകോട്ട) ശ്രീ. അൽബിൻ റോയ് (മാർത്ത് മറിയം വലിയപള്ളി, തൃശ്ശൂർ) തെരഞ്ഞെടുക്കപ്പെട്ടു.

2021-2022 കാലഘട്ടത്തിലെ മികച്ച യൂത്ത്സ് മെമ്പറായി ശ്രീ. ആഷ്ലി ഷിബു (മാർ യോഹന്നാൻ മാംദ്ദാന പള്ളി കിഴക്കേകോട്ട) ശ്രീ. ജോസഫ് ക്രിസ്റ്റൊ (മാർ നർസൈ പള്ളി, നടത്തറ) എന്നിവരെ തെരഞ്ഞെടുത്തു.



ജിൽസൻ ജോസ് എം.



അൽബിൻ റോയി



ആഷ്ലി ഷിബു



ജോസഫ് ക്രിസ്റ്റോ



കേന്ദ്ര വിമൺ യൂത്ത്സ് അസോസിയേഷൻ

## അവളുടെ കൈയൊപ്പ്

**മെറിൻ ജെബി - വൈസ് പ്രസിഡന്റ്**

**നിന്റെ എല്ലാ പ്രവർത്തികളും ദൈവവിചാരത്തോടെ ആകട്ടെ ...**

ഓണാഘോഷങ്ങൾ നിറഞ്ഞ ഈ ഒരു മാസത്തിൽ ആഘോഷങ്ങൾക്കിടയിൽ നാം മറന്നു പോകുന്ന ഒന്നാണ് പരസ്പര സ്നേഹം. ഓണം ആഘോഷിക്കുന്ന ഈ മാസത്തിൽ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി പോലും ബുദ്ധിമുട്ടുന്ന ആളുകളെ നമ്മൾ മറന്നു പോകുന്നു. കുടുംബവുമായി സദ്യ പങ്കിട്ട് ആസ്വദിക്കുമ്പോൾ നാം ഒരു നേരത്തെ ഭക്ഷണം കിട്ടാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാനുള്ള മനഃസ്ഥിതി കാണിക്കാതിരിക്കുന്നു. എല്ലാവരേയും സഹായിക്കുവാൻ കഴിയില്ലെങ്കിലും അതിൽ ഒന്നു രണ്ടു പേരെയെങ്കിലും സഹായിക്കുമെങ്കിൽ ആ ഓണാഘോഷമാണ് ഏറ്റവും വലിയ ആഘോഷമായി മാറുന്നത്. ബൈബിളിൽ ഇങ്ങനെ പറയുന്നു. “ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം” (മത്തായി 16:26).

ഒരുവൻ ഈ ലോകത്ത് എന്ത് നേടിയാലും സ്വന്തം വ്യക്തിത്വം നിലനിർത്തണമെങ്കിൽ പരസ്പര സ്നേഹം വേണം. ഒന്ന് ചിന്തിക്കുക ഈശോ അഞ്ചപ്പം കൊണ്ട് 5000 പേരെ പോഷിപ്പിച്ച വ്യക്തിയാണ്. ഈശോയിൽ വിശ്വസിക്കുന്ന നാമും പരസ്പരം സഹായിച്ചാൽ മാത്രമേ നമുക്കും വിജയം കൈവരിക്കുവാനും സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാനും സാധിക്കുകയുള്ളൂ. “നിന്റെ എല്ലാ പ്രവർത്തികളും ദൈവവിചാരത്തോടെ ആകട്ടെ അവിടുന്ന് നിനക്ക് വഴി തെളിയിച്ചു തരും” (സദൃശ്യവാക്യങ്ങൾ 3:6).

സമൃദ്ധി ഉണ്ടാകുന്നത് ദൈവം അനുഗ്രഹിക്കുമ്പോഴാണ്. അനുഗ്രഹം നമുക്ക് ലഭിക്കുന്നത് നമ്മിൽ ഉള്ള നന്മയിലൂടെയാണ്. നന്മ ചെയ്യുമ്പോൾ മാത്രമേ നമുക്കും സമൃദ്ധി ഉണ്ടാവുകയുള്ളൂ. അതിനാൽ തന്നെ ഓണം ആഘോഷിക്കുന്ന ഈയൊരു മാസത്തിൽ നമുക്ക് മറ്റുള്ളവരെ സഹായിക്കുവാൻ പരമാവധി ശ്രമിക്കാം. ദൈവവിചാരത്തോടെ എന്ത് പ്രവർത്തി ചെയ്യുമ്പോഴും അതിൽ ദൈവത്തിന്റെ കൈയൊപ്പ് ഉണ്ടായിരിക്കും. നാം ചെയ്യുന്ന ഓരോ പ്രവർത്തിയും ദൈവം കാണുന്നുണ്ടെന്നുള്ള ചിന്ത നമുക്ക് വേണം.

കൊറോണയും വെള്ളപ്പൊക്കവും എല്ലാം കഴിഞ്ഞുപോയ ഈയൊരു കാലഘട്ടത്തിൽ ഇപ്പോഴും ദാരിദ്ര്യത്തിൽ നിന്നും കരകയറാൻ കഴിയാത്ത പല കുടുംബങ്ങളും ഉണ്ടാകും. അവർക്ക് നമ്മളാൽ കഴിയുന്ന സഹായങ്ങൾ ചെയ്യാൻ കഴിയണം. എന്നാൽ ഈ ചെയ്യുന്ന നന്മ മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ആകരുത്. മറിച്ച് പരസ്പരം സ്നേഹിച്ച് സാഹോദര്യം നിലനിർത്തി കൊണ്ടുള്ള നന്മ പ്രവർത്തികൾ മാത്രമേ ചെയ്യുവാൻ പാടുള്ളൂ. ഒന്നോർക്കുക നാം എന്ത് പ്രവർത്തി ചെയ്യുമ്പോഴും അതെല്ലാം നോക്കികാണുന്ന ഈശ്വരൻ അതിനെല്ലാം നമുക്ക് തക്കതായത് നൽകുന്നുണ്ട്. എന്തൊക്കെ സംഭവിച്ചാലും അവസാനം മരണനാളിൽ നമുക്ക് ഒന്നും തന്നെ ഈ ഭൂമിയിൽ നിന്നും കൊണ്ടുപോകുവാൻ കഴിയുകയില്ല. മനുഷ്യശരീരം പോലും മണ്ണിൽ അലിഞ്ഞുചേരും. അപ്പോഴും നിലനിൽക്കുന്നത് ആത്മാവ് മാത്രമാണ്. അതിന് നന്മയും പരസ്പര സ്നേഹവും നിലനിർത്തേണ്ടത് വളരെ അത്യാവശ്യമാണ്.

**നിങ്ങൾക്കറിയാമോ - ഉത്തരങ്ങൾ**

1. *ദൈവസ്വഭാവവും, മനുഷ്യസ്വഭാവവും*
2. *സ്ലീവാ തിരുനാൾ* 3. *വചനമായ ദൈവം*
4. *ഇറാഖിലെ എർബിൽ പട്ടണത്തിൽ വെച്ച്*
5. *നാല്*



# മെൻസ് അസോസ്സിയേഷൻ

## പൗരസ്ത്യ കൽദായ സുറിയാനി സഭ

**അബി ജെ. പൊന്മണിശ്ശേരി**
ജനറൽ സെക്രട്ടറി
**ഫോൺ: 9447829220**

**MEN'S ASSOCIATION**
**CHALDEAN SYRIAN CHURCH OF THE EAST**

Email: mensassociationcsce1001@gmail.com

**പ്രിയരെ സ്നേഹവന്ദനം,**

ആഗസ്റ്റ് മാസം മെൻസ് അസോസ്സിയേഷന്റെ വിവിധ ശാഖകളിലെ പ്രവർത്തനങ്ങളിൽ എടുത്ത് പറയേണ്ടത് പൂച്ചെട്ടി മാർ പത്രോസ് ശ്ലീഹ ശാഖ പ്രൗഢ ഗംഭീരമായി സംഘടിപ്പിച്ച ആദരണീയം പരിപാടിയായിരുന്നു. അവരുടെ ശാഖയിലെ 75 വയസ്സും അതിന് മേൽ പ്രായമുള്ള മെൻസ് അംഗങ്ങളെ ആദരിക്കുക എന്നതായിരുന്നു ചടങ്ങ്. അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ചു. ജീവിതത്തിൽ ആദരവ് ലഭിക്കുക എന്നത് ഏവർക്കും അഭിമാനകരവും ഏറ്റവും സന്തോഷകരവുമായ അനുഭവമാണ്. ഇങ്ങനെയൊരു പരിപാടി സംഘടിപ്പിച്ചുകൊണ്ട് മുതിർന്ന അംഗങ്ങളെ പള്ളിയിൽ കൊണ്ടുവരുവാനും അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനിയിൽ നിന്ന് പൊന്നാട സ്വീകരിച്ച് ഫോട്ടോ എടുക്കുവാനും കഴിഞ്ഞത് അവർക്കെന്നും ഓർമ്മയിൽ സൂക്ഷിക്കാവുന്ന ഒന്നായിരിക്കും. ഈ പരിപാടി സംഘടിപ്പിച്ച ശാഖയിലെ എല്ലാ മെൻസ് അംഗങ്ങളെയും പ്രവർത്തക സമിതി അംഗങ്ങളെയും അഭിനന്ദിക്കുന്നു. കൂടാതെ ശാഖയിൽ ആറ് പുതിയ അംഗങ്ങൾക്ക് സംഘടനയുടെ ആജീവനാന്ത അംഗത്വം നൽകുകയും നിലവിലുള്ള എല്ലാ ആജീവനാന്ത അംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. നെല്ലിക്കുന്ന് മാർ തിമോഥെയൂസ് ശാഖ മരണം സംഭവിച്ച ഭവനങ്ങളിൽ നമ്മുടെ സഭയുടെ പാരമ്പര്യ ഗാനങ്ങൾ കേൾപ്പിക്കുവാനും സംസ്കാര ശുശ്രൂഷകളിൽ വൈദികർക്ക് ഉപയോഗിക്കുവാനും സാധിക്കുന്ന, കൊണ്ട് നടക്കാവുന്ന മൈക്ക്സെറ്റ് ഇടവകകാർക്ക് സൗജന്യമായി ഉപയോഗിക്കുവാൻ ഇടവകയ്ക്ക് നൽകുകയുണ്ടായി. ഈ അടുത്ത കാലത്ത് നമ്മുടെ ഈ അവസരത്തിൽ ഭവനങ്ങളിൽ പാട്ടുകൾ പാടുവാൻ ആളില്ലാത്തതിനാൽ ഇതര സഭകളുടെ മരണശുശ്രൂഷ ഗാനങ്ങൾ ചിലയിടങ്ങളിൽ വെയ്ക്കുന്നത് കണ്ടുവരുന്നു. നെല്ലിക്കുന്ന് ശാഖാ അംഗങ്ങളുടെ പ്രവർത്തക സമിതി അംഗങ്ങളെയും മറ്റു മെൻസ് അംഗങ്ങളെയും അനുമോദിക്കുന്നു. നമ്മുടെ മറ്റു സംഘടനാ ശാഖകൾക്കും ഇത് ഒരു മാതൃകയും പ്രചോദനവുമാകട്ടെ.

അടുത്തത് വളരെ ഖേദപൂർവ്വം അറിയിക്കട്ടെ. ഏപ്രിൽ മാസത്തിൽ കേന്ദ്രസമിതി തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഉള്ള 13 ശാഖകൾ മാത്രമേ ഈ അഞ്ച് മാസം കഴിഞ്ഞിട്ടും ഉള്ളൂ എന്നത് ഞങ്ങൾക്ക് അഭിമാനകരമായി തോന്നുന്നില്ല. സംഘടനയുടെ ശാഖകൾ ഉള്ള ഇടവകകൾ തന്നെ അവിടുത്തെ പ്രവർത്തകരോട് പറഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്തി പ്രവർത്തനസജ്ജമാക്കുന്നില്ല എന്നത് നിരാശാജനകമാണ്. ഞാൻ വീണ്ടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു ദയവായി പ്രവർത്തനങ്ങളുമായി മുന്നോട്ടു വരൂ.

സെപ്റ്റംബർ മാസത്തിൽ കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ രണ്ട് പരിപാടികൾ സംഘടിപ്പിക്കുന്നു. ആദ്യത്തേത്, നമ്മുടെ സഭയുടെ ആരാധനാ വർഷത്തിൽ പല കാലങ്ങളുണ്ട്. ആ കാലങ്ങളിൽ വരുന്ന തിരുന്നാളുകളുണ്ട്. സഭയിലെ വിശുദ്ധന്മാരുടെ ഓർമ്മദിനങ്ങൾ ഉണ്ട്. വിശുദ്ധന്മാരിൽ കുറച്ചുപേരെ നമുക്ക് അറിയാം കുറെ തിരുന്നാളുകളെക്കുറിച്ചും. എന്നാൽ ഭൂരിപക്ഷം വിശ്വാസികൾക്കും കുറെ വിശുദ്ധന്മാരെക്കുറിച്ചും തിരുനാളുകളെ സംബന്ധിച്ചുമുള്ള അറിവ് പരിമിതമാണെന്ന് മനസ്സിലാക്കുന്നു. അറിയാത്തവർക്ക് ഇത്തരം കാര്യങ്ങൾ മനസ്സിലാക്കുവാനും, ഭാവിതലമുറയിലേക്ക് നമ്മുടെ വിശുദ്ധ വീരന്മാരെക്കുറിച്ചുള്ള അറിവ് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടു കൂടെയും ഒരോ വിശുദ്ധന്റെ ഓർമ്മദിനത്തിലും തിരുന്നാൾ ദിനത്തിലും അതിനെ സംബന്ധിക്കുന്ന ഒരു ലഘുലേഖ നമ്മൾ പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രസ്തുത പരിപാടിയുടെ ആദ്യലഘുലേഖ ഈ വർഷത്തെ സ്ലീവാ തിരുനാൾ ദിനം സെപ്തംബർ 13-ന് പുറത്തിറക്കുന്നു. പരിപാടി



# മാർ അപ്രേം സൺഡേ സ്കൂൾ

ഫാ. വിനോദ് തിമത്തി. സി. - ജനറൽ സെക്രട്ടറി
ഫോൺ: 9791069005



2022-2023 വർഷത്തിലെ സൺഡെ സ്കൂൾ അധ്യാപകരുടെ പരിശീലന ക്ലാസ്സ് ആഗസ്റ്റ് 14-ന് ചേലക്കോട്ടുകര മാർ അപ്രേം പള്ളിയിൽ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നും അധ്യാപകർ പരിശീലനക്ലാസ്സിൽ പങ്കെടുത്തു. പുതിയ കാലഘട്ടത്തിൽ പുതിയ രീതികളിലൂടെ സഭാമക്കളെ വിശ്വാസപരിശീലനം നൽകി വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട വി.വി. ജോസഫ് ശമ്മാശൻ പ്രധാനവിഷയമായി അവതരിപ്പിച്ചു. അധ്യാപകർ സജീവമായി ചർച്ചകളിൽ പങ്കെടുക്കുകയും പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. പുതിയ ആവേശത്തോടെ വിദ്യാർത്ഥികളെ രക്ഷിതാവായ ക്രിസ്തുവിലേക്ക് ആനയിക്കുക എന്ന ഉറച്ച തീരുമാനത്തോടെയാണ് ഈ വർഷത്തെ അധ്യാപക പരിശീലനക്ലാസ്സ് അവസാനിച്ചത്.

യുടെ വിജയത്തിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

രണ്ടാമത്തെ പരിപാടി സെപ്തംബർ 29-ന് അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത തിരുമേനിയുടെ മെത്രാപ്പോലീത്തൻ പട്ടാഭിഷേകത്തിന്റെ 54-ാം വാർഷികമാണ്. ആ സുദിനത്തിൽ നമ്മുടെ സഭയിലെ ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന കപ്യാർമാരെ ആദരിക്കുന്നു. ഈക്കാറാ-2022 എന്ന് പേരിട്ടിട്ടുള്ള പരിപാടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പരിപാടികളുടെ വിജയത്തിനായി നിങ്ങൾ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ പിന്തുണയും സഹായസഹകരണവും ഞങ്ങൾക്ക് നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ആത്മീയതയുടെ നനവ് വരണ്ട് പോകാതെ സൂക്ഷിക്കേണ്ടത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വമാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് വിഭാഗികതയുടെയും കൃതിമത്വത്തിന്റെയം വിരസതയുടെയും ഭയത്തിന്റെയും പ്രലോഭനത്തിന്റെയും ഭീഷണിയുടെയും അസഹിഷ്ണുതയുടെയും അസ്വസ്ഥതകളിൽ നിന്ന് നമ്മുടെ പരിശുദ്ധ സഭയെ രക്ഷിച്ചെടുക്കുവാൻ നമുക്ക് കൈക്കോർക്കാം, ഒന്നിച്ച് മുന്നേറാം. എല്ലാവർക്കും ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ •



**മഹിളാ സമാജം കോളം**

## 'അമ്മയുടെ സാന്ത്വനം' (ലൂബാവ ദിമ്മാ)

**കാൽഡിയൻ സിറിയൻ മഹിളാസമാജം – തോട്ടാൻപേട്ട**

ഫോൺ : 7559836360, 2420993

മേരി പോൾ, ജനറൽ സെക്രട്ടറി

ഒരുശീലം ചീത്തയാണെന്നു ബോധ്യപ്പെട്ടാൽ അതു നിർത്തുവാൻ ഒട്ടും മടിക്കാണിക്കരുത്. നാളെയാവാം പിന്നീടാവാം എന്നു വിചാരിച്ച് ആ ശ്രമം ഒരിക്കലും നീട്ടിവെക്കരുത്. അതുടനെ നടപ്പിലാക്കുക. പല ഒഴികഴിവുകളും നമ്മുടെ മനസ്സിൽ ഉയർന്നുവരാം. പിന്നെ നമ്മുടെ ഉദ്ദേശ്യം ഒരിക്കലും സാധ്യമാവുകയില്ല. നമ്മുടെ ആരാധനാലയത്തിൽ പോയി ദൈവസാന്നിധ്യത്തിൽ വെച്ചു പ്രതിജ്ഞയെടുക്കുക. അതുനിറവേറ്റാൻ എനിക്കു സാധിക്കും എന്നു ഒരോദിവസവും രാവിലെ പ്രർത്ഥനയിൽ പ്രതിജ്ഞയെടുക്കുക. ദുസ്സ്വഭാവത്തിലേക്കു നമ്മെ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളിൽ നിന്നും മനഃപൂർവ്വം വിട്ടുനിൽക്കുക.

നമ്മുടെ ശ്രമവും ദൈവകൃപയും ഒരുമിച്ചു ചേരുമ്പോൾ അസാധ്യമായിരുന്നതുപലതും സുസാധ്യമായിത്തീരും. ദൈവം നമുക്കു നൽകിയ താലന്തുകളെ ദുരുപയോഗപ്പെടുത്താതെ നല്ല രീതിയിൽ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുക. ദൈവം നമുക്കു തന്നിട്ടുള്ള ഏറ്റവും വലിയ ദാനമാണ് നമ്മുടെ ഇച്ഛാശക്തി. ക്ഷമിക്കുവാനും പൊറുക്കുവാനും നമുക്കു കഴിയണം. നമ്മുടെ ജീവിതത്തിന്റെ ചുക്കാൻ നാം ദൈവത്തോട് ചേർന്ന് ഒത്തുപിടിക്കണം.

ഓണച്ചന്തയിൽ സജീവമായി പങ്കെടുത്തും സാധനങ്ങൾ സംഭാവനയായി നൽകി സഹായിച്ചും സംരംഭം വിജയമാക്കി തന്ന ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു. എല്ലാറ്റിനും ഉപരി സർവ്വനാഥനായ ദൈവത്തിനു നന്ദി കരേറ്റിക്കൊണ്ട്

ദുശ്ശീലങ്ങൾ അകറ്റുവാൻ നമുക്കു കഴിയുമോ? ഈ വിഷയത്തെക്കുറിച്ചു ഈ ലക്കത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു. പലപ്രാവശ്യം ഒരു പ്രവൃത്തി ആവർത്തിക്കുമ്പോൾ അതു നമ്മുടെ ശീലമായി മാറുന്നു. ശീലങ്ങളുടെ ആകെത്തുകയാണ് നമ്മുടെ സ്വഭാവം. സ്വഭാവമാണ് നമ്മുടെ വ്യക്തിത്വത്തിന്റെ കാതൽ. ചിന്തയിൽ നിന്നു പ്രവൃത്തിയും പ്രവൃത്തിയിൽ നിന്നു ശീലവും ഉരുവാകുന്നു. നമ്മുടെ ദുശ്ശീലങ്ങളെപ്പറ്റി ബോധമതികളാണെങ്കിലും അവയെ അകറ്റുവാൻ നമുക്കു പറ്റുന്നില്ല. പുകവലി ഹാനികരമാണെന്ന് നമുക്കറിയാം. പക്ഷേ അതുനിർത്തുവാൻ എത്ര ശ്രമിച്ചിട്ടു കഴിയുന്നില്ല. ഇതു തന്നെയാണ് മദ്യപാനത്തിന്റെ കാര്യത്തിലും. മുൻകോപം, അതുവരുത്തിവെക്കുന്ന വിന, കലഹങ്ങൾ, വാക്കുതർക്കം, കയ്യേറ്റം എന്തിനും ഏതിനും വീട്ടിലായാലും നാട്ടിലായാലും കയറി വഴക്കിടുന്ന സ്വഭാവം, ഇതും നല്ലതല്ല എന്നറിയാമെങ്കിലും നിർത്തുന്നതിന് കഴിയുന്നില്ല എന്ന് തോന്നിയേക്കാം.

കുടുംബത്തിൽ ആവശ്യമുള്ളതിനും ഇല്ലാത്തതിനും കലഹമുണ്ടാക്കി നാശനഷ്ടങ്ങൾ വരുത്തിവെക്കുന്ന ഒരാളുടെ വീട്ടിലേക്ക് തത്സമയം ഒരു അതിഥി കടന്നു വരുമ്പോൾ പൊടുന്നനെ 'സഡൻബ്രേക്ക്' ഇട്ട് അന്തരീഷം ശാന്തമാകുന്നതായി കാണാം. ഇത് എന്താണ് സൂചിപ്പിക്കുന്നത്? ഏതുശീലവും വേണമെങ്കിൽ നമുക്കു നിയന്ത്രിക്കാൻ കഴിയും എന്നു തന്നെയാണ്.

# പൗരസ്ത്യനാദം വിവാഹവേദി

## വരനെ ആവശ്യമുണ്ട്

R.311 യുവതി വയസ്സ് 24, ഉയരം 5'2, M.Sc. Applied, Psycology താത്പര്യമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9387602049, 9744961147.

## വധുവിനെ ആവശ്യമുണ്ട്

R.304 യുവാവ് വയസ്സ് 31 ഉയരം 5'9. M.Com. അക്കൗണ്ടന്റായി തൃശ്ശൂരിൽ ജോലി ചെയ്യുന്നു. താതപര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു, ഫോൺ: 9048145914, 8891462364.

R.309 യുവാവ് വയസ്സ് 26, ഉയരം 174 സെ.മീ, B.Tech Computer Science, UK Company (Clipped) - ൽ Software Engineer ആയി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447503837

R.312 യുവാവ് വയസ്സ് 28, ഉയരം 5'7, B.Tech, Mechanical Planning Engineer - panjab. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447619864.

R.313 യുവാവ് 30, ഉയരം 5'6. ബികോം. സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. താത്പര്യമുള്ള യുവതികളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9895569403, 9447671791.

R.308 യുവാവ് 29, 5'7, Plus Two and ITC in Electrical and Plumbing. കല്യാൺ ജ്വല്ലറിയിൽ പത്തനംതിട്ട ബ്രാഞ്ചിൽ സെയിൽസ്മാൻ ആയി ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നുഫോൺ: 9746246547, 7907789132.

R.299 യുവാവ് വയസ്സ് 30 ഉയരം 5'8. ഡിപ്ലോമ. സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. താതപര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു, ഫോൺ: 9446082130, 9400982130.

R.297 യുവാവ് വയസ്സ് 28 ഉയരം 5'5. B.Tech Mechanical Engineering. ബാംഗ്ലൂരിൽ പ്രൊജക്ട് മാനേജർ ആയി ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 7558871919, 9961725171.

R.314 യുവാവ് 34 5'5, ബി.എ. എക്കണോമിക്സ്, വിദേശത്ത് ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9744529837.

R.315 യുവാവ് 28, 5'7, B.Tech Mechanical Engineering and Automobile - Service Advisor ആയി ഒരു സ്വകാര്യ സ്ഥാപനത്തിൽ തൃശ്ശൂരിൽ ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447722878.




Mar Narsai Press
High Road, Thrissur-680 001
marnarsaipresstcr@gmail.com
0487 - 2420331 94 95 60 43 31

DTP
Flex Designing
Laser Designing
Wedding Cards
Momento Works
Binding
Cutting
Offset Printing
Screen Printing

All Type of Printing Solution



**കാൽഡിയൻ സെന്റർ**




*കാൽഡിയൻ സെന്റർ ചുരുങ്ങിയ നിരക്കിൽ പരിപാടികൾക്കായി ഹാൾ ബുക്ക് ചെയ്യുന്നതിന് ബന്ധപ്പെടേണ്ട നമ്പർ:* ***8547609547, 0487 2428274, 9495852022.***

# 40-ാം ചരമദിനം
# 02-10-2022



ജനനം: 14-03-1933 മരണം: 24-08-2022

## കണ്ണമ്പുഴ വള്ളൂപ്പാറ ജോസഫ്
## ഭാര്യ എൽസി

(തലോക്കാരൻ ലോനപ്പൻ മകൾ)

സന്തപ്തകുടുംബാംഗങ്ങൾ

RNI. No. KERMAL/1999/00897
Posted at Trichur R.M.S.
Date of Publishing - 15th September- 2022. Rs.10/-

# 1 –ാം ചരമവാർഷികം
# 10–09–2022



## കണ്ണമ്പുഴ മണ്ണുത്തി തോമ മകൻ
# പോൾസൺ

ജനനം: 24–04–1939 മരണം: 10–09–2021

കണ്ണമ്പുഴ മണ്ണുത്തി ഹൗസ്, കുരിയച്ചിറ, തൃശ്ശൂർ
ഫോൺ: 0487 2250207

ഭാര്യ, മക്കൾ, മരുമക്കൾ, പേരകുട്ടികൾ

Printed & Published by Sri. C.L. Tenny on behalf of Board of Central Trustees, Chaldean Syrian Church of the East.
Printed at Mar Narsai Press, Mar Timotheus High Road, Thrissur-1. Ph: 2420331 Email: pourasthyanadham@gmail.com
Edited by Fr. Jos Jacob Vengassary